കേരള സർക്കാർ

LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

# തദ്ദേശകം

പുസ്തകം 1 ലക്കം 1 ഫെബ്രുവരി 2025

## ചേർത്തുനിർത്തി തദ്ദേശ അദാലത്തുകൾ

## അതിദരിദ്രരില്ലാത്ത കേരളം



## മാറുന്ന കേരളത്തിന് പുതിയ തദ്ദേശകം


ബ്രഹ്മപുരം അന്ന്


ബ്രഹ്മപുരം ഇന്ന്



തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ

# തദ്ദേശകം

ഫെബ്രുവരി 2025 പുസ്തകം 1 ലക്കം 1

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

**ഉപദേശകസമിതി**

**ചെയർമാൻ**
എം. ബി. രാജേഷ്
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

**കൺവീനർ**
സീറാം സാംബശിവ റാവു ഐ.എ.എസ്.
പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ.

**അംഗങ്ങൾ**
ഡോ. ഷർമിള മേരി ജോസഫ് ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, ത.സ്വ.ഭ.വ.
ഡോ. ദിനേശൻ ചെറുവാട്ട് ഐ.എ.എസ്.
ഡയറക്ടർ, എൽ എസ് ജി ഡി (റൂറൽ)
സൂരജ് ഷാജി ഐ.എ.എസ്.
ഡയറക്ടർ, എൽ എസ് ജി ഡി (അർബൻ)
എ. നിസാമുദ്ദീൻ ഐ.എ.എസ്.,
ഡയറക്ടർ, കില
ഷിജി ഇ. ചന്ദ്രൻ, ചീഫ് ടൗൺ പ്ലാനർ
സന്ദീപ് കെ. ജി., ചീഫ് എഞ്ചിനിയർ
എം.പി. അജിത് കുമാർ, അഡിഷണൽ ഡയറക്ടർ
കെ.എം. ഉഷ
പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
ബി.പി. മുരളി,
പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
കെ.ജി. രാജേശ്വരി
ചെയർപേഴ്സൺ,
ജില്ലാ പഞ്ചായത്ത് പ്രസിഡൻസ് ചേംബർ
എം. കൃഷ്ണദാസ്
ചെയർമാൻ, ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമാൻ
അനിൽകുമാർ എം.
പ്രസിഡന്റ്, മേയേഴ്സ് കൗൺസിൽ
സെക്രട്ടറി,
പ്രസ്ക്ലബ്ബ്, തിരുവനന്തപുരം
ദീപ കെ.
ചീഫ് ഓഫീസർ, കമ്മ്യൂണിക്കേഷൻ
& പബ്ലിക് റിലേഷൻസ്
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്

**എഡിറ്റർ**
ദീപ കെ.
ചീഫ് ഓഫീസർ, കമ്മ്യൂണിക്കേഷൻ
& പബ്ലിക് റിലേഷൻസ്

**അസിസ്റ്റന്റ് എഡിറ്റർ**
ദിനിൽ ആർ.
സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ

**സർക്കുലേഷൻ മാനേജർ**
ജയപ്രകാശ് കെ.
അസിസ്റ്റന്റ് കമ്മ്യൂണിക്കേഷൻ ആഫീസർ

**കവർ & ലേ ഔട്ട്**
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ, വഴുതക്കാട്

**ഓഫീസ്**
കമ്മ്യൂണിക്കേഷൻ & പബ്ലിക് റിലേഷൻസ്
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ പി. ഒ., തിരുവനന്തപുരം 03
prmdp2020@gmail.com

## എഡിറ്റോറിയൽ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ ഒട്ടേറെ മാറ്റങ്ങളാണ് സംസ്ഥാനത്ത് ഉണ്ടായിരിക്കുന്നത്. കെ-സ്മാർട്ടും അതിദാരിദ്ര്യ നിർമ്മാർജനത്തിനുള്ള പ്രവർത്തനങ്ങളും ഡിജി കേരളവും മാലിന്യമുക്ത കേരളത്തിനുള്ള കൂട്ടായ പ്രവർത്തനങ്ങളും നമ്മുടെ നാടിനെ വികസിത രാജ്യങ്ങൾക്ക് സമാനമായി മാറ്റിക്കഴിഞ്ഞു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഏകീകരണം ഈ മാറ്റങ്ങൾക്ക് ചുക്കാൻ പിടിച്ചിട്ടുണ്ട്. കേരളത്തിലെ അധികാര വികേന്ദ്രീകരണം കൂടുതൽ കാര്യക്ഷമവും ജനോപകാരപ്രദവുമാക്കുന്നതിന് ഏകീകരണം വഴിതെളിച്ചു.

പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര ഗ്രാമാസൂത്രണം, എഞ്ചിനീയറിങ് എന്നീ വകുപ്പുകൾ സംയോജിപ്പിച്ചാണ് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകൃതമായത്.

അതിദരിദ്രരില്ലാത്ത കേരളം എന്ന സ്വപ്നലക്ഷ്യത്തിലേക്ക് ഇനി ഏതാനും ചുവടുകൾ മാത്രം. കെ-സ്മാർട്ടിലൂടെ പൂർണ്ണമായും ഡിജിറ്റലായി സേവനങ്ങൾ ജനങ്ങളിലെത്തിക്കാൻ വകുപ്പിന് കഴിയും. ഗ്രാമവും നഗരവും തമ്മിലുള്ള അതിർവരമ്പുകൾ നേർത്ത് നഗര-ഗ്രാമ വ്യത്യാസം ഇല്ലാതാകുന്ന കേരളത്തിന് പുതിയ നഗരവികസന നയം കൊണ്ടുവരാൻ നഗരനയ കമ്മീഷന്റെ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞു. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിശോധിച്ച് ആവശ്യമായവ നടപ്പിലാക്കുന്നതിലൂടെ കേരളത്തിന്റെ മുഖഛായ തന്നെ മാറിമറിയും. ഈ വലിയ മുന്നേറ്റങ്ങളെ സാക്ഷ്യപ്പെടുത്താനായി വകുപ്പിന്റെ പ്രസിദ്ധീകരണവും '**തദ്ദേശകം**'എന്ന പുതിയ പേരിൽ പുറത്തിറങ്ങുകയാണ്. നേരത്തേ ഉണ്ടായിരുന്ന 'ഗ്രാമഭൂമി', 'പഞ്ചായത്ത്‌രാജ്' എന്നീ പ്രസിദ്ധീകരണങ്ങൾ സംയോജിപ്പിച്ചാണ് തദ്ദേശകം പൊതുജനങ്ങളിലെത്തുന്നത്.

പൊതുജനങ്ങളുമായി ഏറ്റവും കൂടുതൽ ഇടപഴകുന്ന വകുപ്പെന്ന നിലയിൽ പുതിയ സേവനങ്ങൾ, പുതുക്കിയ ഉത്തരവുകൾ, വകുപ്പിന്റെ മറ്റ് പ്രവർത്തനങ്ങൾ, ബോധവൽക്കരണം തുടങ്ങി ഒട്ടേറെ മേഖലകളിൽ പൊതുജനങ്ങളുമായി സംവദിക്കാൻ തദ്ദേശകം മാസികയ്ക്ക് കഴിയുമെന്നാണ് പ്രതീക്ഷ.

**ദീപ കെ.**
എഡിറ്റർ

തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ

# തദ്ദേശകം

ഫെബ്രുവരി 2025 പുസ്തകം 1 ലക്കം 1








## ഉള്ളടക്കം

**മാറുന്ന കേരളത്തിന് പുതിയ തദ്ദേശകം**
എം. ബി. രാജേഷ് 5

**അതിദരിദ്രരില്ലാത്ത സ്വപ്നനേട്ടത്തിലേക്ക് കേരളം**
സീറാം സാംബശിവ റാവു ഐ.എ.എസ്. 12

**അന്ന് രാത്രിയിൽ, മേപ്പാടിയിൽ**
നൗഷാദ് അലി 18

**പരാതിക്കാരെ ചേർത്തുപിടിച്ച് മന്ത്രി**
**ചരിത്രംകുറിച്ച് തദ്ദേശ അദാലത്തുകൾ**
ദീപ കെ. 21

**നമസ്തേ പദ്ധതി**
ആര്യ വി.ജെ. 25

**വനിതാ ജംഗ്ഷൻ - വനിതാ വികസനത്തിന്റെ വേറിട്ടൊരു മാതൃക**
ഹസൈൻ എം. മിന്നത്ത് 27

**വിജ്ഞാന കേരളം**
ദിനിൽ ആർ. 30

**തദ്ദേശ വാർത്തകൾ** 33

**പ്രധാന ഉത്തരവുകൾ** 39




# മാറുന്ന കേരളത്തിന് പുതിയ തദ്ദേശകം

**എം. ബി. രാജേഷ്**
തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ രണ്ടു പ്രസിദ്ധീകരണങ്ങളായ 'ഗ്രാമഭൂമി'യും പഞ്ചായത്തിരാജും സംയോജിപ്പിച്ച് "തദ്ദേശകം" എന്ന പുതിയ പ്രസിദ്ധീകരണം ആരംഭിച്ചിരിക്കയാണ്. വിവിധ വകുപ്പുകളായി പ്രവർത്തിച്ചിരുന്ന തദ്ദേശ സ്വയംഭരണ സംവിധാനത്തെ ഒറ്റ വകുപ്പായി ഏകോപിപ്പിക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടി വലിയ മാറ്റങ്ങളാണ് ആ മേഖലയിൽ ഉണ്ടാക്കിയത്. കൂടുതൽ ഏകോപനത്തോടെയുള്ള ഫലപ്രദമായ പ്രവർത്തനത്തിന് വകുപ്പ് ഏകീകരിക്കൽ സഹായകമായി. തദ്ദേശ സ്വയംഭരണ വകുപ്പിൽ ഇ-ഗവേണൻസ് നടപ്പാക്കുന്നതുമൂലം ജനങ്ങൾക്ക് അതിവേഗം സേവനങ്ങൾ ലഭിക്കുകയും ചെയ്യുന്നു. മാറുന്ന കാലത്തിനൊപ്പം തദ്ദേശ സ്വയംഭരണ വകുപ്പും സ്വയം നവീകരിക്കപ്പെടുകയാണ്. ഈ മാറ്റങ്ങളെല്ലാം പ്രതിഫലിപ്പിക്കുന്ന വിധം വകുപ്പിന്റെ മുഖപ്രസിദ്ധീകരണവും പരിഷ്കരിക്കുകയാണ്. അതിന്റെ ഭാഗമായാണ് "തദ്ദേശകം" എന്ന പുതിയ പ്രസിദ്ധീകരണം.

പ്രാദേശിക സർക്കാരുകളായി പ്രവർത്തിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിപുലമായ അധികാരവും ധനവും വികേന്ദ്രീകരിച്ച് നൽകിയ സംസ്ഥാനമാണ് കേരളം. ഇതുപയോഗിച്ച് പ്രാദേശിക വികസനവും ജനങ്ങൾക്കുള്ള നിരവധി സേവനങ്ങളും നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമ്പത്തുൽപാദന രംഗത്തും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും മികച്ച പ്രവർത്തനങ്ങൾ നടത്തുന്നതിന് കേരളം സാക്ഷ്യം വഹിക്കുകയാണ്. ജനങ്ങളുടെ നിത്യജീവിതവുമായി ഇത്ര അഭേദ്യമായി ബന്ധപ്പെടുന്ന മറ്റൊരു വകുപ്പില്ല. അതിന്റെ സജീവതയും സങ്കീർണതയും ഒരേപോലെ അനുഭവിക്കുന്ന വകുപ്പാണിത്. എന്നാൽ കൂടുതൽ മെച്ചപ്പെട്ട സേവനവും പ്രവർത്തനവും നൽകാനുള്ള നിരന്തരമായ നവീകരണം വകുപ്പ് നടത്തുന്നുണ്ട്.

ഇതുവരെ കേരളം ഗൗരവമായി എടുക്കാതിരുന്ന നിരവധി പ്രശ്നങ്ങൾ നമുക്ക് മുന്നിൽ വലിയ വെല്ലുവിളികളുയർത്തി നിൽക്കുന്നുണ്ട്. മാലിന്യ പരിപാലനം ഒരുദാഹരണം മാത്രം. 10 വർഷം മുമ്പ് കേരളമാകെ ഇതൊരു വലിയ പ്രശ്നമായിരുന്നില്ല. വലിയ നഗരങ്ങളിൽ മാത്രം ഉണ്ടായിരുന്ന പ്രശ്നമായിരുന്നു അത്. ഇന്ന് നഗര, ഗ്രാമ വ്യത്യാസമില്ലാതെ കേരളമാകെ ഏറ്റെടുക്കേണ്ടിവരുന്ന പ്രശ്നമാണ് മാലിന്യ പരിപാലനം. കേരളത്തെ



മാലിന്യമുക്തമാക്കാനുള്ള ബൃഹത്തായ ഒരു പരിപാടിയായി "മാലിന്യമുക്തം നവകേരളം" സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. 2025 മാർച്ച് മാസത്തിൽ കേരളത്തെ സമ്പൂർണ മാലിന്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കാനുള്ള ദ്രുതഗതിയിലുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്.

> ഇ-ഗവേണൻസ് രംഗത്ത് വിപ്ലവകരമായ മാറ്റം സാധ്യമാക്കിയ കെ-സ്മാർട്ട് ഏപ്രിൽ മുതൽ ത്രിതല പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കും.

## അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി

രണ്ടാം പിണറായി സർക്കാരിന്റെ സുപ്രധാന പദ്ധതികളിലൊന്നായാണ് അതിദാരിദ്ര്യ നിർമാർജന പദ്ധതി പ്രഖ്യാപിച്ചത്. രാജ്യത്ത് ഏറ്റവും കുറവ് ദരിദ്രരുള്ള സംസ്ഥാനമാണ് കേരളം. 2025 നവംബർ 1 ആകുമ്പോഴേക്കും അതിദരിദ്രരില്ലാത്ത കേരളമെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. വികസിത രാജ്യങ്ങൾക്കു പോലും കൈവരിക്കാൻ കഴിയാത്ത നേട്ടമാകും ഇത്. ഭക്ഷണം, വാസസ്ഥലം, ആരോഗ്യം, വരുമാനം എന്നീ ക്ലേശഘടകങ്ങൾ അടിസ്ഥാനമാക്കി നടത്തിയ സർവേയിലൂടെ കണ്ടെത്തിയ 64006 കുടുംബങ്ങളിൽ ഇതിനകം 46842 കുടുംബങ്ങളെ (73.18 ശതമാനം) അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിച്ചു. ഇനി 17164 കുടുംബങ്ങളെ കൂടി ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റും.

ഭക്ഷണം, ആരോഗ്യം എന്നിവ സംബന്ധിച്ച സേവനം എല്ലാവർക്കും നൽകുന്നു. വരുമാനം എല്ലാവർക്കും ഉറപ്പുവരുത്താനുള്ള ശ്രമങ്ങൾ അവസാനഘട്ടത്തിലാണ്. സുരക്ഷിതമായ വാസസ്ഥലം ഒരുക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അതിദരിദ്ര കുടുംബങ്ങൾക്കായി 56697 മൈക്രോ പ്ലാനുകളാണ് തയാറാക്കിയത്.

"അവകാശം അതിവേഗം" എന്ന പേരിൽ 21263 അതിദരിദ്രർക്ക് അവകാശ രേഖകൾ നൽകി. ആധാർ കാർഡ്, റേഷൻ കാർഡ്, തെരഞ്ഞെടുപ്പ് കമ്മീഷന്റെ തിരിച്ചറിയൽ കാർഡ് എന്നിവയും ആരോഗ്യ ഇൻഷുറൻസ്, സാമൂഹ്യ സുരക്ഷാ പെൻഷൻ എന്നിവക്കുള്ള രേഖകളുമാണ് ഇങ്ങനെ നൽകിയത്. തൊഴിലുറപ്പ് പദ്ധതിയിൽ ചേർന്ന് തൊഴിൽ ചെയ്യാൻ കഴിയുന്ന കുടുംബങ്ങൾക്ക് തൊഴിൽ കാർഡുകളും നൽകിയിട്ടുണ്ട്.

വീട് മാത്രം ആവശ്യമുള്ള 2847 പേർക്ക് വീട് നിർമിച്ചു നൽകി. വസ്തുവും വീടും ആവശ്യമുള്ള 530 കുടുംബങ്ങൾക്കുള്ള വീട് നിർമാണവും പൂർത്തിയായി. 3566 വീടുകളുടെ പുനരുദ്ധാരണം നടന്നു. 38 കുടുംബങ്ങളെ അവരുടെ വീട് നിർമാണം പൂർത്തിയാകുന്നതുവരെ വാടകവീടുകളിൽ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്.

അതിദരിദ്ര പട്ടികയിൽ ഭക്ഷണം ആവശ്യമുണ്ടെന്ന് കണ്ടെത്തിയതിൽ, സ്വന്തമായി ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ കഴിയുന്ന 20792 കുടുംബങ്ങൾക്ക് ഭക്ഷ്യവസ്തുക്കൾ അടങ്ങിയ കിറ്റുകൾ നൽകുന്നു. സ്വന്തമായി ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ കഴിയാത്ത 2212 കുടുംബങ്ങൾക്ക് ജനകീയ ഹോട്ടലുകൾ, സാമൂഹ്യ അടുക്കളകൾ എന്നിവ വഴിയാണ് പാകം ചെയ്ത ഭക്ഷണം എത്തിക്കുന്നത്. ഇവ തടസമില്ലാതെ ലഭിക്കുന്നുവെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തുന്നു. ആരോഗ്യ സേവനങ്ങൾ ആവശ്യമുള്ള 29912 പേർക്ക് മരുന്നുകൾ ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നു. 5130 പേർക്ക് പാലിയേറ്റിവ് ചികിത്സ നൽകുന്നുണ്ട്. 394 പേർക്ക് ആരോഗ്യ സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ലഭ്യമാക്കി. അവയവം മാറ്റിവെക്കൽ ആവശ്യമായിവന്ന ഏഴ് പേർക്ക് അതിനാവശ്യമായ സഹായങ്ങൾ നൽകി.

അതിദരിദ്ര വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന പഠനോപകരണങ്ങൾ, കുട, ബാഗ്, ഉച്ചഭക്ഷണം, പഠനത്തിന് ആവശ്യമായ സൗകര്യങ്ങൾ എന്നിവ നൽകുന്നു. 1767 വിദ്യാർത്ഥികൾക്ക് കെ എസ് ആർ ടി സി / സ്വകാര്യ ബസുകളിൽ സൗജന്യ യാത്രക്ക് പാസ് അനുവദിച്ചു. തീരദേശവാസികളായ അതിദരിദ്രർക്ക് ഭക്ഷണം, മരുന്ന് എന്നിവയും വീട് ആവശ്യമുള്ളവർക്ക് പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി വീടും അനുവദിച്ചു.

## ലൈഫ് ഭവന പദ്ധതി

ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ മറ്റൊരു അഭിമാന പദ്ധതിയാണ് ലൈഫ് ഭവന പദ്ധതി. ഭവനരഹിതരില്ലാത്ത കേരളം എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഇതിനകം 5,39,042 വീടുകൾ ലൈഫ് പദ്ധതി പ്രകാരം അനുവദിച്ചതിൽ 4,27,736 വീടുകൾ പൂർത്തിയാക്കി. 1,11,306 വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

## കെ-സ്മാർട്ട് ഏപ്രിൽ മുതൽ മുഴുവൻ ത്രിതല പഞ്ചായത്തുകളിലും

ഇ-ഗവേണൻസ് രംഗത്ത് വിപ്ലവകരമായ മാറ്റം സാധ്യമാക്കിയ കെ-സ്മാർട്ട് ഏപ്രിൽ മുതൽ ത്രിതല പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കും.

2024 ജനുവരി ഒന്നുമുതൽ സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും കെ-സ്മാർട്ട് വിജയകരമായി പ്രവർത്തിക്കുന്നുണ്ട്, ഇതാണ് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുന്നത്.

കെ-സ്മാർട്ട് പഞ്ചായത്തുകളിൽ കൂടി വിന്യസിക്കുന്നതോടെ ഇ-ഗവേണൻസ് രംഗത്ത് കേരളത്തിന്റെ കുതിച്ചുചാട്ടമാകും ദൃശ്യമാവുക. ഇതിനകം തന്നെ ദേശീയ തലത്തിൽ കെ-സ്മാർട്ട് ശ്രദ്ധ നേടിക്കഴിഞ്ഞിട്ടുണ്ട്. തദ്ദേശ സ്ഥാപന ഓഫീസുകളിലെത്താതെ തന്നെ ഓൺലൈനിൽ എല്ലാ സേവനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കാനാവുന്ന സംവിധാനം പൊതുജനങ്ങൾക്ക് ഏറെ പ്രയോജനപ്രദമാകും. ജീവനക്കാരുടെ ജോലിഭാരം വൻതോതിൽ കുറയ്ക്കാനും കെ-സ്മാർട്ടിന് കഴിയും. സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലെയും 152 ബ്ലോക്ക് പഞ്ചായത്തിലെയും 14 ജില്ലാ പഞ്ചായത്തിലെയും ജീവനക്കാർക്കുള്ള വിപുലമായ പരിശീലന പരിപാടി ആരംഭിച്ചു.

ഡിജിറ്റൽ ഫയൽ മാനേജ്മെന്റ്, കോൺഫിഗറേഷൻ മൊഡ്യൂൾ, സിവിൽ രജിസ്ട്രേഷൻ, പ്രോപ്പർട്ടി ടാക്സ്, റൂൾ എഞ്ചിനോട് കൂടിയ ബിൽഡിംഗ് പെർമിറ്റ്, പബ്ലിക് ഗ്രീവൻസ്, വാടക/പാട്ടം, പ്രൊഫഷണൽ ടാക്സ്, പാരാമെഡിക്കൽ ട്യൂട്ടോറിയൽ രജിസ്ട്രേഷൻ, പെറ്റ് ലൈസൻസ്, പ്ലാൻ ഡെവലപ്മെന്റ്, സേവന പെൻഷൻ, നോ യുവർ ലാൻഡ്, മൊബൈൽ ആപ്പ് എന്നീ സൌകര്യങ്ങളോടെയാകും കെ-സ്മാർട്ട് ഗ്രാമപഞ്ചായത്തുകളിൽ വിന്യസിക്കുന്നത്.

2024 ജനുവരി ഒന്നുമുതൽ സംസ്ഥാനത്തെ നഗരസഭകളിൽ വിന്യസിച്ച കെ-സ്മാർട്ടിലൂടെ ഇതിനകം 27.31 ലക്ഷം ഫയലുകളാണ് പ്രോസസ് ചെയ്തത്. ഇതിൽ 20.37 ലക്ഷം ഫയലുകളും തീർപ്പാക്കിയിട്ടുണ്ട്. 74.6 ശതമാനം ഫയലുകളാണ് തീർപ്പാക്കിയത്.

## സ്ഥിരം അദാലത്ത്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ കാരണങ്ങളാൽ സമയബന്ധിത സേവനം ലഭിക്കുന്നതിൽ ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സിറ്റിസൺ അസിസ്റ്റന്റ് എന്ന പേരിൽ സ്ഥിരം അദാലത്ത് സംവിധാനം ഏർപ്പെടുത്തി. സാങ്കേതിക ഭരണ വിഭാഗങ്ങളിലെ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥരെ തന്നെ ഉൾപ്പെടുത്തിക്കൊണ്ടാണ് താലൂക്ക്, ജില്ല, സംസ്ഥാന തലങ്ങളിൽ അദാലത്ത് പ്രവർത്തിക്കുന്നത്. adalat.lsgkerala.gov.in എന്ന വെബ് പോർട്ടൽ വഴി ഏതൊരാൾക്കും വളരെ എളുപ്പത്തിൽ ആക്ഷേപങ്ങൾ സമർപ്പിക്കാവുന്നതും തീരുമാനങ്ങൾ അറിയാൻ സാധിക്കുന്നതുമാണ്.

## തദ്ദേശ അദാലത്ത്

സ്ഥിരം അദാലത്ത് സംവിധാനത്തിന്റെ തുടർച്ചയായി തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എന്ന നിലയിൽ നേരിട്ട് പങ്കെടുത്തുകൊണ്ട് എല്ലാ ജില്ലകളിലും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കോർപ്പറേഷൻ തലങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുമ്പാകെ തീർപ്പാകാതെ കിടക്കുന്ന വിവിധ വിഷയങ്ങളിലെ പരാതികൾ പരിഹരിക്കാൻ തദ്ദേശ അദാലത്ത് നടത്തി. അദാലത്തുകളിൽ ആകെ ലഭിച്ച 17288 പരാതികളിൽ 15643 എണ്ണവും തീർപ്പാക്കി.

## മാലിന്യമുക്തം നവകേരളം

2025 മാർച്ച് 30നകം മാലിന്യമുക്തമായ നവകേരളം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 2023 മാർച്ച് മാസവുമായി താരതമ്യം ചെയ്താൽ 2024 നവംബർ മാസം വരെ സ്ഥാപനങ്ങളിൽ നിന്നും വീടുകളിൽ നിന്നുമുള്ള വാതിൽപ്പടി ശേഖരണം 47 ശതമാനത്തിൽ നിന്നും 89 ശതമാനമായി വർദ്ധിച്ചു. യൂസർ ഫീ ശേഖരിക്കുന്നത് ഇക്കാലയളവിൽ 34.9% ത്തിൽ നിന്നും 72% മായി ഉയർന്നു. മിനി എംസിഎഫുകൾ 7446ൽ നിന്നും 19447 ആയി വർദ്ധിച്ചു. എം സി എഫുകൾ 1160ൽ നിന്നും 1323 ആയും ആർ ആർ എഫുകൾ 87ൽ നിന്നും 190 ആയും വർദ്ധിച്ചു. ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം 33378ൽ നിന്നും 37363 ആയി. എംപാനൽ ചെയ്ത സ്വകാര്യ ഏജൻസികൾ 74ൽ നിന്നും 118 ആയി. 3557 സിസിടിവി ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തി. ഇതുവരെ സ്ഥാപിച്ച വേസ്റ്റ് ബിന്നുകൾ 32410. ആകെയുള്ള 59 മാലിന്യക്കുനകളിൽ 24 എണ്ണം പൂർണമായും നീക്കം ചെയ്തു. ബ്രഹ്മപുരം ഉൾപ്പെടെ 10 എണ്ണത്തിലെ പണി അവസാനഘട്ടത്തിലാണ്. ബാക്കിയുള്ള സ്ഥലത്ത് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വിവിധതരം മാലിന്യങ്ങൾ സംസ്കരിക്കാൻ സംവിധാനങ്ങളും സൌകര്യങ്ങളും ഒരുക്കി.

ജാഥകൾ, സമ്മേളനങ്ങൾ, ഉത്സവങ്ങൾ തുടങ്ങിയ പൊതു പരിപാടികളുടെ ഭാഗമായുള്ള കൊടിതോരണങ്ങൾ, നോട്ടീസുകൾ, വെള്ളക്കുപ്പികൾ, ഭക്ഷണാവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള

> **394 പേർക്ക് ആരോഗ്യ സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ലഭ്യമാക്കി. അവയവം മാറ്റിവെക്കൽ ആവശ്യമായി വന്ന ഏഴ് പേർക്ക് അതിനാവശ്യമായ സഹായങ്ങൾ നൽകി.**



മാലിന്യം പൊതുസ്ഥലങ്ങളിലേക്ക് വലിച്ചെറിയാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കും. ഇത് സംബന്ധിച്ച് പാലിക്കേണ്ട നിബന്ധനകൾ സംഘാടകരെ മുൻകൂട്ടി അറിയിക്കും.

വിദ്യാലയങ്ങളെ വലിച്ചെറിയൽ മുക്തം ആക്കുന്നതിനുവേണ്ടി പൊതു-ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ കണക്കെടുപ്പ് 11465 സ്കൂളുകളിലും, 169കോളേജുകളിലും പൂർത്തിയാക്കി. ഗതാഗത വകുപ്പ്, വിനോദസഞ്ചാര വകുപ്പ്, ഫിഷറീസ്, ആരോഗ്യ വകുപ്പ് തുടങ്ങി മറ്റ് വകുപ്പുകളും ഇതിനായുള്ള വിപുലമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് മുന്നോട്ട് പോകുന്നു.

## കുടുംബശ്രീ

ദാരിദ്ര്യനിർമാർജനത്തിനായി രൂപംകൊണ്ട കുടുംബശ്രീ ലോകത്തിലെ തന്നെ ഏറ്റവും ബൃഹത്തായ വനിതാ കൂട്ടായ്മയായി മാറുകയും കേരളത്തിന്റെ ഉൽപാദനമേഖലകൾക്കും സ്ത്രീകളുടെ ശാക്തീകരണത്തിനും വലിയ സംഭാവനകൾ നൽകുകയും ചെയ്യുന്നു. 3.17 ലക്ഷം അയൽക്കൂട്ടങ്ങളിലായി 48 ലക്ഷം വനിതകൾ കുടുബശ്രീയിൽ അംഗങ്ങളാണ്. ഗ്രാമീണ മേഖലയിലെ അഭ്യസ്തവിദ്യർക്ക് തൊഴിൽ ലഭ്യമാക്കാനുള്ള വലിയൊരു പ്രവർത്തനവും നടന്നുവരികയാണ്. തൊഴിലന്വേഷകർക്ക് തൊഴിലിലേക്കുള്ള വഴി സുഗമമാക്കാനുള്ള സമഗ്രമായ പദ്ധതിയാണ് നോളജ് എക്കണോമി മിഷൻ. 2026 നകം കേരളത്തിൽ 20 ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കാൻ ലക്ഷ്യമിട്ടുള്ള വലിയ പദ്ധതിയാണിത്. അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് താല്പര്യമുള്ള മേഖലകളിൽ തൊഴിൽ നൈപുണ്യം വർധിപ്പിക്കാനും ആഗോള തൊഴിലിടങ്ങളിൽ മികച്ച തൊഴിൽ കണ്ടെത്താൻ അവരെ പ്രാപ്തരാക്കാനുമുള്ള പദ്ധതിയാണിത്. കെ-ഡിസ്കിനാണ് നടത്തിപ്പ് ചുമതല.



## നഗര നയം-ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചു

അതിവേഗം നഗരവൽക്കരിക്കപ്പെടുന്ന കേരളത്തിന്റെ സന്തുലിതമായ പുരോഗതി അടുത്ത 25 വർഷത്തേക്ക് എന്തായിരിക്കണം എന്നത് സമഗ്രതയിൽ കണ്ടുകൊണ്ടുള്ള വ്യക്തമായ നിർദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് കേരള നഗര നയ കമ്മിഷന്റെ ഇടക്കാല റിപ്പോർട്ട്. രാജ്യത്ത് ആദ്യമായാണ് ഒരു സർക്കാർ ഇത്തരമൊരു റിപ്പോർട്ട് തയ്യാറാക്കുന്നത്. ബെൽഫസ്റ്റ്, ക്വീൻസ് സർവ്വകലാശാലയിലെ ഡോ. സതീഷ് കുമാർ അദ്ധ്യക്ഷനായ കമ്മിഷൻ ദേശീയ അന്തർദേശീയ തലത്തിൽ പ്രാഗൽഭ്യമുള്ള വിദഗ്ധരടങ്ങുന്ന ഒന്നാണ്. കമ്മിഷൻ റിപ്പോർട്ടിലെ നിർദേശങ്ങൾ സർക്കാർ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും.

നഗരം എവിടെ തുടങ്ങുന്നുവെന്നോ ഗ്രാമം എവിടെ അവസാനിക്കുന്നു എന്നോ തിരിച്ചറിയാൻ കഴിയാത്ത വിധത്തിൽ കേരളം മുഴുവൻ ഒരു നഗരമായി വികസിക്കുന്ന ഒരു പ്രവണത കമ്മിഷൻ സ്ഥിരീകരിക്കുന്നു. പശ്ചിമഘട്ടത്തിന് നേരെ കിഴക്കോട്ടും ഉത്തര മലബാറിലേക്ക് വടക്കോട്ടും പുതിയ നഗര ക്ലസ്റ്ററുകൾ രൂപപ്പെടുന്ന വിധത്തിലാണ് ഈ മാറ്റം സംഭവിക്കുന്നതെന്ന് 2050 വരെയുള്ള വികസനത്തിന്റെ സ്ഥലപരമായ (Spatial) പ്രവണതകൾ വിലയിരുത്തി കൊണ്ട് കമ്മിഷൻ അഭിപ്രായപ്പെടുന്നു.

സമഗ്രമായ ആസൂത്രണത്തെ (Integral Planning) സഹായിക്കുന്ന ഒട്ടേറെ നിർദേശങ്ങൾ കമ്മിഷൻ മുന്നോട്ട് വച്ചിട്ടുണ്ട്. നഗരവൽക്കരണത്തെ സമഗ്രതയിൽ കണ്ടുകൊണ്ടുള്ള ഒരു സമീപനമാണ് കമ്മിഷൻ സ്വീകരിച്ചിരിക്കുന്നത്. കേരളത്തിന്റെ ജനകീയ സംവിധാനങ്ങളായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി മാത്രമേ നഗരവൽക്കരണത്തിന്റെ പ്രശ്നങ്ങളും സാധ്യതകളും അഭിമുഖീകരിക്കാൻ കഴിയുള്ളൂ എന്ന് കമ്മിഷൻ വിലയിരുത്തുന്നു. മനുഷ്യാഭിമുഖ്യത്തോടെ തദ്ദേശ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ഒരു നഗരവൽക്കരണ നയം രൂപീകരിക്കുന്ന പ്രവർത്തനം ലോകത്ത് തന്നെ അപൂർവമായ ഒന്നാണെന്ന് കമ്മിഷൻ അഭിപ്രായപ്പെടുന്നു.

താഴെ പറയുന്ന 10 വിഷയ മേഖലകളെ അധികരിച്ച് നടത്തിയ പഠനങ്ങളിലൂടെയും ചർച്ചകളിലൂടെയും ശാസ്ത്രീയമായ ഡാറ്റാ വിശകലനത്തിലൂടെയുമാണ് കമ്മിഷൻ നിഗമനങ്ങളിലും ശുപാർശകളിലും എത്തിച്ചേർന്നിട്ടുള്ളത്.

1. നഗരവൽക്കരണം, സ്ഥലപരാസൂത്രണം, സ്ഥല അടിസ്ഥാന രൂപകൽപ്പനാ തന്ത്രങ്ങൾ (Urbanisation, Spatial Planning and Place-based Design Strategies).
2. ജനങ്ങൾ, സംസ്കാരം, പൈതൃകം (People, Culture & Heritage)

മനുഷ്യാഭിമുഖ്യത്തോടെ തദ്ദേശ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ഒരു നഗരവൽക്കരണ നയം രൂപീകരിക്കുന്ന പ്രവർത്തനം ലോകത്ത് തന്നെ അപൂർവമായ ഒന്നാണെന്ന് കമ്മിഷൻ അഭിപ്രായപ്പെടുന്നു.



3. ഭവനയോഗ്യമായ വാസസ്ഥലവും നിർമ്മിത പരിസ്ഥിതിയും (Habitat & Built Environment)
4. സുസ്ഥിര അടിസ്ഥാന സൗകര്യവും അടിസ്ഥാന സേവനങ്ങളും (Sustainable Infrastructure and Basic Services)
5. കാലാവസ്ഥാ മാറ്റങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്ന പ്രദേശങ്ങൾ (Climate resilient Places)
6. വളർച്ചാ ചാലകങ്ങൾ (Growth Drivers)
7. നഗര സമ്പദ്‌വ്യവസ്ഥയും പ്രാദേശിക സാമ്പത്തിക വികസനവും (Urban Economy and Local Economic Development)
8. ആരോഗ്യവും ക്ഷേമവും (Health & Well-being)
9. നവീനവും സുസ്ഥിരവുമായ നഗര ധനസഹായം (Innovative & Sustainable Urban Financing)
10. കൂട്ടായ്മയിലൂടെയുള്ള പ്രാദേശിക സ്വയം ഭരണം (Collective Local Self- Governance)

## ഇടക്കാല റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ

ഉടൻ ചെയ്യേണ്ടുന്നതും, ഹ്രസ്വ കാലത്ത് ചെയ്യേണ്ടതും ദീർഘകാല അടിസ്ഥാനത്തിൽ ചെയ്യേണ്ടതുമായ കാര്യങ്ങളാണ് കമ്മിഷൻ ശുപാർശകളായി സമർപ്പിച്ചിട്ടുള്ളത്. ഇടക്കാല റിപ്പോർട്ടിൻമേലുള്ള സർക്കാരിന്റെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് അന്തിമ റിപ്പോർട്ട് സമഗ്രമാക്കുന്നതിനുള്ള നിർദേശം കമ്മിഷൻ നല്കിയിട്ടുണ്ട്. ബഹു. ധന, വ്യവസായ, റവന്യൂ, ഉന്നത വിദ്യാഭ്യാസ മന്ത്രിമാരുമായും കമ്മിഷൻ ചർച്ച നടത്തിയിരുന്നു.

1. നഗര ഭരണത്തിലെ പ്രൊഫെഷണലൈസേഷൻ (സിറ്റി മാനേജ്മെന്റ് സിസ്റ്റം)
2. പദ്ധതികളുടെ കാര്യക്ഷമമായ ധനകാര്യ മാനേജ്മെന്റ് ഉറപ്പ് വരുത്തുന്നതിന് പ്രത്യേകമായ പദ്ധതി രൂപീകരണ ടീം.
3. കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങൾക്ക് മെട്രോ പൊളിറ്റൻ പ്ലാനിങ് കമ്മിറ്റി. അടുത്ത പത്തു വർഷത്തിനുള്ളിൽ കൊല്ലം, തൃശ്ശൂർ, കണ്ണൂർ എന്നീ നഗരങ്ങളിലും.
4. നഗരങ്ങളിൽ സംരംഭക വികസന കൗൺസിൽ (Business Development Council)
5. യുവതയ്ക്ക് 25 ശതമാനം സംവരണം
6. സംരംഭങ്ങളെയും സാങ്കേതിക- വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ബന്ധപ്പെടുത്തുന്നതിന് ജില്ലാ തല മാപ്പിങ്
7. മുനിസിപ്പാലിറ്റിയുടെ ചുമതലയിൽ പ്രത്യേക പ്രൊജെക്ടുകൾ നടപ്പാക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ.
8. നവകേരളം സ്ഥലപരാസൂത്രണ ഫ്രെയിം വർക്ക്. എല്ലാ നഗരസഭകളിലും സംയുക്ത ആസൂത്രണ കമ്മിറ്റി
9. സെൻസസ് നഗരങ്ങളിൽ നിന്നും സ്റ്റാറ്റ്യൂറ്ററി നഗരങ്ങളിലേക്കുള്ള മാറ്റം
10. കിലയിലൂടെ കോഴിക്കോട് NIT, CUSAT തുടങ്ങിയ സാങ്കേതിക സ്ഥാപനങ്ങളെ കണ്ണിചേർത്ത് സമഗ്ര വിവര വിശകലനം സാധ്യമാക്കുന്നതിനും നഗര ഭരണത്തെ സഹായിക്കുന്നതിനും എല്ലാ നഗരങ്ങളിലും നഗര നിരീക്ഷണ കേന്ദ്രങ്ങൾ ( Urban Observatory Units )
11. ഉന്നത നിലവാരമുള്ള സ്ഥല വികസന പദ്ധതികൾ
12. താങ്ങാനുള്ള ഭൂമിയുടെ ശേഷി പരിഗണിച്ച വ്യത്യസ്തങ്ങളായ FSI (Floor Space Index)
13. സംസ്ഥാനത്തെ മുഴുവൻ പൈതൃക കേന്ദ്രങ്ങളുടെയും പാരിസ്ഥിതികമായി പ്രത്യേകതയുള്ള സ്ഥലങ്ങളെയും പ്രത്യേകമായി ലിസ്റ്റ് ചെയ്യൽ
14. പലവിധ അപകട പ്രവചനങ്ങൾ നടത്താൻ കഴിയുന്ന നിലവിലുള്ള സ്മാർട്ട് കാലാവസ്ഥ മുന്നറിയിപ്പ് സംവിധാനം ശക്തിപ്പെടുത്തൽ
15. എല്ലാ നഗരങ്ങളുടെയും LiDar, GPR മാപ്പിങ്.

> **അതിവേഗം നഗരവൽക്കരിക്കപ്പെടുന്ന കേരളത്തിന്റെ സന്തുലിതമായ പുരോഗതി അടുത്ത 25 വർഷത്തേക്ക് എന്തായിരിക്കണം എന്നത് സമഗ്രതയിൽ കണ്ടുകൊണ്ടുള്ള വ്യക്തമായ നിർദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് കേരള നഗര നയ കമ്മിഷന്റെ ഇടക്കാല റിപ്പോർട്ട്.**




നഗര ക്ലസ്റ്ററുകളുടെ ഭൗമ സർവേ

16. കാലാവസ്ഥാ സൗഹൃദ അടിസ്ഥാന സൌകര്യ വികസന നിക്ഷേപം വർദ്ധിപ്പിക്കൽ. ധനകാര്യ മുൻകരുതൽ നടപടികൾ
17. വരൾച്ചാ മേഖലയിൽ സംയോജിത നീർത്തടാധിഷ്ഠിത പദ്ധതി നടപ്പാക്കൽ
18. അതീവ വെള്ളപ്പൊക്ക സാധ്യതാ പ്രദേശങ്ങളിൽ താല്ക്കാലിക flood barriers സ്ഥാപിക്കൽ
19. തൽസമയ വെള്ളപ്പൊക്ക സൂചനാ മാപിനികൾ സ്ഥാപിക്കൽ
20. പശ്ചിമഘട്ട സംരക്ഷണത്തിന് അഞ്ചു സംസ്ഥാനങ്ങൾ ചേർന്നുകൊണ്ടുള്ള സംയുക്ത പരിപാടികൾ
21. നാലുചക്ര വാഹനങ്ങളിലേക്ക് ആളുകൾ മാറുന്നതോടൊപ്പം decarbonise ചെയ്യുന്നതിനുള്ള സമീപനവും നടപടികളും
22. കോർപ്പറേഷനുകളിൽ മാൻഡേറ്ററി കാർബൺ ഓഡിറ്റ് സംവിധാനം സജ്ജമാക്കലും ഹരിത ചാക്രിക സമ്പദ് വ്യവസ്ഥയുടെ സാധ്യതകൾ കണ്ടെത്തുന്നതിനുള്ള സംവിധാനവും
23. നഗരങ്ങളിലെ വാഹനങ്ങൾക്ക് വാർഷിക ഹരിത ഫീസും വാങ്ങുമ്പോൾ ഒറ്റത്തവണ ഫീസും.
24. എൽഇഡി പദ്ധതികൾ തയ്യാറാക്കുന്നതിനായി നഗര തദ്ദേശസ്ഥാപനങ്ങൾക്ക് അധികാരം നൽകുക.
25. എല്ലാ ജില്ലകളിലും ബിസിനസ് ഡെവലപ്മെന്റ് കൗൺസിലുകൾ സ്ഥാപിക്കുക.
26. നഗര തദ്ദേശസ്ഥാപനങ്ങൾക്കായി ഇന്റഗ്രേറ്റഡ് ലേബർ മാർക്കറ്റ് ഇൻഫർമേഷൻ സിസ്റ്റങ്ങൾ തയ്യാറാക്കുക.
27. പ്രദേശത്തെ കോളേജുകളും നൈപുണ്യവികസന സ്ഥാപനങ്ങളുമായി സഹകരണം സൃഷ്ടിക്കുക.
28. ഉന്നതനൈപുണ്യമുള്ള പ്രൊഫഷണലുകളെ, ജിയോസ്പേഷ്യൽ ഡേറ്റ സയന്റിസ്റ്റുകൾ, പരിസ്ഥിതി ആസൂത്രകർ ഉൾപ്പെടെ, കൂട്ടിയോജിപ്പിക്കുന്നതിനായി ഒരു ഗ്യാൻശ്രീ പ്രൊഫഷണൽ ചട്ടക്കൂടിനായുള്ള പ്രൊപ്പോസൽ.
29. നിക്ഷേപങ്ങൾ ഉത്തേജിപ്പിക്കുന്നതിനായി കേരള മുനിസിപ്പൽ ആക്ടിന്റെ 299, 300 സെക്ഷനുകൾ, കേരള ലോൺ ആക്ട് എന്നിവ ഭേദഗതി ചെയ്യുക.
30. ഇവന്റ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു സംസ്ഥാന നയം രൂപവൽക്കരിക്കുക.
31. വിഭവശേഷി അധിഷ്ഠിതമാക്കി എല്ലാ ജില്ലകളിലും പ്രാദേശിക പ്രത്യേക സാമ്പത്തിക മേഖലകൾ കണ്ടെത്തുക.
32. സമൂഹാധിഷ്ഠിത സൂക്ഷ്മ സംരംഭങ്ങൾ വഴിയുള്ള ഫണ്ടിങ്ങ് പ്രോത്സാഹിപ്പിക്കുന്നതിനായുള്ള തന്ത്രങ്ങൾ.
33. മാസ്റ്റർ, ലോക്കൽ ഏര്യ പ്ളാനിങ്ങുമായി തെരുവുകച്ചവട ബൈലാകൾ ഉൾച്ചേർക്കുക.
34. അർബൻ റീജനറേഷനായി ബ്രൗൺഫീൽഡ് ഏര്യകൾ വികസിപ്പിക്കൽ.
35. എൽ.എസ്.ജി.ഡി.ഐ.-എൽ.ഇ.ഡി. അതോറിറ്റി/ കൗൺസിലും എൽ.എസ്.ജി.ഡി.ഐ.-എൽ.ഇ.ഡി. ഫണ്ടും സ്ഥാപിക്കൽ ആരംഭിക്കുക
36. ആറ് കോർപ്പറേഷനിലും ക്രെഡിറ്റ് റേറ്റിങ്ങ് പുതുക്കുക.
37. റിയൽ എസ്റ്റേറ്റ് വികസനത്തിനായി ഒരു നയ ഉപകരണമെന്ന നിലയിൽ ലാൻഡ് പൂളിങ്ങ് ഉപയോഗപ്പെടുത്തൽ.
38. തനതു വരുമാനം 25-30 ശതമാനത്തിൽനിന്ന് 70 ശതമാനവും വസ്തു നികുതി (property tax) പിരിവ് 50ൽ നിന്ന് 90 ശതമാനവും ആയി വർധിപ്പിക്കുക.
39. ജിഐ അധിഷ്ഠിത ലാൻഡ് ഇൻവെന്ററിയും പ്രോപ്പർട്ടി ട്രാക്കിങ്ങും സൃഷ്ടിക്കൽ.
40. പ്രധാന മുനിസിപ്പൽ കോർപ്പറേഷനുകൾക്കായി കേരള മുനിസിപ്പൽ ബോണ്ടുകൾ അവതരിപ്പിക്കുക.
41. ആസൂത്രണത്തിൽ നഗര രൂപകല്പന തത്വങ്ങൾ രൂപപ്പെടുത്തുന്നതിനായി ഭൂമി/ ജലം എന്നിവയെ പ്രാഥമിക മാനദണ്ഡങ്ങളായി സ്വീകരിക്കുക.
42. നഗര അടിസ്ഥാനസൗകര്യം (ഭൗതികവും സാമൂഹികവും)
43. പൊതു സൗകര്യങ്ങളും പൊതുഗതാഗതവും സാർവത്രികമായി ലഭ്യമാവുന്നുവെന്ന് ഉറപ്പാക്കുന്ന ഒരു നയം രൂപവൽക്കരിക്കുക.
44. നഗരതലത്തിലും വാർഡ് തലങ്ങളിലും പ്രായവ്യത്യാസമില്ലാതെ എല്ലാവരെയും ഉൾക്കൊള്ളുന്ന സൗഹൃദ നഗരങ്ങളും അയൽപ്പക്ക പദ്ധതികളും ( തെരുവുകൾ, ഇടങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ഗതാഗതം പോലുള്ള പൊതുഉപയോഗ സംവിധാനങ്ങൾ എന്നിവയുൾപ്പെടെ പൊതു ഇടങ്ങൾക്കായുള്ള വിശദമായ പ്ലാനുകൾ രൂപീകരിക്ക

**വയോജനങ്ങളെയും സാംക്രമികേതര രോഗങ്ങളുള്ളവരെയും പരിഗണിച്ചുകൊണ്ട് സമഗ്രമായ പരിചരണ സംവിധാനം രൂപപ്പെടുത്തുക**







ന്നതിനായി നിലവിലുള്ളതും പുതിയതുമായ അയൽപക്കങ്ങൾ രൂപപ്പെടുത്തുന്നതിന് പ്രൊഫഷണൽ നഗര ആസൂത്രകരും കമ്മ്യൂണിറ്റികളും തമ്മിലുള്ള സഹകരണ ശ്രമമാണ് അയൽപക്ക പദ്ധതി) രൂപപ്പെടുത്തണം

45. വയോജനങ്ങളെയും സാംക്രമികേതര രോഗങ്ങളുള്ളവരെയും പരിഗണിച്ചുകൊണ്ട് സമഗ്രമായ പരിചരണ സംവിധാനം രൂപപ്പെടുത്തുക.
46. അടിസ്ഥാന സൗകര്യ ആസൂത്രണത്തിനും നഗര നിക്ഷേപ പദ്ധതി വികസിപ്പിക്കുന്നതിനും മാസ്റ്റർ പ്ലാനുമായി അതിനെ ബന്ധപ്പെടുത്തുക
47. ഭാവിയിലെ കാലാവസ്ഥാ വെല്ലുവിളികളെ നേരിടാൻ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിനുള്ള പിന്തുണ
48. വാണിജ്യപരമായി വിജയ സാധ്യതയുള്ള അടിസ്ഥാന സൗകര്യപദ്ധതികൾ വികസിപ്പിക്കുക.

എല്ലാ രാഷ്ട്രീയ പാർട്ടികളുമായും, ജനപ്രതിനിധികളുമായും വിവിധ വകുപ്പുകളുമായും സ്റ്റേക്ക് ഹോൾഡർമാരുമായും കമീഷന്റെ നിർദേശങ്ങൾ സംബന്ധിച്ച തുടർചർച്ചകൾ നടത്തും.

കേന്ദ്ര-സംസ്ഥാന ഏജൻസികളുടെ കണക്കുകൾ പ്രകാരം സെൻസസ് ഡാറ്റ അനുസരിച്ച് 2035 ഓടെ കേരളത്തിലെ 90ശതമാനം പ്രദേശങ്ങളും നഗരവൽക്കരിക്കപ്പെടുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഈ സാഹചര്യത്തിലാണ് കേരളത്തിനായി നഗരനയം രൂപീകരിക്കാൻ തീരുമാനിച്ചത്. ഇതേ തുടർന്ന് 2023 ഡിസംബറിൽ നഗരനയ കമ്മീഷൻ രൂപീകരിച്ചു. കമ്മീഷന്റെ അന്തിമ റിപ്പോർട്ട് ഇക്കൊല്ലം തന്നെ ലഭ്യമാകും.

വികേന്ദ്രീകരിക്കപ്പെട്ട് ലഭ്യമായ അധികാരവും സമ്പത്തും കൊണ്ട് ശാക്തീകരിക്കപ്പെട്ട പ്രാദേശിക സർക്കാരുകൾ കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക ജീവിതത്തിന്റെ ഊർജ്ജസ്രോതസ്സായി ഇതിനകം മാറിയിട്ടുണ്ട്. വിവിധ മേഖലകളിലെ പ്രവർത്തനങ്ങളിലൂടെ ജനങ്ങളെ നാടിന്റെ വികസനത്തിൽ പങ്കാളികളാക്കാനും സാമൂഹ്യമായും സാമ്പത്തികമായും ശാക്തീകരിക്കാനും തദ്ദേശ സ്വയംഭരണ വകുപ്പ് നേതൃത്വം നൽകുന്നു.

ഗ്രാമീണ കേരളത്തിന്റെ സമസ്ത മേഖലകളിലും വേര് പടർത്തിയ സ്ഥാപനങ്ങളായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനകം മാറിയിട്ടുണ്ട്.

മാറിയ കേരളത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകളെ പ്രതിഫലിപ്പിക്കുന്ന മികച്ച മാധ്യമമായി "തദ്ദേശകം" മാറട്ടെയെന്ന് ആശംസിക്കുന്നു. □

**നിക്ഷേപങ്ങൾ ഉത്തേജിപ്പിക്കുന്നതിനായി കേരള മുനിസിപ്പൽ ആക്ടിന്റെ 299, 300 സെക്ഷനുകൾ, കേരള ലോൺ ആക്ട് എന്നിവ ഭേദഗതി ചെയ്യുക.**





# അതിദരിദ്ര്യരില്ലാത്ത സ്വപ്നനേട്ടത്തിലേക്ക് കേരളം

**സീറാം സാംബശിവ റാവു** ഐ.എ.എസ്.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണവകുപ്പ്

> ഭക്ഷണം, വരുമാനം, ആരോഗ്യം, പാർപ്പിടം എന്നീ നാലു ഘടകങ്ങളിലെ ഇല്ലായ്മയെ അടിസ്ഥാനമാക്കിയായിരുന്നു അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ

ദാരിദ്ര്യമാണ് ഏറ്റവും വലിയ ക്രൂരത എന്ന് പറഞ്ഞത് നമ്മുടെ രാഷ്ട്രപിതാവ് ഗാന്ധിജിയാണ്. അത് ഒരു വലിയ സത്യവുമാണ്. ദാരിദ്ര്യം തുടച്ചു നീക്കാൻ സ്വതന്ത്ര ഭാരതം നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അതിന്റെ ഫലമായി ദരിദ്രരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വരുത്താൻ ഇതിനകം നമ്മുടെ രാജ്യത്തിനു കഴിഞ്ഞു.

നീതി ആയോഗിന്റെ പ്രഥമ ബഹുമുഖ ദാരിദ്ര്യ സൂചക (എംപിഐ) റിപ്പോർട്ട് (2021) പ്രകാരം, ഇന്ത്യയിലെ ഏറ്റവും കുറവ് ദാരിദ്ര്യമുള്ള സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്.

സമൂഹത്തിൽ നിലനിൽക്കുന്ന അതി ദാരിദ്ര്യം തുടച്ചുനീക്കാൻ സമഗ്രവും ശാസ്ത്രീയവും പ്രായോഗികവുമായ പരിപാടികൾ കേരളത്തിൽ നടപ്പാക്കി വരികയാണ്. ആശ്രയ, അഗതി രഹിത കേരളം, വിശപ്പ് രഹിത കേരളം തുടങ്ങി അതിദാരിദ്ര്യം ഇല്ലാതാക്കാൻ സർക്കാർ നേരത്തേ നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയായാണ് അതിദാരിദ്ര്യ നിർമാർജ്ജന യജ്ഞം കേരളത്തിൽ ആരംഭിച്ചത്. 2021 ജൂലൈ മുതൽ 2022 ജനുവരി വരെ നീണ്ടുനിന്ന ജനകീയ പങ്കാളിത്തത്തോടെ നടത്തിയ പ്രവർത്തനങ്ങളിലൂടെയാണ് അതിദരിദ്രരെ കണ്ടെത്തുന്ന പ്രക്രിയ പൂർത്തിയാക്കിയത്.

## ആരാണ് അതിദരിദ്രർ?

സാമൂഹിക സാമ്പത്തിക ദുർബലത അഥവാ ദാരിദ്ര്യം എന്നത് നിരന്തരമായ മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു പ്രതിഭാസമാണ്. പൊതുവിൽ ഉള്ള ശേഷികളുടെ അഭാവമാണ് ദാരിദ്ര്യം. എന്നാൽ ഏറ്റവും തീവ്രമായി അത്തരം അവസ്ഥകളെ അഭിമുഖീകരിക്കുന്നവരാണ് അതിദരിദ്രർ. ഭക്ഷണം, സുരക്ഷിതമായ വാസസ്ഥലം, അടിസ്ഥാന വരുമാനം, ആരോഗ്യസ്ഥിതി എന്നീ നാലു ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് അതിദാരിദ്ര്യം നിർണയിക്കപ്പെട്ടിട്ടുള്ളത്.

## അതിദാരിദ്ര്യം – വിവിധ മാനദണ്ഡങ്ങൾ

അടിസ്ഥാന സൗകര്യങ്ങളും അവകാശങ്ങളും നിറവേറ്റാൻ കഴിയാത്തവരും പുറമേ നിന്നുള്ളവരുടെ സഹായം ഇല്ലാതെ ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്തവരെയുമാണ് അതിദരിദ്രരായി കണക്കാക്കേണ്ടത്. ഈ വിഭാഗത്തിലുള്ളവരെ സംബന്ധിച്ച് സർക്കാരിന്റെയും പൊതുസമൂഹത്തിന്റെയും ശക്തമായ പിന്തു

ണയില്ലാതെ മുന്നോട്ട് പോകാൻ സാധിക്കില്ല. എന്നാൽ ദരിദ്രരെ സംബന്ധിച്ച് അവരുടെ തൊഴിൽ ശേഷിയും വരുമാനവും വെച്ച് ചുരുങ്ങിയ അളവിലെങ്കിലും മുന്നോട്ട് പോകാൻ സാധിക്കും. അവരെ സഹായിക്കാൻ സർക്കാരിന്റെ പല പദ്ധതികൾക്കും സാധിച്ചിട്ടുണ്ട്. റേഷൻ സംവിധാനങ്ങളും, തൊഴിലുറപ്പ് പദ്ധതിയും, ലൈഫ് മിഷൻ പോലുള്ള പദ്ധതികളും ഇതിനു ഉദാഹരണമാണ്. ഈ അടിസ്ഥാന സഹായങ്ങൾ പോലും ലഭിക്കാത്ത അവസ്ഥയിൽ നിൽക്കുന്ന അതിദാരിദ്ര്യ വിഭാഗത്തെയാണ് കണ്ടെത്തേണ്ടത്.

### അതിദാരിദ്ര്യ നിർമ്മാർജ്ജന യജ്ഞം

2021 ൽ സർക്കാർ അധികാരത്തിലെത്തുമ്പോൾ ആദ്യ മന്ത്രിസഭായോഗത്തിൽ തന്നെ എടുത്ത തീരുമാനമായിരുന്നു അതിദാരിദ്ര്യ നിർമ്മാർജ്ജനം നടപ്പാക്കുക എന്നത്. അതിനായി അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

അതിദാരിദ്ര്യം തുടച്ചുനീക്കുക എന്ന യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്ത് അതിദാരിദ്ര്യ സർവ്വേക്ക് തുടക്കമിടുകയുണ്ടായി. ഭക്ഷണം, വരുമാനം, ആരോഗ്യം, പാർപ്പിടം എന്നീ നാലു ഘടകങ്ങളിലെ ഇല്ലായ്മയെ അടിസ്ഥാനമാക്കിയായിരുന്നു അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ.

### കണക്കുകൾ കേരള പശ്ചാത്തലത്തിൽ

ബഹുതലത്തിലുള്ള സർവ്വേ പ്രക്രിയയ്ക്ക് ശേഷം സംസ്ഥാനത്ത് 64006 കുടുംബങ്ങളെ (1,03,099 വ്യക്തികൾ) അതിദരിദ്രരായി കണ്ടെത്തുകയുണ്ടായി. വാർഡുകൾ/ഡിവിഷനുകളിൽ നിന്നും പങ്കാളിത്ത നാമനിർദ്ദേശ പ്രക്രിയ വഴി കണ്ടെത്തിയ 1,18,309 കുടുംബങ്ങളിൽ നിന്നും പ്രാദേശിക സർക്കാർ തലത്തിലെ സബ്കമ്മറ്റികൾ പരിശോധിച്ച് 87,158 പേരെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയുണ്ടായി. പ്രസ്തുത വിവരങ്ങൾ MIS-ൽ രേഖപ്പെടുത്തുകയും 87,158 കുടുംബങ്ങളെ ഇതിനായി രൂപകൽപ്പന ചെയ്തിട്ടുള്ള മൊബൈൽ അപ്പിന്റെ സഹായത്തോടെ ഇന്റർവ്യൂ ചെയ്യുകയും 20 ശതമാനം സാമ്പിളുകൾ സൂപ്പർ ചെക്കിംഗിന് വിധേയമാക്കുകയും അതിൽ നിന്നും 73,747 കുടുംബങ്ങളുടെ മുൻഗണന പട്ടിക തയ്യാറാക്കുകയും ചെയ്തു. ഈ മുൻഗണന പട്ടിക, ഗ്രാമസഭകൾ പരിശോധിക്കുകയും അർഹതയില്ലാത്ത കുടുംബങ്ങളെ ഒഴിവാക്കി 64006 കുടുംബങ്ങളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കുകയാണ് ചെയ്തത്. 2023 ഒക്ടോബർ 10 ലെ ഐക്യരാഷ്ട്ര സഭയുടെ റിപ്പോർട്ട് പ്രകാരം പ്രതിദിനം 158.10 രൂപ ഇല്ലാത്തവരെ അതിദരിദ്രരായി കണക്കാക്കുന്നു. എന്നാൽ കേരളം മുന്നോട്ട് വെക്കുന്ന മാനദണ്ഡം വരുമാനവുമായി ബന്ധപ്പെട്ട് മാത്രമുള്ളതല്ല, മറിച്ച് മനുഷ്യനായി ജീവിക്കാൻ വിഘാതം സൃഷ്ടിക്കുന്ന എല്ലാ തടസ്സങ്ങളെയും മറികടക്കാൻ സാമൂഹ്യ സുരക്ഷ കവചം ഒരുക്കുക എന്നതിന്റെ അടിസ്ഥാനത്തിൽ കൂടിയാണ്. അതിദരിദ്രരുടെ ലിസ്റ്റിൽ 2212 പേർക്ക് സ്വന്തമായി ഭക്ഷണം ഉണ്ടാക്കാനുള്ള സൗകര്യമില്ല. 1622 പേർ മാരകരോഗത്തിന്റെ പിടിയിലാണ്. കൂടാതെ ലിസ്റ്റിലുള്ള 68 ശതമാനം പേരും ഒറ്റപ്പെട്ട് താമസിക്കുന്നവരാണ്. അതി ദരിദ്രരിൽ 12763 എസ്.സി. വിഭാഗക്കാരും 3201 എസ്.റ്റി. വിഭാഗക്കാരും, 2737 തീരദേശവാസികളുമാണ്. ഒരു വരുമാനവും ഇല്ലാത്തവർ, അനാരോഗ്യം ഉള്ളവർ, രണ്ടു നേരം ഭക്ഷണം കഴിക്കാൻ കഴിയാത്തവർ, റേഷൻ കിട്ടുന്നുവെങ്കിലും പാകം ചെയ്തു കഴിക്കാൻ കഴിയാത്തവർ, ഇവരെല്ലാമാണ് അതിദരിദ്രരുടെ പട്ടികയിൽ ഇടം പിടിച്ചിട്ടുള്ളത്.

അതിദാരിദ്ര്യസർവ്വേ വഴി കണ്ടെത്തിയ 64006 കുടുംബങ്ങളിൽ 75 ശതമാനം പൊതുവിഭാഗത്തിലും, 20 ശതമാനം പട്ടികജാതി വിഭാഗത്തിലും, 5 ശതമാനം പട്ടികവർഗ്ഗ വിഭാഗത്തിലും ഉൾപ്പെടുന്നവരാണ്. ഏത് വിഭാഗത്തിൽ ഉൾപ്പെടുന്നു എന്നറിയാത്ത വളരെ ചെറിയ ശതമാനം കുടുംബങ്ങളും ഇതിൽ ഉൾപ്പടുന്നുണ്ട്.

സർവ്വേ പ്രകാരം 81 ശതമാനം അതിദരിദ്ര

> **ആശ്രയ, അഗതി രഹിത കേരളം, വിശപ്പ് രഹിത കേരളം തുടങ്ങി അതിദാരിദ്ര്യം ഇല്ലാതാക്കാൻ സർക്കാർ നേരത്തേ നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയായാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന യജ്ഞം കേരളത്തിൽ ആരംഭിച്ചത്.**





ഗ്രാമ പഞ്ചായത്തുകളിലും, 15 ശതമാനം മുൻസിപ്പാലിറ്റികളിലും, 4 ശതമാനം കോർപ്പറേഷനുകളിലും വസിക്കുന്നു. ദാരിദ്ര്യത്തിന്റെ ഗ്രാമ മേഖലകളിലെ കേന്ദ്രീകരണത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ജില്ല തിരിച്ച് വിശകലനം ചെയ്യുമ്പോൾ 8553 ദരിദ്ര കുടുംബങ്ങളുള്ള മലപ്പുറം ജില്ലയാണ് പട്ടികയിൽ ഒന്നാം സ്ഥാനത്ത് (13.4 ശതമാനം). തൊട്ടുപിന്നാലെ തിരുവനന്തപുരം ജില്ലയാണ് (11.4 ശതമാനം). സംസ്ഥാനത്ത് ഏറ്റവും കുറവ് ദരിദ്രർ വസിക്കുന്നത് കോട്ടയം ജില്ലയിലാണ് (1071 കുടുംബങ്ങൾ).

പട്ടികയിൽ ഉൾപ്പെട്ട 35 ശതമാനം കുടുംബങ്ങൾ വരുമാന മാർഗ്ഗങ്ങൾ ഇല്ലാതെ കഷ്ടത അനുഭവിക്കുന്നവരാണ്. 24 ശതമാനം കടുത്ത ആരോഗ്യപ്രശ്നങ്ങൾ കാരണം അവശത അനുഭവിക്കുന്നു. 21ശതമാനം പേർ ആഹാര ലഭ്യതയില്ലാത്ത ദരിദ്രകുടുംബങ്ങളിൽ ഉൾപ്പെടുന്നു. 15 ശതമാനം പേർക്ക് വാസയോഗ്യമായ ഭവനങ്ങളില്ല. പ്രത്യേക ദുർബല വിഭാഗങ്ങൾ 3 ശതമാനം മാത്രമാണ്. 2,737 കുടുംബങ്ങൾ തീരദേശവാസികളാണ്. ഈ കുടുംബങ്ങളെ ദാരിദ്ര്യത്തിൽ നിന്നും കരകയറ്റുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അവർക്ക് നിത്യവരുമാനം ഉറപ്പാക്കുക, അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുക, ആരോഗ്യസേവനങ്ങൾ ഉറപ്പാക്കുക തുടങ്ങിയവയാണ്. അതിനെല്ലാമൊപ്പം സാമ്പത്തിക സ്വയംപര്യാപ്തതയിലേക്ക് ഓരോ കുടുംബത്തിനും എത്തിച്ചേരാനുള്ള സാമൂഹിക സാഹചര്യം സൃഷ്ടിക്കുക കൂടിയാണ് സർക്കാരിന്റെ ലക്ഷ്യം. ആ നിലയ്ക്കുള്ള ബഹുമുഖ നടപടികളുമായാണ് അതി ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പുരോഗമിക്കുന്നത്.

അതി ദാരിദ്ര്യ പട്ടികയിലെ 64,006 കുടുംബങ്ങളിൽ ഓരോ കുടുംബത്തിനും പ്രത്യേകം മൈക്രോ പ്ലാനുകൾ നിലവിൽ തയ്യാറാക്കിയിട്ടുണ്ട്. അവകാശരേഖകൾ ലഭ്യമായിട്ടില്ലാതിരുന്ന അതിദരിദ്ര കുടുംബങ്ങൾക്ക് അവകാശ രേഖകളും ഇതിനകം ലഭ്യമാക്കിയിരിക്കുകയാണ്.

ഹ്രസ്വകാല, ദീർഘകാല പദ്ധതികളിലൂടെ മുഴുവൻ അതിദരിദ്രരെയും ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കുകയും മികച്ച ജീവിതനിലവാരം ഉറപ്പുവരുത്തുകയും ചെയ്യും. ഉടൻ നടപ്പിലാക്കേണ്ടവ, ഹ്രസ്വകാലത്തിൽ പൂർത്തിയാക്കേണ്ടവ, ദീർഘകാലത്തിനുള്ളിൽ ഉറപ്പാക്കേണ്ടവ എന്നിങ്ങനെ തരം തിരിച്ചാണ് പ്രവർത്തനങ്ങൾ രൂപീകരിച്ചിട്ടുള്ളത്.

അതിദാരിദ്ര്യ കുടുംബങ്ങൾക്ക് സർക്കാർ ആനുകൂല്യം ലഭ്യമാക്കുന്നതിനാവശ്യമായ രേഖകൾ നൽകുക എന്നതായിരുന്നു ആദ്യ നടപടി. രേഖകൾക്ക് വേണ്ടി സർക്കാർ സംവിധാനങ്ങളെ സമീപിക്കാൻ പോലും നിവർത്തിയില്ലാതിരുന്ന ഈ വിഭാഗങ്ങൾക്ക് വേണ്ടി " അവകാശം അതിവേഗം" എന്ന പേരിൽ സർക്കാർ സംവിധാനങ്ങൾ അതിദരിദ്ര കുടുംബങ്ങളെ നേരിൽ സന്ദർശിച്ച് രേഖകൾ നൽകുന്ന സംവിധാനം ഏർപ്പെടുത്തി. 2553 കുടുംബങ്ങൾക്ക് റേഷൻ കാർഡ്, 3125 പേർക്ക് ആധാർ കാർഡ്, 887 പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ, 1281 പേർക്ക് ആരോഗ്യ ഇൻഷ്വറൻസ്, 1174 പേർക്ക് തൊഴിലുറപ്പ് കാർഡ്, 193 പേർക്ക് ഭിന്നശേഷി തിരിച്ചറിയൽ കാർഡ് തുടങ്ങിയവയും പുതുതായി ലഭ്യമാക്കാൻ കഴിഞ്ഞു.

**അതിദാരിദ്ര്യ സർവ്വേ വഴി കണ്ടെത്തിയ 64006 കുടുംബങ്ങളിൽ 75 ശതമാനം പൊതു വിഭാഗത്തിലും, 20 ശതമാനം പട്ടിക ജാതി വിഭാഗത്തിലും, 5 ശതമാനം പട്ടികവർഗ്ഗ വിഭാഗത്തിലും ഉൾപ്പെടുന്നവരാണ്.**





പദ്ധതിയുടെ ആദ്യ വർഷത്തിൽ പ്രത്യേക ശ്രദ്ധകൊടുത്തത് ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളായ ഭക്ഷണം, ആരോഗ്യം എന്നിവയ്ക്കാണ്. അതുകൊണ്ട് തന്നെ 2023 നവംബർ 1-ന് മുമ്പ് അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരായ 30,658 കുടുംബങ്ങളിൽ ഏറിയ പങ്കും ഭക്ഷണം, അനാരോഗ്യം എന്നീ ക്ലേശഘടകങ്ങളാൽ ബുദ്ധിമുട്ട് നേരിട്ടവർ ആയിരുന്നു.

ഭക്ഷണം ആവശ്യമുള്ളവരും എന്നാൽ പാചകം ചെയ്ത കഴിക്കാൻ സാഹചര്യമില്ലാത്തവരുമായ അതിദരിദ്ര കുടുംബങ്ങൾക്ക് പാചകം ചെയ്ത ഭക്ഷണവും അല്ലാത്തവർക്ക് ഭക്ഷ്യ കിറ്റും പദ്ധതിയിലൂടെ നൽകുന്നുണ്ട്. ജനകീയ ഹോട്ടൽ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയെ സംയോജിപ്പിച്ചാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഭക്ഷണ വിതരണം നടത്തുന്നത്. വാതിൽപ്പടി സേവന സംവിധാനമാണ് ഇതിനായി വിനിയോഗിക്കുന്നത്.

അതിദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിൽ വിവിധ സർക്കാർ വകുപ്പുകളും ഏജൻസികളും നിർണായകമായ പങ്കാണ് വഹിക്കുന്നത്. ഗൃഹസന്ദർശനം, പ്രത്യേക മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കൽ തുടങ്ങിയവയിലൂടെ ചികിത്സയും തുടർചികിത്സയും ആവശ്യമുള്ളവരെ കണ്ടെത്തി ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. രോഗമുള്ളതായി കണ്ടെത്തിയ 34,544 പേരിൽ 22,054 പേരെയാണ് ആശുപത്രികളിലെത്തിച്ചത്. പുറമെ, വാതിൽപടി സേവനം ആവശ്യമുള്ളവർക്ക് അതും ഉറപ്പാക്കി. ആംബുലൻസ് സേവനവും നൽകിവരുന്നുണ്ട്.

2024-2025 സാമ്പത്തിക വർഷത്തിൽ ഭക്ഷണ ദൗർലഭ്യം, അനാരോഗ്യം, എന്നീ ക്ലേശഘടകങ്ങളിൽ നിന്ന് മുക്തരായവർക്ക് സ്ഥിരമായി ഭക്ഷണവും ആരോഗ്യസഹായവും ഉറപ്പാക്കുന്നതോടൊപ്പം വീട്, വരുമാനം എന്നിവ ഇല്ലാത്തത് കാരണം കഷ്ടത അനുഭവിക്കുന്നവരെ സഹായിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. വരുമാനം ഇല്ലാതെ കഷ്ടത അനുഭവിച്ചിരുന്ന 1724 കുടുംബങ്ങൾക്ക് വരുമാനദായക പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുന്നതിനായി കുടുംബശ്രീ സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ 'ഉജ്ജീവനം' എന്ന പേരിൽ സമഗ്രപദ്ധതി ആരംഭിച്ചിട്ടുണ്ട്.അടച്ചുറപ്പുള്ള വാസസ്ഥലം ഇല്ലാതെ ബുദ്ധിമുട്ടുന്ന അതിദരിദ്ര കുടുംബങ്ങളിൽ വീട് മാത്രം ആവശ്യ മുള്ള 2,930 കുടുംബങ്ങളും വസ്തുവും വീടും ആവശ്യമുള്ള 1,531 കുടുംബങ്ങളും നേരത്തെ തന്നെ ലൈഫ് ഭവനപദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിരുന്നു. ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടാത്ത വീട് മാത്രം ആവശ്യമുള്ള 5,670 കുടുംബങ്ങളെയും വസ്തുവും വീടും ആവശ്യമുള്ള 5,536 കുടുംബങ്ങളെയും പ്രത്യേക സർക്കാർ ഉത്തരവ് പ്രകാരം ഉൾപ്പെടുത്തി അവർക്ക് ആനുകൂല്യം നൽകിവരുന്നു.

2023-24, 2024-25 വർഷത്തിലും പുതിയ അദ്ധ്യയനവർഷാരംഭത്തിൽ അതിദരിദ്ര പട്ടികയിലുൾപ്പെട്ട കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 14 മുതൽ 16 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്കുള്ള പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം, യൂണിഫോം, പഠനോപകരണങ്ങൾ മുതലായവക്കുള്ള ധനസഹായങ്ങൾ, കലാകായികപ്രവർത്തനങ്ങൾക്കുള്ള ധനസഹായങ്ങൾ മുതലായ ഒരുക്കി പഠന

**അതി ദാരിദ്ര്യ പട്ടികയിലെ 64,006 കുടുംബങ്ങളിൽ ഓരോ കുടുംബത്തിനും പ്രത്യേകം മൈക്രോ പ്ലാനുകൾ നിലവിൽ തയ്യാറായിക്കഴിഞ്ഞു.**





ആദ്യമായാണ് ഒരു ഇന്ത്യൻ സംസ്ഥാനം അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രത്യേക പദ്ധതി നടപ്പാക്കുന്നത്. അത് കേരളമാണെന്ന കാര്യത്തിൽ നമുക്കേവർക്കും അഭിമാനിക്കാം.

പ്രവർത്തനങ്ങളിൽ ഈ കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നതിനുമായി പൊതുവിദ്യാഭ്യാസവകുപ്പുമായി ചേർന്നുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിദരിദ്ര പട്ടികയിലുൾപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി കെ.എസ്. ആർ. ടി.സി/ പ്രൈവറ്റ് ബസുകളിലേക്കുള്ള 1747 യാത്രാ പാസ്സുകൾ വിതരണം ചെയ്തിട്ടുണ്ട്. അതിദരിദ്ര പട്ടികയിലുൾപ്പെട്ട അനാഥരായ കുട്ടികൾക്ക് സ്കോളർഷിപ്പ്/ സ്റ്റൈപ്പൻഡ് നല്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന സ്നേഹപൂർവ്വം പദ്ധതിയിലുൾപ്പെടുത്തി ആനുകൂല്യങ്ങൾ നല്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2023-24 വർഷത്തിൽ അതിദരിദ്രപട്ടികയിലുൾപ്പെട്ട പത്താം ക്ലാസ്സ് പാസ്സായ എല്ലാ കുട്ടികൾക്കും തൊട്ടടുത്ത സ്കൂളിൽ പ്ലസ്സ് വൺ-ന് പ്രവേശനം ഉറപ്പാക്കിയിട്ടുണ്ട്. അതിദരിദ്ര പട്ടികയിലുൾപ്പെട്ട അനാഥരായ കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുന്നതിനായുള്ള നടപടികൾ, വനിതാ ശിശു വികസന വകുപ്പ്, സാമൂഹ്യ സുരക്ഷാ മിഷൻ എന്നീ വകുപ്പുകൾ മുഖാന്തിരം നടപ്പിലാക്കി വരുന്നു.

അതിദരിദ്ര പട്ടികയിലുൾപ്പെട്ട 301 എയ്ഡ്സ് രോഗികൾക്ക് ചികിത്സ ഉൾപ്പെടെയുള്ള സേവനങ്ങൾ എയ്ഡ്സ് കൺട്രോൾ സൊസൈറ്റി വഴിയാണ് നൽകി വരുന്നത്. പല ബഹുജന – സർവീസ് – സാമൂഹ്യ സംഘടനകളും അതിദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങളിൽ സഹകരിക്കുന്ന



തിന് മുന്നോട്ടുവന്നിട്ടുണ്ട്. ഇവരെ കൂട്ടിയോജിപ്പിച്ച് ഏകോപനത്തോടെ മുന്നോട്ടുപോകേണ്ടതുണ്ട്. പദ്ധതിപ്രവർത്തനങ്ങൾ വാർഡുതലം മുതൽ സംസ്ഥാനതലം വരെ മോണിറ്റർ ചെയ്യുന്നതിനായി ഒരു വെബ് പോർട്ടൽ സജ്ജീകരിച്ചിട്ടുണ്ട്. അതിദരിദ്രരായ ഓരോ വ്യക്തിയുടെയും വിവരങ്ങൾ ഇതിലൂടെ അറിയാൻ കഴിയും. കൂടാതെ, പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി ഒരു മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ചിട്ടുണ്ട്. അങ്ങനെ നേരിട്ടുള്ള ഇടപെടലുകൾ മുതൽ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ വരെ ഏറ്റെടുത്തുകൊണ്ട് വളരെ ബൃഹത്തായ പ്രവർത്തനങ്ങളാണ് അതിദാരിദ്ര്യ നിർമ്മാർജനത്തിനായി സർക്കാർ നടത്തുന്നത്.

ദരിദ്രരായ ആളുകൾക്ക് അപ്രാപ്യമായ ഇൻഷുറൻസ് ഉൾപ്പെടെയുള്ള മേഖലകളിൽ സർക്കാർ ഇടപെടലുകൾ ആവശ്യമാണ്. അതുകൊണ്ടാണ് 43 ലക്ഷം കുടുംബങ്ങൾക്ക് കാരുണ്യ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ ഗുണഫലങ്ങൾ ലഭ്യമാകുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം 1,630 കോടി രൂപയാണ് കാരുണ്യ ഇൻഷുറൻസിനായി സംസ്ഥാന സർക്കാർ ചെലവഴിച്ചത്. ആറര ലക്ഷത്തോളം ആളുകൾക്ക് ഇതിലൂടെ ചികിത്സാ സഹായം ലഭ്യമാവുകയും ചെയ്തു.

ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു പ്രവർത്തനം, വീട് ലഭിക്കാൻ അർഹതയുണ്ടായിട്ടും ലൈഫ് ഭവന പദ്ധതിയിൽ അപേക്ഷിക്കാൻ കഴിയാതിരുന്ന, വീട് മാത്രം ആവശ്യമുള്ള 5,724 കുടുംബങ്ങളെയും വസ്തുവും വീടും ആവശ്യമുള്ള 5,616 കുടുംബങ്ങളെയും ലൈഫ് ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെടുത്തി എന്നതാണ്. അങ്ങനെ ആകെ 11,340 അതിദരിദ്ര കുടുംബങ്ങൾക്കാണ് പുതുതായി വീട് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചത്.

ഈ പ്രവർത്തനങ്ങളെല്ലാം തന്നെ വ്യക്തമാക്കുന്നത് അതിദാരിദ്ര്യ നിർമ്മാർജനം ഏതെങ്കിലും ഒരു വകുപ്പിന്റെയോ ഓഫീസിന്റെയോ മാത്രം ഉത്തരവാദിത്തമല്ല എന്നതാണ്. കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ അതിദാരിദ്ര്യത്തെ ഇല്ലാതാക്കാൻ നമുക്കു കഴിയുകയുള്ളൂ. അതേസമയം








ദാരിദ്ര്യ നിർമ്മാർജന പ്രക്രിയ ഏതെങ്കിലും ഒരു പ്രത്യേക ഘട്ടത്തിനുവേണ്ടി മാത്രമല്ല എന്ന കാര്യവും തിരിച്ചറിയണം. ഇപ്പോൾ പട്ടികയിലുൾപ്പെട്ടിരിക്കുന്ന കുടുംബങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിലൂടെ ദാരിദ്ര്യം പൂർണമായും തുടച്ചുനീക്കി എന്ന് നമുക്ക് അവകാശപ്പെടാനാവില്ല. കാരണം, ആകസ്മികമായി ദാരിദ്ര്യത്തിലേക്കു തള്ളിവിടപ്പെടുന്ന നിരവധി വ്യക്തികളും കുടുംബങ്ങളും നമ്മുടെ നാട്ടിലുണ്ട്. അത്തരത്തിലുള്ളവർക്ക് തങ്ങൾ അകപ്പെടുന്ന പ്രതിസന്ധികളിൽനിന്നും കരകയറാനുള്ള ഒരു സാമൂഹ്യാന്തരീക്ഷം സൃഷ്ടിക്കുക എന്നതും പ്രധാനമാണ്. ഇതിനായി നിരന്തരമായ ഇടപെടലുകളും സാമൂഹ്യ നവീകരണവും ഏറെ അനിവാര്യമാണ്. അതൊരുക്കുക കൂടി ചെയ്തുകൊണ്ടുവേണം നാം മുന്നോട്ടുപോകേണ്ടത്.

### അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കാൻ കഴിഞ്ഞ കുടുംബങ്ങൾ (10-02-2025)

| ജില്ല | കണ്ടെത്തിയ അതിദാരിദ്ര്യ കുടുംബങ്ങൾ | അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കപ്പെട്ട കുടുംബങ്ങൾ | നേട്ടത്തിന്റെ ശതമാനം |
|---|---|---|---|
| ആലപ്പുഴ | 3613 | 2923 | 80.90 |
| എറണാകുളം | 5650 | 4289 | 75.91 |
| ഇടുക്കി | 2665 | 1684 | 63.19 |
| കണ്ണൂർ | 4208 | 3563 | 84.67 |
| കാസർഗോഡ് | 2768 | 1798 | 64.96 |
| കൊല്ലം | 4461 | 2915 | 65.34 |
| കോട്ടയം | 1071 | 831 | 77.59 |
| കോഴിക്കോട് | 6773 | 5163 | 76.23 |
| മലപ്പുറം | 8553 | 6560 | 76.70 |
| പാലക്കാട് | 6443 | 4637 | 71.97 |
| പത്തനംതിട്ട | 2579 | 1647 | 63.86 |
| തിരുവനന്തപുരം | 7278 | 5019 | 68.96 |
| തൃശ്ശൂർ | 5013 | 4010 | 79.99 |
| വയനാട് | 2931 | 1803 | 61.51 |
| ആകെ | 64006 | 46842 | 73.18 |

കോവിഡും മഹാമാരികളും രാജ്യമാകെ ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധികളും ഉൾപ്പെടെ നിരവധി പ്രതിസന്ധികൾ നേരിടേണ്ടി വന്ന ഒരു ഘട്ടമായിരുന്നിട്ടുകൂടി കേരളത്തിനിതു സാധിച്ചു എന്നത് ഈ നേട്ടത്തിന്റെ മാറ്റുകൂട്ടുന്നു. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി കൂടുതൽ മികച്ച പദ്ധതികൾ ഏറ്റെടുത്തു മുന്നോട്ടു പോകുന്ന ഈ സന്ദർഭത്തിൽ ഈ നേട്ടം സർക്കാരിനു കൂടുതൽ ആത്മവിശ്വാസവും ദിശാബോധവും പകരുന്നു. ആ പദ്ധതികളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് കടുത്ത ദാരിദ്ര്യം പൂർണമായും ഇല്ലാതാക്കുന്നതിനായി നടപ്പാക്കുന്ന അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി.

2025 നവംബർ ഒന്നിനു കേരളത്തെ അതിദാരിദ്ര്യ വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കും. ആദ്യമായാണ് ഒരു ഇന്ത്യൻ സംസ്ഥാനം അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രത്യേക പദ്ധതി നടപ്പാക്കുന്നത്. അത് കേരളമാണെന്ന കാര്യത്തിൽ നമുക്കേവർക്കും അഭിമാനിക്കാം. അതിദരിദ്രരായ ഒരാൾ പോലും കേരളത്തിലുണ്ടാവില്ല എന്ന് ഉറപ്പു വരുത്താനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. അത് നവകേരള നിർമ്മിതിയിലേക്കുള്ള പ്രധാന ചുവടുവെയ്പായി മാറുകയും ചെയ്യും. □

**അതിദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിൽ വിവിധ സർക്കാർ വകുപ്പുകളും ഏജൻസികളും നിർണായകമായ പങ്കാണ് വഹിക്കുന്നത്.**



# അന്ന് രാത്രിയിൽ, മേപ്പാടിയിൽ

**നൗഷാദ് അലി**

മുൻ പഞ്ചായത്ത് സെക്രട്ടറി, മേപ്പാടി

> എട്ട് മണിയോട് കൂടി ആ കുടുംബങ്ങളെ ചൂരൽമല വെള്ളാർമല ഹൈസ്കൂളിലേക്ക് മാറ്റി.

രാത്രി തിമിർത്ത് പെയ്ത മഴയ്ക്ക് രാവിലെയും ശമനമില്ല. ഒപ്പം ശക്തിയായ കാറ്റും. സമയം രാവിലെ ആറുമണി. ജൂലൈ 29. ബസ്സ് വയനാട് ചുരം കയറുകയാണ്. ഷട്ടറുകൾ എല്ലാം ഇട്ടിട്ടും ആർത്തിരമ്പുന്ന മഴ സർവ്വ ശക്തിയുമെടുത്ത് ബസ്സിലേക്ക് തുളച്ചു കയറുന്നു. തുടർച്ചയായി ഫോൺ റിങ്ങ്ചെയ്ത് തുടങ്ങി. മേപ്പാടി പഞ്ചായത്ത് പ്രസിഡന്റാണ്. “സെക്രട്ടറീ... ഞാനും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്മാരും വില്ലേജ് ഓഫീസറും കൂടി പുഞ്ചിരിവട്ടത്തേക്ക് പോകുകയാണ്. അവിടെ നാലു ട്രൈബൽ കുടുംബങ്ങൾ ഉണ്ട്. മഴ ഇങ്ങനെ പെയ്താൽ അവിടെ എന്ത് സംഭവിക്കും എന്നറിയില്ല. അവരെ മാറ്റിയേ പറ്റൂ.”

എട്ട് മണിയോട് കൂടി ആ കുടുംബങ്ങളെ ചൂരൽമല വെള്ളാർമല ഹൈസ്കൂളിലേക്ക് മാറ്റി. ചൂരൽമല ടൗണിൽ നിന്ന് രണ്ട് കിലോമീറ്റർ ഉള്ളിലാണ് സ്കൂൾ. സ്ത്രീകളും കുട്ടികളും ഉൾപ്പെടെ അവർ പതിനാലു പേർ ഉണ്ടായിരുന്നു.

അവരെ അവിടെ പാർപ്പിച്ച് തിരികെ വരുമ്പോൾ ആ പരിസരത്തുള്ള ജനങ്ങളോടെല്ലാം പറഞ്ഞു. “മഴ തിമിർത്ത് പെയ്യുകയാണ്, നിങ്ങൾക്ക് ഇവിടം സുരക്ഷിതമല്ല. ഉടനെ ബന്ധുവീടുകളിലേക്കോ ക്യാമ്പിലേക്കോ മാറുക. പ്രസിഡന്റിന്റെയും വില്ലേജ് ഓഫീസറുടേയും മെമ്പർമാരുടെയും ആവർത്തിച്ചുള്ള അപേക്ഷ കേട്ട് വലിയൊരു വിഭാഗം കുടുംബങ്ങൾ അപ്പോൾ തന്നെ അവിടെ ഉപേക്ഷിച്ചു പോകാൻ തുടങ്ങി. പക്ഷേ അപ്പോഴും “ഇത് ഞങ്ങളുടെ മണ്ണാണ് ഞങ്ങൾക്ക് ഒന്നും സംഭവിക്കില്ല, ഞങ്ങൾ എങ്ങോട്ടും പോകുന്നില്ല” എന്ന് മറുപടി നൽകിയവരും ഉണ്ടായിരുന്നു.

പത്ത് മണിയോടെ ജില്ലാ കളക്ടറുടെ ഉത്തരവ് എത്തി, അതിശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ ടൂറിസം കേന്ദ്രങ്ങളിലേക്ക് പ്രവേശനം നിരോധിച്ചുകൊണ്ടുള്ളതായിരുന്നു അത്. അട്ടമല ഗ്ലാസ് ബ്രിഡ്ജും നിരവധി വെള്ളച്ചാട്ടങ്ങളും ഈ പ്രദേശങ്ങളിൽ ഉണ്ട്. മഴ കനത്തതോടെ മഴ ആസ്വദിക്കാൻ തന്നെ നിരവധി ടൂറിസ്റ്റുകൾ ഇവിടെ എത്തിയിരുന്നു. ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ അടച്ചുപൂട്ടാനുള്ള ജില്ലാകളക്ടറുടെ നിർദ്ദേശം ഞങ്ങൾ നൽകിയതോടെ ടൂറിസ്റ്റുകൾ തിരികെ പോകുന്നതിനു പകരം റിസോർട്ടുകളിലേക്ക് മടങ്ങാൻ തുടങ്ങി. അത് കൂടുതൽ ആശയക്കുഴപ്പം വരുത്തിവെച്ചു. വലിയൊരു വിഭാഗം ടൂറിസ്റ്റുകൾ അവിടെ താമസിക്കുക എന്നത് കൂടുതൽ അപകടകരമായ ഒരു അവസ്ഥയിലേക്ക് കൊണ്ടുപോകും എന്ന് ഉറപ്പായിരുന്നു. മാത്രമല്ല ചുരം കയറി ടൂറിസ്റ്റ് ബസ്സുകൾ അപ്പോഴും വന്നുകൊണ്ടിരിക്കുകയായിരുന്നു. കേരളത്തിൽ തലേ ദിവസം ആകെ പെയ്ത

മഴയുടെ അത്രയും അളവ് മഴ അന്ന് ഉച്ചയോടെ വയനാടിൽ പെയ്തുകഴിഞ്ഞു എന്ന കാലാവസ്ഥാ വകുപ്പിന്റെ അറിയിപ്പ് ഇതിനിടെ വന്നു. ഈ ഘട്ടത്തിൽ റിസോർട്ടുകൾ അടച്ചുപൂട്ടി പഞ്ചായത്ത് ഉത്തരവ് പുറപ്പെടുവിപ്പിച്ചു. ഇത് റിസോർട്ട് ബുക്ക് ചെയ്ത് വന്ന വിനോദസഞ്ചാരികളിൽ ആശയക്കുഴപ്പം ഉണ്ടാക്കി. റിസോർട്ട് ഉടമകളുമായി സംസാരിച്ച് ബുക്കിങ്ങ് തുക തിരികെ നൽകാൻ തീരുമാനം ആയതോടെ സഞ്ചാരികൾ തിരികെ പോകാൻ ആരംഭിച്ചു.

ഉച്ചയോടെ ഞങ്ങൾ മടങ്ങി ആഫീസിലെത്തി. കാലാവസ്ഥയുടെ ഭീകരാവസ്ഥ കണക്കിലെടുത്തുകൊണ്ട് പഞ്ചായത്ത് സമിതി അനൗദ്യോഗികയോഗം ചേർന്നു. രാത്രിയിലും ഓഫീസ് തുറന്ന് പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചു.

ആറുമണിയോട് കൂടി ഞങ്ങൾക്ക് അടുത്ത സന്ദേശം ലഭിച്ചു. ഞങ്ങൾ ഹൈസ്കൂളിൽ കൊണ്ടുപോയി താമസിപ്പിച്ച കുടുംബങ്ങൾക്ക് പുതപ്പ് ലഭ്യമാക്കണം. ഞങ്ങൾ മേപ്പാടി ടൗണിൽ പോയി 16 പുതപ്പുകൾ വാങ്ങി. ഉദ്യോഗസ്ഥരും ജീവനക്കാരും അടങ്ങുന്ന സംഘം ചൂരൽമല ഹൈസ്കൂളിൽ എത്തി. അവിടെ റവന്യൂ, പോലീസ്, സന്നദ്ധ സംഘടനാ പ്രവർത്തകർ എന്നിവർ സദാ സജ്ജരായി ഉണ്ടായിരുന്നു. അപ്പോഴും വെള്ളാർമല ഹൈസ്കൂളിലും പരിസരങ്ങളിലും അതിശക്തമായി മഴ തുടരുകയായിരുന്നു. കാശ്മീരം എന്ന തുരുത്തിൽ നിന്ന് ഞങ്ങൾ ഒരു അങ്കണവാടിയിലേക്ക് മാറ്റി പാർപ്പിച്ച കുടുംബത്തിന് സഹായം വേണം എന്ന് സന്ദേശം ലഭിച്ചത് പ്രകാരം പത്ത് മണിയോടെ ഞങ്ങൾ ആ കുടുംബത്തിനെ സന്ദർശിച്ച് ഭക്ഷണവും വസ്ത്രവും നൽകി. അതിനു സമീപത്ത് തന്നെ തേയില തോട്ടത്തിനു നടുവിൽ ഒരു വീട്ടിൽ വെള്ളം കയറാൻ തുടങ്ങുകയായിരുന്നു. ഒരു പ്രത്യേക വാഹനം വരുത്തി ആ കുടുംബത്തെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റി. ഞങ്ങൾ ഓഫീസിലേക്ക് മടങ്ങി ഭക്ഷണം കഴിച്ചു. പ്രത്യേകിച്ച് സന്ദേശങ്ങൾ ഒന്നും പിന്നീട് വന്നില്ല. ഓഫീസിൽ ഇരുന്നു തന്നെ ഞങ്ങൾ ഒന്നു ചെറുതായി മയങ്ങി.

രാത്രി ഒന്നേകാലോടെ ഫോൺ മണിയടിച്ചു. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ആണ്. വിറയ്ക്കുന്ന ശബ്ദത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു. “പൊട്ടി സാറേ...” ഞങ്ങൾ ഉടനെ ചൂരൽമല ഹൈസ്കൂളിലേക്ക് തിരിച്ചു. സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ മറ്റൊരു വാഹനത്തിൽ സംഭവസ്ഥലത്തേക്ക് എത്തിയിരുന്നു. പോകുന്ന വഴികളിലെല്ലാം മരങ്ങൾ മറിഞ്ഞു കിടക്കുകയാണ്. വൈദ്യുതി പൂർണ്ണമായും വിച്ഛേദിക്കപ്പെട്ടിരിക്കുന്നു. കട്ടപിടിച്ച ഇരുട്ട്. ചൂരൽമല ടൗണിലും സ്കൂളിനും ചുറ്റും മരങ്ങളും ചെളിയും വന്ന് അടിഞ്ഞിരിക്കുന്നു. ഒരടി മുന്നോട്ട് നീങ്ങാൻ പറ്റുന്നില്ല. ചൂരൽമല പുഴക്ക് കുറുകേയുള്ള പാലം പൂർണ്ണമായും തകർന്നിരിക്കുന്നു. രണ്ട് മീറ്റർ ഉയരത്തിൽ ചെളി കെട്ടിക്കിടക്കുന്നു. അപ്പുറത്ത് എന്താണു സംഭവിക്കുന്നത് എന്ന്



അറിയാൻ വയ്യ. വിവരം ജില്ലാ അധികാരികളെയും മറ്റുള്ളവരേയും അറിയിച്ചു. ഫോൾസ് എത്തിത്തുടങ്ങി. പക്ഷേ ഒന്നും ചെയ്യാൻ പറ്റുന്നില്ല. രക്ഷയ്ക്കായുള്ള നിലവിളികൾ ഫോണുകളിൽ വന്നുകൊണ്ടിരുന്നു. മലമുകളിലേക്ക് ഓടി അവിടെ പെട്ടുപോയവർ, താഴേക്ക് ഇറങ്ങി വന്നവർ, കാടിനുള്ളിലേക്ക് ഓടിപ്പോയവർ അങ്ങനെ പലരുടെയും സഹായ അഭ്യർത്ഥനകൾ ജനപ്രതിനിധികളുടെ ഫോണിലേക്ക് ആർത്തലച്ച് വന്നുകൊണ്ടിരിക്കുന്നു. രക്ഷാപ്രവർത്തനം അവരുടെ പരിമിതികൾക്ക് ഉള്ളിൽ നിന്നു ആരംഭിച്ചു കഴിഞ്ഞു.

അപ്പോഴാണ് അതിഭീകരമായ ആ സംഭവം ഉണ്ടാകുന്നത്. ‘ഡാം സ്ലൈഡ്.’ ഭൂമിക്കടിയിൽ കെട്ടി നിന്ന വെള്ളം അഗ്നിപർവതം പോലെ ഭൂമിയെ പിളർത്തി ആർത്തലച്ച് എത്തുന്ന യഥാർത്ഥ ഉരുൾപൊട്ടൽ. ആദ്യത്തേത് മഴവെള്ളം മണ്ണിനേയും ചെളിയേയും മരങ്ങളെയും ഒഴുക്കിക്കൊണ്ട് വന്നതാണ്. എന്നാൽ രണ്ടാമത്തേത് ഭൂമിയെ പിളർത്തി ഉള്ളിലുള്ള ജലവും പാറയും വഴിയിൽ കണ്ടെതെല്ലാം ഒഴുക്കിക്കൊണ്ട് വന്ന ഭീകരപ്രളയം. ആദ്യത്തെ പ്രളയത്തിൽ നിന്ന് രക്ഷനേടി ചൂരൽമല ടൗണിലേക്ക് ഇറങ്ങിയവരും കാട്ടിൽ

**പോകുന്ന വഴികളിലെല്ലാം മരങ്ങൾ മറിഞ്ഞു കിടക്കുകയാണ്. വൈദ്യുതി പൂർണ്ണമായും വിച്ഛേദിക്കപ്പെട്ടിരിക്കുന്നു. കട്ടപിടിച്ച ഇരുട്ട്.**





**ആർക്കും തോല്പിക്കാനാവാത്ത കേരളം. സഹായഹസ്തങ്ങളുമായി കേരളം മുഴുവൻ മേപ്പാടിയിലേക്ക് ഒഴുകുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്.**

രക്ഷനേടിയവരും മലമുകളിലേക്ക് കയറിപ്പോയവരും എല്ലാം കുത്തൊഴുക്കിൽ പെട്ടുപോയി. ഒരു നിമിഷം പകച്ചു നിന്നു എങ്കിലും ജനപ്രതിനിധികളും ജീവനക്കാരും ഫോഴ്സിനൊപ്പം മുന്നിട്ടിറങ്ങി. കവുങ്ങും കയറും കൊണ്ട് താൽക്കാലിക പാലം നിർമ്മിക്കുന്നതിനു മുൻപ് തന്നെ ചില രക്ഷാപ്രവർത്തകർ പുഴ നീന്തിക്കടന്നു അപ്പുറം എത്തി. അവരിൽ നിന്നു വിളി വന്നു"... സാറേ രണ്ട് ബോഡി കിട്ടി..."

സംഭവം എങ്ങനെ തിരിയുന്നു എന്ന് മനസ്സിലായി. ഓഫീസിനു മുന്നിലുള്ള ഹാൾ ഒഴിപ്പിച്ചു വൃത്തിയാക്കി, മേശകൾ അടുക്കിയിട്ടു... ശരീരങ്ങൾ വന്നു തുടങ്ങി... ശരീരങ്ങൾ മാത്രമല്ല ശരീരഭാഗങ്ങളും... പലതും തിരിച്ചറിയാനാകാത്ത രൂപത്തിൽ. പരിക്കേറ്റവരെ പഞ്ചായത്തിനു തൊട്ടടുത്തുള്ള ആശുപത്രിയിലേക്ക് മാറ്റി. പോസ്റ്റ്മോർട്ടത്തിനു പി.എച്ച്.സി. യിൽ സൗകര്യം ഒരുക്കി. ശരീരങ്ങൾ കഴുകി വൃത്തിയാക്കാനും മറ്റും ജനപ്രതിനിധികളും ജീവനക്കാരും തന്നെ മുന്നിട്ടിറങ്ങി. പോസ്റ്റുമോർട്ടം കഴിഞ്ഞ ശരീരങ്ങൾ സൂക്ഷിക്കാനുള്ള ഫ്രീസറുകൾ കിട്ടാനില്ലായിരുന്നു. ജില്ലാ കളക്ടർ തന്നെ അക്കാര്യത്തിൽ മുന്നിട്ടിറങ്ങി നാടിലെമ്പാടും നിന്ന് മതിയായ ഫ്രീസറുകൾ എത്തിച്ചു. പോസ്റ്റ്മോർട്ടം കഴിഞ്ഞ ശരീരങ്ങൾ ഫ്രീസറിലേക്ക് മാറ്റി.

ഉറ്റവരുടെയും ഉടയവരുടെയും ദേഹങ്ങൾ തേടിവന്നവരുടെ കാഴ്ച കരളലിയിക്കുന്നതായിരുന്നു. ഒരോ ഫ്രീസറിനും അരികിലേക്ക് എത്തുമ്പോൾ അത് തങ്ങളുടെ ബന്ധുവാകരുതേ എന്ന പ്രാർത്ഥനയോടെ ചലിക്കുന്ന ആളുകളും പിന്നീട് ഉയരുന്ന ഉച്ചത്തിലുള്ള നിലവിളിയും താങ്ങാവുന്നതിനും അപ്പുറം ആയിരുന്നു. ഉറ്റവരുടെ ദേഹങ്ങൾ കണ്ട് തിരിച്ചറിയാൻ കഴിയാതെ പോയവർ മറുവശത്ത്. ശരീര അവശിഷ്ടങ്ങൾ മാത്രം ലഭിച്ചവയിൽ പരതി നോക്കുന്ന ബന്ധുക്കൾ...

ഒടുവിൽ ശരീരങ്ങൾ സംഖ്യകളായി...

തിരിച്ചറിഞ്ഞ് മരണം രജിസ്റ്റർ ചെയ്തത് 251. തിരിച്ചറിയാത്ത ശരീരങ്ങൾ 18. കാണാതായവർ 47.

ഒടുവിൽ കുഴികൾ തോണ്ടി. തലേദിവസം വരെ ഒരുമിച്ച് ജീവിച്ചവർ, പ്രതീക്ഷകൾ കെട്ടിപ്പടുത്തവർ, അവരുടെ ശരീരങ്ങളും സ്വപ്നങ്ങളും നിയമപരമായ ചടങ്ങുകൾ പൂർത്തിയാക്കി കുഴിയിലേക്കിറക്കി. പെരുമഴയിൽ മണ്ണിൽ നിന്ന് വലിച്ചെടുത്ത ശരീരങ്ങൾ വീണ്ടും അതേ മണ്ണിലേക്ക്.

ക്യാമ്പുകളിലുമുണ്ട് നിസ്സഹായരായ മനുഷ്യർ. എല്ലാം നഷ്ടപ്പെട്ടത് എന്നുവെച്ചാൽ ഉടുതുണിപോലും ഇല്ലാതെ ഓടിവന്ന ജീവിതങ്ങൾ. അവരെ കൈകോർത്ത് പിടിച്ചു. ഹൃദയത്തോട് ചേർത്തണച്ചു.

കേരളമാണ്. ആർക്കും തോല്പിക്കാനാവാത്ത കേരളം. സഹായഹസ്തങ്ങളുമായി കേരളം മുഴുവൻ മേപ്പാടിയിലേക്ക് ഒഴുകുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. ഭക്ഷണം, വസ്ത്രം, താൽകാലിക പാർപ്പിടം എന്നിവയൊരുക്കി സർക്കാരും പ്രാദേശിക സർക്കാരുകളും കൈകോർത്തു. സംഘടനകളും സന്നദ്ധ പ്രവർത്തകരും കൈ-മെയ് മറന്ന് സഹായിച്ചു. അതിജീവനത്തിന്റെ പോരാട്ടം അവിടെ തുടങ്ങുകയായിരുന്നു.

ഇന്ന് വെള്ളാർമലയിലെ കുട്ടികൾ വീണ്ടും സ്കൂളിൽ പോയിത്തുടങ്ങി. റോഡുകളും പാലങ്ങളും പുനർനിർമ്മിച്ചു തുടങ്ങി. മേപ്പാടിയിൽ ടൗൺഷിപ്പ് ഒരുക്കാൻ സർക്കാർ നടപടികൾ ആരംഭിച്ചു.

കണ്ണുനീർ തുള്ളികൾ അടർത്തിമാറ്റി മേപ്പാടി ജീവിതത്തിലേക്ക് തിരികെ വരികയാണ്. ഒപ്പം കൈകോർത്ത് ഞങ്ങളും. ഒരുമയോടെ ഒരേ മനസ്സോടെ... □





# പരാതിക്കാരെ ചേർത്തുപിടിച്ച് മന്ത്രി

## ചരിത്രംകുറിച്ച് തദ്ദേശ അദാലത്തുകൾ

**ദീപ കെ.**
ചീഫ് ഓഫീസർ, കമ്മ്യൂണിക്കേഷൻ & പബ്ലിക് റിലേഷൻസ്

സ്വാതന്ത്ര്യദിനത്തിന്റെ പിറ്റേ ദിവസം. 2024 ആഗസ്റ്റ് 16. എറണാകുളം ടൗൺഹാൾ പരിസരം. അതിരാവിലെ കൈകളിൽ വലിയ കെട്ട് കടലാസുകളും കണ്ണുകളിൽ പ്രതീക്ഷയുമായി വലിയ ആൾക്കൂട്ടം അവിടെ നിലയുറപ്പിച്ചിരിക്കുന്നു. അവിടെ വരെ യാത്ര ചെയ്തതിന്റെ ക്ഷീണം മുഖത്തുണ്ടെങ്കിലും എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടുമെന്ന വലിയ വിശ്വാസം ആ ക്ഷീണത്തെ മായ്ച്ചു കളയുന്നതായി തോന്നും അവരെ കണ്ടാൽ.

അവരുടെ പ്രതീക്ഷകൾ സത്യമായിരുന്നു. ചെറിയ വലിയ പ്രശ്നങ്ങൾ പരിഹരിക്കാൻ, അവരുടെ പ്രശ്നങ്ങൾ അവരിൽ നിന്നുതന്നെ നേരിൽ കേൾക്കാൻ തദ്ദേശ വകുപ്പ് മന്ത്രി തന്നെ എത്തുകയാണ്.

ഫയൽ കുരുക്കുകളിൽപ്പെട്ട് വീടിന് നമ്പർ കിട്ടാതെ, വീടിന്റെ പ്ലാനിന് അനുമതി കിട്ടാതെ, സ്വന്തമായി ഒരു വീട്ടിൽ താമസിക്കാനുള്ള ആഗ്രഹങ്ങൾ ഉപേക്ഷിക്കേണ്ടി വന്നവരും സാമ്പത്തിക സഹായങ്ങൾ ലഭ്യമാകാതെ പോയവരും തുടങ്ങി ഒട്ടേറെ പേർ മന്ത്രിയെ കാത്തുനില്പുണ്ടായിരുന്നു. 'ഓരോ ഫയലും ഓരോ ജീവിതമാണെന്ന വ്യക്തമായ ധാരണയോടെ തദ്ദേശ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും ടൗൺഹാളിൽ എത്തിയിരുന്നു.

കുറച്ച് സമയം പിന്നിട്ടപ്പോൾ മുഖ്യമന്ത്രി പിണറായി വിജയനോടൊപ്പം മന്ത്രിമാരും എം.പി. മാരും എം.എൽ.എ. മാരും ടൗൺഹാളിലെത്തി. തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലെ തദ്ദേശ അദാലത്തിന് തുടക്കമാവുകയാണ്. ജനങ്ങളെ നേരിൽ കണ്ട് അവരുടെ പ്രശ്നങ്ങൾ പരിഹരിച്ച് ജനങ്ങളിലേക്കിറങ്ങുന്ന ഒരു സർക്കാരിന്റെ സംരംഭം.

ഏറ്റവുമധികം ജനങ്ങൾ ബന്ധപ്പെടുന്ന സ്ഥാപനങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെന്ന് തദ്ദേശ അദാലത്ത് ഉദ്ഘാടനം ചെയ്തു കൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾ രാജ്യത്തിനാകെ മാതൃകയാണ്. മാലിന്യമുക്ത പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിൽ നല്ല പുരോഗതിയാണ് തദ്ദേശ സ്ഥാപനങ്ങൾ കൈവരിക്കുന്നത്. നാടിന്റെ മാറ്റത്തിൽ സുപ്രധാനമായ പങ്ക് വഹിച്ചു കൊണ്ടാണ് തദ്ദേശസ്ഥാപനങ്ങൾ മുന്നോട്ട് പോകുന്നതെന്നും ജനങ്ങളോട് നേരിട്ട് ഇടപഴകുന്ന തദ്ദേശസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ അവരുടെ പരാതികൾ പരിഹരിക്കാൻ ജാഗ്രത പുലർത്തണമെന്നും തദ്ദേശസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥ തലങ്ങളിലുള്ള പുഴുക്കുത്തുകൾ കൂടി ഉപേക്ഷിച്ചാൽ മികവാർന്ന

**കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾ രാജ്യത്തിനാകെ മാതൃകയാണ്.**




രീതിയിൽ നാടിന് മുന്നേറാനാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് ചടങ്ങിൽ അധ്യക്ഷനായിരുന്നു. വ്യവസായ വകുപ്പുമന്ത്രി പി. രാജീവ്, കൊച്ചി മേയർ അഡ്വ എം. അനിൽകുമാർ എന്നിവർ മുഖ്യാതിഥികളായി. എം.പി. മാരും എം.എൽ. എ. മാരും ഉൾപ്പെടെയുള്ള ജനപ്രതിനിധികളും തദ്ദേശ അദാലത്തിൽ പങ്കെടുത്തിരുന്നു.

പതിനാല് ജില്ലകളിലായി പതിനേഴ് അദാലത്തുകളാണ് നടന്നത്. തിരുവനന്തപുരം ,കൊച്ചി, കോഴിക്കോട്, എന്നിവിടങ്ങളിൽ ജില്ലാതല അദാലത്തുകളും കോർപ്പറേഷൻ തല അദാലത്തുകളും പ്രത്യേകമായി നടത്തി.

ആകെ ലഭിച്ച 17288 പരാതികളിൽ 16143 എണ്ണവും തീർപ്പാക്കിയിട്ടുണ്ട്. 93 ശതമാനത്തിലധികം പരാതികളും അപേക്ഷകന് അനുകൂലമായാണ് തീർപ്പാക്കിയത്. തീർപ്പാക്കിയ 14095 പരാതികളിലെ തീരുമാനങ്ങൾ ഇതിനകം നടപ്പിലാക്കിയിട്ടുമുണ്ട്. നിരവധി പൊതു ഉത്തരവുകൾ ഇറക്കി ജനങ്ങൾക്കുണ്ടായ പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിച്ചതായി തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു.

> **ആകെ ലഭിച്ച 17288 പരാതികളിൽ 16143 എണ്ണവും തീർപ്പാക്കിയിട്ടുണ്ട്. 93 ശതമാനത്തിലധികം പരാതികളും അപേക്ഷകന് അനുകൂലമായാണ് തീർപ്പാക്കിയത്.**

## അദാലത്തിലെ പ്രധാന തീരുമാനങ്ങൾ

- നിർമ്മാണം നടക്കാത്ത കെട്ടിടങ്ങളിലെ അധിക എഫ്.എ.ആർ. ഫീസ് തിരിച്ചുനൽകും, കെട്ടിട നിർമ്മാണ ചട്ടത്തിൽ ഭേദഗതി വരുത്തും. കെട്ടിട നിർമ്മാണ പെർമിറ്റ് എടുത്ത് ശേഷം നിർമ്മാണം ഉപേക്ഷിച്ചാൽ, ഈടാക്കിയ അധിക എഫ്.എ.ആർ. ഫീസ് തിരിച്ചുനൽകുന്ന നിലയിൽ കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തും. കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 16 ആണ് ഭേദഗതി ചെയ്യുക. നിശ്ചയിച്ച ഫ്ലോർ ഏരിയ റേഷ്യോ പാലിക്കാൻ കഴിയാത്ത കെട്ടിടങ്ങൾക്കാണ് പ്രത്യേക ഫീസ് അടച്ച് ഇളവ് നല്കുന്നത്.
- പെൻഷൻ നേരിട്ട് വാങ്ങാൻ കഴിയാത്ത അനാരോഗ്യമുള്ളവർക്ക് തുക വീട്ടിൽ എത്തിക്കും. ഒറ്റയ്ക്ക് താമസിക്കുന്നവരും അനാരോഗ്യം കാരണം പെൻഷൻ നേരിട്ട് വാങ്ങാൻ കഴിയാത്തവരുമായ ആളുകൾക്കാണ് പെൻഷൻ തുക വീട്ടിലെത്തിച്ച് നൽകുക.
- കെട്ടിടങ്ങൾക്ക് മുൻപിൽ താത്കാലിക ഷീറ്റ് ഇടുന്നത് പ്രത്യേക നിർമ്മിതിയായി കണക്കാക്കില്ല, നിബന്ധനകൾക്ക് വിധേയമായി ഇളവ് നൽകാൻ ചട്ടഭേദഗതി കൊണ്ടുവരാൻ തീരുമാനിച്ചു. വെയിലിൽ നിന്നും മഴയിൽ നിന്നും സംരക്ഷണം നൽകുന്നതിനായി, വശങ്ങളിൽ തുറന്ന നിലയിൽ വീടുകൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും മുൻപിൽ ഷീറ്റ് ഇടുന്നത് പ്രത്യേക നിർമ്മിതിയായി കണക്കാക്കില്ല. നിബന്ധനകൾക്ക് വിധേയമായിട്ടാണ് ഈ ഇളവ് അനുവദിക്കുക. ഇത് സംബന്ധിച്ച ഭേദഗതി കെട്ടിട നിർമ്മാണ ചട്ടം 23(1), 2 (bf) യിൽ വരുത്തും. സ്ഥാപിക്കുന്ന ഷീറ്റ് റോഡിലേക്ക് കയറി നിൽക്കുന്നത് പോലെയുള്ള നിയമലംഘനങ്ങൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തിയാകും ഈ ഇളവ് നൽകുന്നത്. ഇത്തരം നിർമ്മിതിയെ ചട്ടത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയാകും ഭേദഗതി നടപ്പിലാക്കുക.
- സെറിബ്രൽ പാൾസി ബാധിച്ച കുട്ടികൾക്ക് സ്കൂളിൽ പോകുമ്പോൾ ഡയപ്പർ വാങ്ങാൻ,



കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിക്കാതെ തദ്ദേശ സ്ഥാപനത്തിന് സഹായം നൽകാം. തനത് ഫണ്ടോ സ്പോൺസർഷിപ്പോ പരിഗണിക്കാം, പദ്ധതി മാർഗരേഖയിൽ ഉൾപ്പെടുത്തും.

- കെട്ടിടത്തെ സംബന്ധിച്ച് പാലിക്കേണ്ട നിബന്ധനകൾ എല്ലാം പാലിച്ചിട്ടുണ്ടെങ്കിൽ, പ്ലോട്ട് ഏരിയയിൽ കുറവോ കൂടുതലോ വന്നു എന്ന കാരണത്താൽ പെർമിറ്റ് റദ്ദാക്കുന്ന ചട്ടത്തിൽ ഇളവ് നൽകും. കെട്ടിട നിർമ്മാണ ചട്ടം 19(5) ലാണ് ഇളവ് നൽകുക.
- താമസആവശ്യത്തിനുള്ള വീടുകൾ നിർമ്മിക്കുന്നതിന് ദേശീയപാതാ സർവീസ് റോഡുകളിൽ നിന്നുള്ള ആക്സസ് പെർമിഷൻ നിർബന്ധമാക്കില്ല. ആക്സസ് പെർമിഷൻ ഇല്ലാതെ തന്നെ വീടുകൾക്ക് ഇനി മുതൽ തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് ബിൽഡിങ് പെർമിറ്റും നമ്പറും ലഭിക്കും.
- വിമാനത്താവളം, റെയിൽവെ, പ്രതിരോധ സ്ഥാപനങ്ങൾ എന്നിവയുടെ എൻഒസിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ തലത്തിൽ പ്രത്യേക സംവിധാനം ഒരുക്കും.
- കെട്ടിടങ്ങളിലെ എമർജൻസി എക്സിറ്റിലേക്കുള്ള ട്രാവൽ ഡിസ്റ്റൻസ് 45 മീറ്ററാക്കി ഉയർത്തും. ഇതിനാവശ്യമായ ചട്ട ഭേദഗതി കൊണ്ടുവരും. നിലവിൽ കെട്ടിടനിർമ്മാണ ചട്ടം 36(2) പ്രകാരം ഇത് 30 മീറ്ററാണ്. അതേ സമയം നാഷണൽ ബിൽഡിംഗ് കോഡ് (എൻബിസി) ഭേദഗതി പ്രകാരം ഈ ട്രാവൽ ഡിസ്റ്റൻസ് 45 മീറ്ററായി ഉയർത്തിയിട്ടുണ്ട്. ഇത് പരിഗണിച്ചാണ് കെട്ടിട നിർമ്മാണ ചട്ടത്തിലും ആവശ്യമായ ഭേദഗതി കൊണ്ടുവരുന്നത്.
- ഗസറ്റിൽ പേരുമാറ്റിയാൽ ഇനി മുതൽ വിവാഹ രജിസ്റ്ററിലെയും സർട്ടിഫിക്കറ്റിലെയും പേരു തിരുത്താം. കോട്ടയം അതിരമ്പുഴ സെന്റ് മേരീസ് പള്ളി പാരിഷ് ഹാളിൽ നടന്ന കോട്ടയം ജില്ലാ തദ്ദേശ അദാലത്തിൽ കറുകച്ചാൽ പനയ്ക്കവയലിൽ പി.ഡി. സൂരജ് നൽകിയ അപേക്ഷയിലാണ് നിരവധി പേർക്ക് ആശ്വാസമേകുന്ന തീരുമാനമെടുത്തത്. ഇതിനായി പൊതു ഉത്തരവിറക്കും.
- പാമ്പാടി, മീനടം പഞ്ചായത്തുകൾ തമ്മിൽ കാലങ്ങളായുള്ള തർക്കത്തിന് പരിഹാരമായി. 18 വാർഡുകളിലെ ഗുണഭോക്താക്കൾക്ക് കുടിവെള്ളമെത്താൻ വഴിയൊരുങ്ങി. പാമ്പാടി, മീനടം ഗ്രാമപഞ്ചായത്തുകൾ തമ്മിൽ വർഷങ്ങളായി നിലനിന്ന തർക്കമാണ് തദ്ദേശ അദാലത്തിൽ പരിഹരിക്കപ്പെട്ടത്. പാമ്പാടി പഞ്ചായത്തിലെ 12 വാർഡിലെയും മീനടം പഞ്ചായത്തിലെ ആറ് വാർഡിലെയും ഗുണഭോക്താക്കൾക്ക് കുടിവെള്ളമെത്തിക്കുന്ന പദ്ധതിക്കുള്ള തടസം നീങ്ങി. 18 വാർഡുകളിലെയും ഗുണഭോക്താക്കൾക്കു വേണ്ടി മീനടം പഞ്ചായത്തിലെ എട്ടാം വാർഡിൽ 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള വാട്ടർ ടാങ്ക് നിർമിക്കും. ഇതു സംബന്ധിച്ച അനുമതി നൽകാൻ മീനടം പഞ്ചായത്തിന് മന്ത്രി എം.ബി. രാജേഷ് നിർദ്ദേശം നൽകി. മീനടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി വാട്ടർ അതോറിറ്റിയുമായി ഉടൻ കരാറിൽ ഏർപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കും.




- ഇനി എല്ലാവർക്കും വീഡിയോ കോൺഫറൻസ് വഴി വിവാഹം രജിസ്റ്റർ ചെയ്യാം. ഗ്രാമപഞ്ചായത്തുകളിൽ വിവാഹ രജിസ്ട്രാർക്ക് മുമ്പാകെ നേരിട്ട് ഹാജരാകാതെ വീഡിയോ കോൺഫറൻസ് വഴി വിവാഹം രജിസ്റ്റർ ചെയ്യാൻ അനുമതി തേടി നൽകിയ പരാതിയിലാണ് തീരുമാനം. 2019ൽ കോവിഡ് വ്യാപന പശ്ചാത്തലത്തിൽ വിദേശത്തുള്ളവർക്ക് വിവാഹ രജിസ്ട്രേഷന് ഓൺലൈനിൽ ഹാജരാകാനുള്ള പ്രത്യേക ഉത്തരവ് നൽകിയിരുന്നു. ഇത് ഇപ്പോഴും തുടരുന്നുണ്ട്, അതേ സമയം ദമ്പതികളിൽ ഒരാളെങ്കിലും വിദേശത്ത് താമസിക്കുന്നുണ്ടെങ്കിൽ മാത്രമാണ് ഈ സൗകര്യം ലഭ്യമാകുന്നത്. കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ ജോലി ചെയ്യുന്നവർക്കും, അയൽസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവർക്കും ഇതുണ്ടാക്കുന്ന ബുദ്ധിമുട്ടുകളാണ് പരിഹരിക്കപ്പെടുന്നത്.
- സംസ്ഥാനത്തെ ഹൈറേഞ്ച് മേഖലയിൽ ജീവിക്കുന്ന ദാരിദ്ര്യ രേഖക്ക് താഴെയുള്ള വയോജനങ്ങൾക്ക് കമ്പിളി പുതപ്പ് ലഭ്യമാക്കാനുള്ള പദ്ധതി നടപ്പിലാക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുമെന്ന് അദാലത്തിൽ മന്ത്രി പ്രഖ്യാപിച്ചു. പദ്ധതി മാനദണ്ഡങ്ങളിൽ ഇതിന് അനുസരിച്ച് മാറ്റം വരുത്തും.

**ഇനി എല്ലാവർക്കും വീഡിയോ കോൺഫറൻസ് വഴി വിവാഹം രജിസ്റ്റർ ചെയ്യാം.**





> **നഗരങ്ങളിൽ രണ്ട് സെന്റ് വരെയുള്ള ഭൂമിയിൽ നിർമ്മിക്കുന്ന ചെറിയ വീടുകൾക്ക് ഇളവ്. നിബന്ധനകൾക്ക് വിധേയമായി മൂന്ന് മീറ്റർ വരെയുള്ള റോഡിലേക്കുള്ള ഫ്രണ്ട് യാർഡ് സെറ്റ്ബാക്ക് ഒരു മീറ്ററായി കുറയ്ക്കും.**

പുതിയ പ്രഖ്യാപനം വയനാട്, ഇടുക്കി ജില്ലകളിലെ മലയോര മേഖലയിലെ നിരവധി കുടുംബങ്ങൾക്ക് പ്രയോജനകരമാവും.

- വിമുക്തഭടന്മാരുടെ ഐക്യത്തിനും ബോധവൽക്കരണ പരിപാടികൾക്കും മറ്റ് പരിപാടികൾക്കും വേണ്ടി നിർമ്മിച്ചിട്ടുള്ള വിമുക്തഭട ഭവൻ കെട്ടിടങ്ങളുടെ നികുതി സംസ്ഥാനതലത്തിൽ പുനർ നിർണയിച്ചു. സംസ്ഥാനത്താകെയുള്ള എക്സ് സർവീസ് ലീഗിന്റെ കെട്ടിടങ്ങൾക്ക് ഈ തീരുമാനം ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കും. ഇതോടെ ഗ്രാമ പഞ്ചായത്തുകളിൽ 100 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 70 രൂപ എന്ന നിരക്കിൽ ഈടാക്കിയിരുന്ന കെട്ടിട നികുതി ചതുരശ്ര മീറ്ററിന് 40 രൂപയായി കുറയും. മുൻസിപ്പാലിറ്റികളിൽ ഇത് 80 രൂപയെന്നത് 60 രൂപയായി കുറയും.
- നഗരങ്ങളിൽ രണ്ട് സെന്റ് വരെയുള്ള ഭൂമിയിൽ നിർമ്മിക്കുന്ന ചെറിയ വീടുകൾക്ക് ഇളവ്. നിബന്ധനകൾക്ക് വിധേയമായി മൂന്ന് മീറ്റർ വരെയുള്ള റോഡിലേക്കുള്ള ഫ്രണ്ട് യാർഡ് സെറ്റ്ബാക്ക് ഒരു മീറ്ററായി കുറയ്ക്കും. കോർപ്പറേഷൻ/ മുൻസിപ്പൽ അതിർത്തിക്കുള്ളിൽ രണ്ട് സെന്റ് വരെയുള്ള ഭൂമിയിൽ നിർമ്മിക്കുന്ന 100 ചതുരശ്ര മീറ്റർ വരെയുള്ള വീടുകൾക്ക് മുന്നിൽ 3 മീറ്റർ വരെയുള്ള വഴിയാണെങ്കിൽ, ഫ്രണ്ട് യാർഡ് സെറ്റ് ബാക്ക് ഒരു മീറ്റർ ആയി കുറച്ചുകൊണ്ട് ചട്ട ഭേദഗതി കൊണ്ടുവരും. താമസ ആവശ്യത്തിനു അനുയോജ്യമായ വേറെ ഭൂമി ഇല്ലാത്ത കുടുംബങ്ങൾക്കാണ് നിബന്ധനകൾക്ക് വിധേയമായി ഈ ഇളവ് അനുവദിക്കുക. വലിയ പ്ലോട്ടുകൾക്ക് 2 മീറ്ററും, 3 സെന്റിൽ താഴെയുള്ള പ്ലോട്ടുകൾക്ക് 1.8 മീറ്ററും ആയിരുന്ന നിലവിൽ റോഡിൽ നിന്നുള്ള ഫ്രണ്ട് സെറ്റ്ബാക്ക് നിശ്ചയിച്ചിരുന്നത്. കെഎംബിആർ 2019 റൂൾ 26(4), 28(3) ഭേദഗതി വരുത്തി ഇളവ് നൽകാനാണ് അദാലത്തിൽ തീരുമാനമെടുത്തത്. സംസ്ഥാനത്തെമ്പാടും ആയിരക്കണക്കിന് കുടുംബങ്ങൾക്ക് ഗുണകരമാവുന്ന തീരുമാനമാണ് തദ്ദേശ അദാലത്തിൽ മന്ത്രി പ്രഖ്യാപിച്ചിരിക്കുന്നത്. നഗരങ്ങളിലെ ചെറിയ പ്ലോട്ടുകളിൽ താമസത്തിനായി ചെറിയ വീട് നിർമ്മിച്ച് ഇനിയും വീട് നമ്പർ ലഭിക്കാത്തവർക്ക് ഈ ചട്ടഭേദഗതി ഗുണകരമാകും.

പതിനേഴ് അദാലത്തുകളിലുമായി ജനങ്ങളുടെ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിട്ട് മനസ്സിലാക്കി ഇനിയും ഏറെ സുപ്രധാന തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ട്.

അദാലത്തിലെ തീർപ്പ് സമയബന്ധിതമായി നടപ്പിലാക്കുന്നുവെന്നും അവസാന അപേക്ഷയിലും നീതിയുക്തമായ തീർപ്പുണ്ടാക്കുന്നുവെന്നും ഉറപ്പാക്കാൻ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലും ജോയിന്റ് ഡയറക്ടർ ഓഫീസുകളിലും മോണിറ്ററിംഗ് സെൽ പ്രവർത്തിക്കുന്നുണ്ട്. ലഭിച്ച പരാതികൾ പൂർണമായി തീർപ്പാക്കി, തീരുമാനങ്ങൾ നടപ്പിലാക്കി റിപ്പോർട്ട് സമർപ്പിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്. ഇത് വിലയിരുത്താൻ, മൂന്ന് മേഖലകളായി തിരിച്ച് മന്ത്രിതല അവലോകനങ്ങൾ നടന്നു വരികയാണ്.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലും സർക്കാരിലും തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ പരിഹരിക്കാൻ പ്രത്യേക അദാലത്തും നടത്തുന്നുണ്ട്. മുൻസിപ്പൽ കോർപ്പറേഷനുകളുടെ പ്രത്യേകമായ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള യോഗവും തീരുമാനിച്ചിട്ടുണ്ട്. ഈ നടപടികൾ എല്ലാം നവംബർ 15 ഓടെ പൂർത്തിയാക്കും.

നിയമവിരുദ്ധമായ പ്രവൃത്തികളെ സാധൂകരിക്കാനുള്ള വേദിയായിരുന്നില്ല അദാലത്ത് എന്ന് മന്ത്രി എം.ബി. രാജേഷ് വ്യക്തമാക്കുന്നു. എന്നാൽ സാങ്കേതിക കാര്യങ്ങളിൽ കുടുങ്ങിക്കിടന്ന നിരവധി പ്രശ്നങ്ങൾ അദാലത്തിൽ പരിഹരിക്കാനുമായി. അപേക്ഷകൾ തീർപ്പാക്കി, എങ്ങനെ പൊതുജനങ്ങളെ സഹായിക്കാം എന്ന സമീപനത്തിലേക്ക് ഉദ്യോഗസ്ഥർ മാറി. ഇതാണ് അദാലത്ത് തദ്ദേശ വകുപ്പിലുണ്ടാക്കിയ പൊതുവായ മാറ്റം. മാറാത്തവർക്കും വൈകാതെ മാറേണ്ടിവരും. ഈ ഊർജം നിലനിർത്താൻ ശ്രമിക്കും. മന്ത്രി എം.ബി. രാജേഷ് അദാലത്തുകൾക്ക് ശേഷം നടത്തിയ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ശർമ്മിള മേരി ജോസഫ്, സ്പെഷ്യൽ സെക്രട്ടറി ടി വി അനുപമ, പ്രിൻസിപ്പൽ ഡയറക്ടർ സീറാം സാംബശിവ റാവു, റൂറൽ ഡയറക്ടർ ദിനേശൻ ചെറുവാട്ട്, അർബൻ ഡയറക്ടർ സൂരജ് ഷാജി, ചീഫ് എഞ്ചിനീയർ സന്ദീപ് കെ ജി, ചീഫ് ടൗൺ പ്ലാനർ ഷിജി ചന്ദ്രൻ തുടങ്ങിയവർ അദാലത്തിന് നേതൃത്വം നൽകി.

വകുപ്പിലെ മുഴുവൻ അഡീഷണൽ ഡയറക്ടർമാരും ജോയിന്റ്ഡയറക്ടർമാരും ടൗൺ പ്ലാനിങ് ഉദ്യോഗസ്ഥരും പബ്ലിക് റിലേഷൻസ് വിഭാഗം ഉദ്യോഗസ്ഥരും മന്ത്രിയോടൊപ്പം പതിനേഴ് അദാലത്തുകളിലും പങ്കെടുത്തു.

തദ്ദേശവകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥരും മന്ത്രി എം.ബി. രാജേഷിന്റെ നേതൃത്വത്തിൽ ജനങ്ങളിലേക്കിറങ്ങിയ അദാലത്തിന്റെ തുടർ പ്രവർത്തനങ്ങളും പൂർത്തിയായി വരുന്നു. □




# നമസ്തേ പദ്ധതി

**ആര്യ വി.ജെ.**

നമസ്തെ സ്റ്റേറ്റ് പ്രോജെക്റ്റ് മാനേജർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശ സ്വയംഭരണ വകുപ്പ്

സീവർ ലൈൻ / സെപ്റ്റിക് ടാങ്ക് തൊഴിലാളികളുടെ സുരക്ഷയും ഉന്നമനവും ലക്ഷ്യമാക്കുന്ന പദ്ധതിയാണ് നമസ്തെ (NAMASTE -നാഷണൽ ആക്ഷൻ ഫോർ മെക്കനൈസ്ഡ് സാനിറ്റേഷൻ ഇക്കോസിസ്റ്റം). പദ്ധതിയിൽ രജിസ്റ്റർ ചെയ്ത സീവർ ലൈൻ / സെപ്റ്റിക് ടാങ്ക് തൊഴിലാളികൾക്ക് സൗജന്യ സുരക്ഷാ ഉപകരണങ്ങൾ, 5 ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ ഇൻഷ്വറൻസ്, സൗജന്യ തൊഴിൽപരിശീലനം എന്നിവ ലഭ്യമാകുന്നതാണ്. സ്വകാര്യ സെപ്റ്റിക് ടാങ്കറുകളില് തൊഴിൽ ചെയ്യുന്നവരെ സ്വയം പര്യാപ്തമാക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു.

സാമൂഹ്യനീതി, ഭവന, നഗരകാര്യ മന്ത്രാലയങ്ങളുടെ സംയുക്ത ആഭിമുഖ്യത്തിൽ എൻ.എസ്.കെ.എഫ്.ഡി.സി-യുടെ (നാഷണൽ സഫായി കരംചാരീസ് ഫിനാൻസ് & ഡവലപ്മെന്റ് കോർപ്പറേഷൻ) മേൽനോട്ടത്തിലാണ് നമസ്തെ പദ്ധതി നിലവിൽ വന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടറേറ്റിലുള്ള സ്റ്റേറ്റ് പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റാണ് കേരളത്തിൽ നമസ്തെ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നത്. പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ ശുചിത്വ മിഷൻ, വാഷ് ഇൻസ്റ്റിറ്റ്യൂട്ട് (വാട്ടർ സാനിറ്റേഷൻ & ഹൈജീന് ഇൻസ്റ്റിറ്റ്യൂട്ട്), കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) എന്നീ സ്ഥാപനങ്ങളും സ്റ്റേറ്റ് പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റുമായി ചേർന്ന് പ്രവർത്തിക്കുന്നു. 2023 ഒക്ടോബറിൽ കേരളത്തിൽ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു.

കേരളത്തിലെ എല്ലാ നഗരസഭകളിലും സീവർ ലൈൻ / സെപ്റ്റിക് ടാങ്ക് തൊഴിലാളികളെ രജിസ്റ്റർ ചെയ്യാനുള്ള ക്യാമ്പുകൾ സംഘടിപ്പിച്ചിരുന്നു. പല നഗരസഭകളിലും രജിസ്ട്രേഷൻ ഇപ്പോഴും പുരോഗമിക്കുന്നു. പഞ്ചായത്തിലുള്ള തൊഴിലാളികൾക്കും അടുത്തുള്ള നഗരസഭകളിൽ രജിസ്റ്റർ ചെയ്യാനുള്ള സൗകര്യമുണ്ട്.

1700-ൽ അധികം തൊഴിലാളികൾ ഇതിനകം നമസ്തെ പദ്ധതിയിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്കുള്ള സൗജന്യ സുരക്ഷാ ഉപകരണങ്ങളുടെ വിതരണം നഗരസഭകളിൽ നടന്നുവരുന്നു. 5 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് ലഭ്യമാക്കുന്ന ആയുഷ്മാൻ കാർഡും വിതരണം ചെയ്തു വരുന്നു.

സീവേജ്, സെപ്റ്റേജ് ശുചീകരണ പ്രവർത്തനങ്ങളിലെ അപകടസാധ്യതകളെ നിയന്ത്രിച്ച് തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ശുചീകരണ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനും സജ്ജമായ ഒരു ടീമാണ് എമർജൻസി റസ്പോൺസ് സാനിറ്റേഷൻ യൂണിറ്റ് (ഇ.ആർ.എസ്.യു). കേരളത്തിലെ എല്ലാ ജില്ലകളിലുമുള്ള എമർജൻസി റസ്പോൺസ് സാനിറ്റേഷൻ യൂണിറ്റുകൾക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ എത്തിക്കുവാനുള്ള പ്രവർത്തനങ്ങളും നമസ്തെ പദ്ധതിയുടെ കീഴിൽ നടന്നുവരുന്നു.

> **1700-ൽ അധികം തൊഴിലാളികൾ ഇതിനകം നമസ്തെ പദ്ധതിയിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്കുള്ള സൗജന്യ സുരക്ഷാ ഉപകരണങ്ങളുടെ വിതരണം നഗരസഭകളിൽ നടന്നു വരുന്നു.**




തിരഞ്ഞെടുത്ത മുൻസിപ്പൽ കോർപ്പറേഷനുകളിലെ എമർജൻസി റസ്പോൺസ് സാനിറ്റേഷൻ യൂണിറ്റിലെ തൊഴിലാളികൾക്ക് വാഷ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡിൻഡിഗലിലെ അക്കാദമിയിൽ വച്ച് സൗജന്യ തൊഴിൽ സുരക്ഷാ പരിശീലനം നല്കിയിരുന്നു. കേരളത്തിലെ എല്ലാ സീവർ ലൈൻ / സെപ്റ്റിക് ടാങ്ക് തൊഴിലാളികൾക്കും പരിശീലനം നല്കുവാനായി വാഷ് ഇൻസ്റ്റിട്യൂട്ടിന്റെയും കിലയുടെയും സഹകരണത്തോടെ തൃശ്ശൂരിൽ ഒരു ട്രെയിനിംഗ് യൂണിറ്റ് സജ്ജമാകുന്നു.

പദ്ധതിയുടെ ലക്ഷ്യങ്ങൾ മുന്നോട്ടു കൊണ്ടു പോകുന്നതിനായി കേരള സ്റ്റേറ്റ് നമസ്തേ പ്രോജക്ട് മാനേജ്മെൻ്റ് യൂണിറ്റും വാഷ് ഇൻസ്റ്റിറ്റ്യൂട്ടും ശുചിത്വ മിഷനും സംയുക്തമായി രണ്ടു ശില്പശാലകൾ നഗരസഭാ നോഡൽ ഓഫീസർമാർക്കും സെക്രട്ടറിമാർക്കും വേണ്ടി തിരുവനന്തപുരത്തു സംഘടിപ്പിച്ചിരുന്നു.

നമസ്തേ പദ്ധതിയെക്കുറിച്ച് അവബോധം വളർത്തുക, തൊഴിലാളികളുടെ സുരക്ഷ പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ ഓറിയന്റേഷൻ വർക്ക്ഷോപ്പുകൾ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും നടന്നിരുന്നു. തിരഞ്ഞെടുത്ത നഗരസഭകളിൽ  വർക്ക്ഷോപ്പുകൾ നടന്നുവരുന്നു.

ശുചീകരണ പ്രവർത്തനങ്ങൾക്കായി വാഹനങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം നൽകുന്ന സ്വച്ഛതാ ഉദ്യാമി യോജന, നമസ്തേ പദ്ധതിയുടെ ഒരു ഘടകമായി സംയോജിപ്പിച്ചിരിക്കുന്നു. സ്വച്ഛതാ ഉദ്യാമി യോജനയുടെ കീഴിൽ വായ്പ്പാ സഹായത്തോടുകൂടി തൊഴിലാളികൾക്കുള്ള വാഹനം സ്വന്തമാക്കുന്നതിനുള്ള നടപടികൾ കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ ആരംഭിച്ചിരിക്കുകയാണ്.

കേരളത്തിലെ നമസ്തേ പദ്ധതിയുടെ പ്രവർനത്തങ്ങൾ സീവർ ലൈൻ / സെപ്റ്റിക് ടാങ്ക് ശുചീകരണ തൊഴിലാളികളുടെ സുരക്ഷയും ക്ഷേമവും വർദ്ധിപ്പിക്കുന്നതിനുള്ള ഒരു കൂട്ടായ ശ്രമത്തെ പ്രതിഫലിപ്പിക്കുന്നു. പരിശീലന പരിപാടികളിലൂടെയും സുരക്ഷാ ഉപകരണങ്ങളുടെ വിതരണത്തിലൂടെയും തൊഴിലാളികളുടെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. പദ്ധതിയുടെ പ്രയോജനങ്ങൾ കൂടുതൽ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനായി സംസ്ഥാനവ്യാപക അവബോധ പ്രവർത്തനങ്ങളോടു കൂടി രണ്ടാംഘട്ട സർവ്വേ പുരോഗമിക്കുന്നു. □




## തദ്ദേശകം പ്രസിദ്ധീകരണത്തിലേക്ക് രചനകൾ ക്ഷണിക്കുന്നു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വികസന പ്രവർത്തനങ്ങൾ, സംസ്ഥാനത്തിന് തന്നെ മാതൃകയാക്കാവുന്ന നേട്ടങ്ങൾ, പാരിസ്ഥിതിക പ്രത്യേകതകൾ  തുടങ്ങിയവ സംബന്ധിച്ച ലേഖനങ്ങൾ ചിത്രങ്ങൾ സഹിതം അയക്കേണ്ടതാണ്. കൂടാതെ സാഹിത്യ സൃഷ്ടികളും ക്ഷണിച്ചുകൊള്ളുന്നു. അയക്കേണ്ട വിലാസം ചീഫ് ഓഫീസർ , കമ്മ്യൂണിക്കേഷൻ & പബ്ലിക് റിലേഷൻസ് , പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, സ്വരാജ് ഭവൻ, കവടിയാർ പി ഒ, നന്ദൻ കോട്, തിരുവനന്തപുരം -03. ഇ-മെയിൽ ribkerala@gmail.com, lsgdpr2024@gmail.com



# വനിതാ ജംഗ്ഷൻ

## വനിതാ വികസനത്തിന്റെ വേറിട്ടൊരു മാതൃക


**ഹുസൈൻ എം. മിന്നത്ത്**

ജോയിന്റ് ഡയറക്ടർ & ചീഫ് പ്ലാനിംഗ് ഓഫീസർ, പട്ടികജാതി വികസന വകുപ്പ്


സംസ്ഥാനത്ത് പതിനാലാം പഞ്ചവൽസര പദ്ധതിക്ക് (2022- 2027) തുടക്കം കുറിച്ചിട്ട് മൂന്ന് വർഷം പിന്നിട്ടിരിക്കുകയാണ്. നവ കേരള സൃഷ്ടി ഉറപ്പാക്കുന്നതോടൊപ്പം തന്നെ സംസ്ഥാനത്തിന്റെ സുസ്ഥിര വികസനം കൂടിയാണ് ആത്യന്തികമായി പതിനാലാം പദ്ധതി ലക്ഷ്യം വെക്കുന്നത്. ഇതിനായ് സാമൂഹിക സാമ്പത്തിക മേഖലകളിൽ നാളിത് വരെ നാം നേടിയെടുത്ത നേട്ടങ്ങൾ നിലനിർത്തുന്നതോടൊപ്പം സംസ്ഥാനത്തിന്റെ സമഗ്രമായ വികസനവും ഉറപ്പാക്കേണ്ടതായിട്ടുണ്ട്. കൂടാതെ നാം മുന്നോട്ട് വെച്ച വികസന മാതൃക പുതിയ കാലത്തിന്റെ വെല്ലുവിളികളെ നേരിടാൻ സാധിക്കുന്ന രീതിയിലുള്ളതാണെന്ന് ഉറപ്പ് വരുത്തുക എന്നതും നവകേരള സൃഷ്ടിയുടെ ലക്ഷ്യമാണ്. മാനവ വിഭവ വികസനം, പ്രത്യേകിച്ച് ലിംഗ പദവി വികസനം ഇതിൽ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് എന്ന് കാണാവുന്നതാണ്.

സംസ്ഥാന ജനസംഖ്യയിൽ 52 ശതമാനത്തോളം വനിതകളാണ്. നമ്മുടെ വനിതകളുടെ ഉയർന്ന സാക്ഷരതാ (92%) വിദ്യാഭ്യാസ നിലവാരം, അനുകൂലമായ ആരോഗ്യ സൂചകങ്ങൾ എന്നിവ എടുത്ത് പറയേണ്ടവ തന്നെയാണ്. ദേശിയ ശരാശരി 11 ശതമാനം ആയിരിക്കെ സംസ്ഥാനത്തെ ആകെ കുടുംബങ്ങളിൽ 22 ശതമാനവും സ്ത്രീകൾ നയിക്കുന്നവയാണ്. ലിംഗ പദവി സമത്വ സമൂഹത്തിലേക്കുള്ള പാതയിലാണ് സംസ്ഥാനം സഞ്ചരിക്കുന്നതെന്ന് കാണാം. എന്നിരുന്നാലും സംസ്ഥാനത്തെ സ്ത്രീകളുടെ സാമ്പത്തികമായ പങ്കാളിത്തം ഏറെ മെച്ചപ്പെടാനുണ്ട്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് നോക്കിയാൽ അത്

> **സംസ്ഥാന ജനസംഖ്യയിൽ 52 ശതമാനത്തോളം വനിതകളാണ്.**

27.9 ശതമാനം മാത്രമാണ് എന്ന് കാണാവുന്നതാണ്. ശ്രദ്ധേയമായ തൊഴിൽ ഇല്ലായ്മയും സ്ത്രീ സമൂഹം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ്.

സ്ത്രീ ശാക്തീകരണത്തിന്റെ ആഗോള മാതൃകയായ കുടുംബശ്രീയിൽ ഏകദേശം 48.02 ലക്ഷത്തോളം വനിതകളുടെ പങ്കാളിത്തമാണ് ഉള്ളതെങ്കിലും യുവതികളുടെ പങ്കാളിത്തം വേണ്ടത്ര രീതിയിൽ കുടുംബശ്രീക്ക് ഉറപ്പാക്കാൻ സാധിക്കുന്നില്ല എന്നത് എടുത്ത് പറയേണ്ടൊരു വസ്തുത തന്നെയാണ്. വളരെ സൂക്ഷ്മമായി നിരീക്ഷിച്ചാൽ പൊതു ഇടങ്ങളിൽ ഇടപെടലുകൾ നടത്തുവാനോ തങ്ങളുടേതായ കഴിവുകൾ തുറന്ന് കാണിക്കുവാനോ പരസ്പരം സംസാരിക്കുന്നതിനോ ഒരു പൊതു സ്ഥലം വനിതകൾക്ക് മാത്രമായി ഇല്ല എന്നത് പല തലങ്ങളിൽ നിന്നും ഉയർന്ന് വരുന്ന ഒരു യാഥാർത്ഥ്യമാണ്. സുരക്ഷിതമായ ഒരന്തരീക്ഷം പ്രദാനം ചെയ്യുന്നതിന് സാധിച്ചാൽ സ്ത്രീകളെ സ്വതന്ത്രരായി വീടുകളിൽ നിന്നും പുറത്ത് പോകാൻ പ്രാപ്തരാക്കുകയും അത് വഴി വനിതകളുടെ സാമ്പത്തിക പങ്കാളിത്തം വർദ്ധിപ്പിക്കാനും സാധിക്കും എന്നതും ഒരു യാഥാർഥ്യമാണ്. ചുരുക്കി പറഞ്ഞാൽ പൊതു ഇടങ്ങളിൽ നിന്നും അവഗണിക്കപ്പെടുന്ന വനിതകളാണ് ഭൂരിഭാഗവും എന്ന് നമുക്ക് കാണാവുന്നതാണ്. പുരുഷൻമാർക്കെന്ന പോലെ തന്നെ പൊതു ഇടങ്ങൾ സ്ത്രീകൾക്ക് കൂടി അവകാശപ്പെട്ടതാണെന്ന തിരിച്ചറിവും വനിതകൾക്ക് മാത്രമായി കൂടിച്ചേരാനും, കലാ സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കാനും പരസ്പരം സംസാരിക്കുവാനും, സ്വസ്ഥമായി ഒന്നിരിക്കാനും മാത്രമായി പൊതു ഇടങ്ങളിൽ ഒരു ജംഗ്ഷൻ, അതാണ് വനിതാ ജംഗ്ഷനുകൾ എന്ന ആശയം മുന്നോട്ട് വെക്കുന്നത്.

**വനിതാ ജംഗ്ഷനുകൾ എന്ന ആശയത്തിന് രൂപം നൽകിയത് തിരുവനന്തപുരം ജില്ലാ ആസൂത്രണ സമിതിയാണ്.**

## വനിതാ ജംഗ്ഷനുകൾ വന്ന വഴി..

വനിതാ ജംഗ്ഷനുകൾ എന്ന ആശയത്തിന് രൂപം നൽകിയത് തിരുവനന്തപുരം ജില്ലാ ആസൂത്രണ സമിതിയാണ്. 1992 ലെ 73,74 -ാം ഭരണഘടനാ ഭേദഗതിയിലൂടെ നിലവിൽ വന്ന ജില്ലാ ആസൂത്രണ സമിതികൾ, ഓരോ ജില്ലയിലും സമഗ്ര വികസനം സാധ്യമാകുന്ന തരത്തിൽ പദ്ധതികൾക്ക് രൂപം നൽകണമെന്ന് ഭരണഘടനയുടെ ആർട്ടിക്കിൾ 243 ZD യിൽ സൂചിപ്പിക്കുന്നുണ്ട്. കൂടാതെ ജില്ലയിലെ മുഴുവൻ വികസന പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുക പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുക, അവലോകനം ചെയ്യുക, പ്രാദേശിക സർക്കാറുകളുടെ വാർഷിക പദ്ധതികൾക്ക് അംഗീകാരം നൽകുക തുടങ്ങിയ വിപുലമായ അധികാരങ്ങളും ജില്ലാ ആസൂത്രണ സമിതികൾക്ക് ഉണ്ട്. പ്രാദേശിക വികസനവും അത് വഴി ജില്ലകളുടെ സമഗ്രവികസനവും സാധ്യമാക്കുന്നതിന് ശക്തമായ ഒരു പിന്തുണനാ സംവിധാനം ആവശ്യമായതിനാൽ തന്നെ ജില്ലാ ആസൂത്രണ സമിതിയുടെ സെക്രട്ടറിയേറ്റായി ജില്ലകളിൽ ജില്ലാ പ്ലാനിംഗ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

വനിതാ ജംഗ്ഷൻ എന്ന സ്വപ്ന പദ്ധതിക്ക് തുടക്കം കുറിച്ച തിരുവനന്തപുരം ജില്ലയിൽ ഇതിനോടകം തന്നെ 45 ഓളം തദ്ദേശ സ്ഥാപനങ്ങളിൽ വനിതാ ജംഗ്ഷൻ ഉണ്ട്. വളരെ വലിയ ആവേശത്തോടെയാണ് വനിതകൾ ഈ പദ്ധതിയെയും വനിതാ ജംഗ്ഷനുകളെയും നോക്കി കാണുന്നത് എന്നത് ആൾക്കൂട്ടങ്ങളിൽ നിന്നും വനിതകളുടെ പങ്കാളിത്തത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാനാകും. അടച്ചിട്ട മുറികൾക്കപ്പുറം തുറസ്സായതും, പൊതുവായിട്ടുള്ളതും ആൾത്തിരക്കേറിയതുമായ പല വനിതാ ജംഗ്ഷനുകളിലും പ്രദേശത്തെ പ്രാദേശിക സർക്കാറുകളുടെ നേതൃത്വത്തിൽ വൈവിധ്യങ്ങളായ പരിപാടികൾ സംഘടിപ്പിക്കാനും അവതരിപ്പിക്കാനും പ്രായമുള്ള അമ്മമാർ, വീട്ടമ്മമാർ, ഉദ്യോഗസ്ഥകൾ, യുവതികൾ, വനിതാ ജനപ്രതിനിധികൾ, സ്കൂൾ കോളേജ് വിദ്യാർത്ഥിനികൾ, അധ്യാപികമാർ, വനിതാ പോലീസുകാർ, തുടങ്ങി വലിയ ആൾക്കൂട്ടങ്ങളാണ് എത്തുന്നത്. ഫാഷൻ ഷോ, ഫ്ലാഷ് മോബ്, നൃത്തം, പ്രസംഗം, ഗാനമേള, മിമിക്രി, യോഗ, കളരി, കരാട്ടെ ഷോ തുടങ്ങി വിവിധങ്ങളായ പരിപാടികളാണ് ഈ പൊതുഇട





ങ്ങളിൽ അവതരിപ്പിക്കപ്പെടുന്നത്. ജീവിതത്തിൽ ആദ്യമായി സ്റ്റേജിൽ കയറിയ വനിതകളും ഒരു പൊതു പരിപാടിയുടെ ഭാഗമായ വനിതകളും നിരവധിയാണ്.

വനിതാ ജംഗ്ഷനിൽ പരിപാടികളുടെ സംഘാടനവും നിയന്ത്രണവും എല്ലാം വനിതകൾ തന്നെയാണ് എന്നതും എടുത്തുപറയേണ്ട പ്രത്യേകതയാണ്. ജില്ലയിൽ വനിതാ ജംഗ്ഷന്റെ ഉദ്ഘാടനം ചീഫ് സെക്രട്ടറി ശാരദാ മുരളീധരനാണ് നടത്തിയത്. വനിതാ ജംഗ്ഷന്റെ പരിപാടികളിൽ സംഘാടനം അടക്കമുള്ള എല്ലാം വനിതകളാൽ നിയന്ത്രിക്കപ്പെടുന്നു. പ്രത്യേകിച്ച് വേദികളിൽ പൂർണ്ണമായും സ്ത്രീകളാണ് കാര്യങ്ങൾ നിയന്ത്രിക്കുന്നത്. ഒട്ടനവധി പരിപാടികൾ വനിതാ ജംഗ്ഷന്റെ ഭാഗമാകുന്നുണ്ട്. രാത്രി നടത്തവും കൂടിയാകുമ്പോൾ വനിതാ ജംഗ്ഷന്റെ ജനകീയതക്ക് വലിയ സ്വീകാര്യതയാണ് ജില്ലയിൽ കിട്ടുന്നത്. 2025 ഫെബ്രുവരി 7 ന് ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ഓരോ പ്രാദേശിക സർക്കാറിൽ നിന്നുമുള്ള വനിതകളെ ഉൾപ്പെടുത്തി ഒരു ജില്ലാതല വനിതാ ജംഗ്ഷനും നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തിന് ആകമാനം അനുകരിക്കാൻ സാധിക്കുന്ന മികച്ചൊരു മാതൃക തന്നെയാണ് വനിതാ ജംഗ്ഷനുകൾ എന്നതിന് യാതൊരു സംശയവുമില്ല.

പ്രാദേശിക സർക്കാറുകൾ അവർക്ക് അനുവദിക്കുന്ന വികസന ഫണ്ടിന്റെ 10ശതമാനം തുക നിർബന്ധമായും വനിതാ വികസനത്തിനായി മാറ്റിവെക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ആവശ്യമെങ്കിൽ പ്രാദേശിക സർക്കാറുകൾക്ക് തുക ഇങ്ങനെ കണ്ടെത്താവുന്നതാണ്.

വനിതാ ജംഗ്ഷൻ ജില്ലയിൽ നേതൃത്വം നൽകുന്നത് ജില്ലാ ആസൂത്രണ സമിതി ചെയർമാൻ കൂടിയായ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ് കുമാറും ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ കളക്ടർ അനുകുമാരിയുമാണ്. വനിതാ ജംഗ്ഷന്റെ ജില്ലയിലെ മുഴുവൻ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നത് ജില്ലാ ആസൂത്രണ സമിതി ജോയിന്റ് സെക്രട്ടറിയും (കോഡിനേഷൻ) ജില്ലാ പ്ലാനിംഗ് ഓഫീസറുമായ ബിജു വി. എസ്. ആണ്.

വനിതാ ശാക്തീകരണത്തിന്റെ വേറിട്ടൊരു പാത തന്നെയാണ് തിരുവനന്തപുരം ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന "വനിതാ ജംഗ്ഷൻ" എന്നതിൽ ഒരു തർക്കവും ഇല്ല. ജില്ലയിലെ മുഴുവൻ വികസന പ്രവർത്തനങ്ങളെയും, പ്രാദേശിക സർക്കാറുകളുടെ പദ്ധതികളുടെ അംഗീകാരം അടക്കം ഏകോപനം നടത്തുന്ന ഭരണഘടനാ സ്ഥാപനമായ ജില്ലാ ആസൂത്രണ സമിതിക്ക് വികസന ദിശയിൽ ഒട്ടനവധി ഇടപെടലുകൾ നടത്താൻ സാധിക്കും എന്നതിനുള്ള തെളിവ് കൂടിയാണ് വനിതാ ജംഗ്ഷൻ. പൊതു ഇടങ്ങളിൽ കൂടുതൽ സ്ത്രീസാന്നിധ്യം ഉറപ്പാക്കുന്നതോടൊപ്പം വനിതകളെ കൂടുതൽ ആത്മവിശ്വാസത്തോടെ ഉത്പാദന, സേവന മേഖലകളുടെ നട്ടെല്ലാക്കി മാറ്റുന്നതിനും അവരെ മുഖ്യധാരാ സമൂഹത്തിന്റെ ഭാഗമാക്കുന്നതിനും വനിതാ ജംഗ്ഷൻ വഴിയൊരുക്കുക തന്നെചെയ്യും. □

> **വനിതാ ശാക്തീകരണത്തിന്റെ വേറിട്ടൊരു പാത തന്നെയാണ് തിരുവനന്തപുരം ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന "വനിതാ ജംഗ്ഷൻ"**



# വിജ്ഞാന കേരളം

**ദിനിൽ ആർ.**

സ്റ്റേറ്റ് കമ്യൂണിക്കേഷൻ ഓഫീസർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്

> **കേരള നോളെജ് ഇക്കോണമി മിഷൻ തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ചുകൊണ്ട് ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് വിജ്ഞാന കേരളം.**

പ്രതിവർഷം അഞ്ച് ലക്ഷം പേർക്ക് തൊഴിലും രണ്ട് ലക്ഷം വിദ്യാർഥികൾക്ക് തൊഴിൽ നൈപുണ്യ പരിശീലനവും നൽകുന്ന പദ്ധതിയാണ് വിജ്ഞാനകേരളം. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ കീഴിൽ കേരള നോളേജ് എക്കണോമി മിഷന്റെ കേരള ഡവലപ്പ്മെന്റ് ഇന്നവേഷൻ സ്ട്രാറ്റേജിക് കൗൺസിലിന്റെ (കെ-ഡിസ്കിന്റെ) കീഴിലാണ് വിജ്ഞാനകേരളത്തിന്റെ പ്രവർത്തനം. അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകരിൽ അവരുടെ ഇഷ്ട തൊഴിലിൽ പ്രാവീണ്യം വർദ്ധിപ്പിച്ച് അന്താരാഷ്ട്ര കമ്പനികളിൽ ഉൾപ്പെടെ തൊഴിൽ കണ്ടെത്താൻ പ്രാപ്തരാക്കുക മാത്രമല്ല ആ തൊഴിൽ നേടിയെടുക്കാൻ അവരെ സഹായിക്കുകയും കൂടിയാണ് പദ്ധതി ലക്ഷ്യം. ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം എന്ന ഡിജീറ്റൽ പ്ലാറ്റ്ഫോം വഴി 2026 നകം 20 ലക്ഷം പേർക്ക് തൊഴിലാണ് ലക്ഷ്യമിടുന്നത്.

ഐ.ടി., സേവന മേഖലകൾക്ക് പുറമേ ആരോഗ്യം, വിദ്യാഭ്യാസം, വ്യവസായം, ലോജിസ്റ്റിക്സ് തുടങ്ങിയവയിൽ രാജ്യത്തിനകത്തും പുറത്തുമുള്ള തൊഴിലവസരങ്ങൾ മലയാളിക്കായി തുറന്നിടുകയാണ്.

വിജ്ഞാന കേരളം പദ്ധതിയുടെ പ്രവർത്തങ്ങൾ ബ്ലോക്ക്, നഗരസഭ അടിസ്ഥാനത്തിലും നിയോജകമണ്ഡലാടിസ്ഥാനത്തിലും പ്രവർത്തിക്കുന്ന ജോബ് സ്റ്റേഷൻ കേന്ദ്രീകരിച്ചാണ് നടപ്പിലാക്കുക. ഉദ്യോഗാർഥികൾക്ക് ആവശ്യമായ മാർഗനിർദേശങ്ങളും കൗൺസിലിങ് സേവനങ്ങളും ജോബ് സ്റ്റേഷൻ വഴി ലഭിക്കും. ജോബ് സ്റ്റേഷനിലെത്തുന്ന ഉദ്യോഗാർഥികളെ മിഷന്റെ പ്ലാറ്റ്ഫോമായ ഡി ഡബ്ല്യു എം എസിൽ രജിസ്റ്റർ ചെയ്യാനും അനുയോജ്യമായ തൊഴിലിന് അപേക്ഷിക്കാനും നൈപുണ്യ പരിശീലനത്തെക്കുറിച്ച് മനസിലാക്കാനും സഹായിക്കുന്നതും മിഷന്റെ കൗൺസിലിങ്ങ് സേവനങ്ങൾ പരിചയപ്പെടുത്തുന്നതും ജോബ് സ്റ്റേഷനിലിരിക്കുന്ന ഉദ്യോഗസ്ഥരാണ്. കൂടാതെ മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട മാസ്റ്റർ ട്രെയിനർമാരുടെയും റിസോഴ്സ് പേഴ്സൺമാരുടെയും സേവനവും ജോബ് സ്റ്റേഷനിൽ ലഭ്യമാണ്.

കേരള നോളെജ് ഇക്കോണമി മിഷൻ തദ്ദേശസ്വയംഭരണ വകുപ്പുമായി സഹകരിച്ചുകൊണ്ട് ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് വിജ്ഞാന കേരളം.

വിജ്ഞാന കേരളം നൈപുണി കാമ്പയിന്റെ തയ്യാറെടുപ്പുകൾ അതിവേഗം നടന്നുകൊണ്ടിരിക്കുകയാണ്. ആഗസ്റ്റിൽ 5 ലക്ഷം അവസാനവർഷ

വിദ്യാർത്ഥികൾക്ക് നൈപുണി പരിശീലനം നൽകാൻ തുടങ്ങും. ഇതിന് 50000 മെന്റർമാർ ഉണ്ടാകും. എല്ലാ കോളേജുകളിലും പരിശീലനത്തിനു നേതൃത്വം നൽകാൻ സ്കിൽ സെന്ററുകൾ ആരംഭിക്കും.

ഇതിലേക്കൊരു സുപ്രധാന കാൽവയ്പ്പായിരുന്നു കോഴ്സേറ, ഫൗണ്ട് ഇറ്റ്, ലിങ്ക്ഡ് ഇൻ എന്നീ ഏജൻസികളുടെ ഉന്നതതല പ്രതിനിധികൾ പങ്കെടുത്തുകൊണ്ടുള്ള മേഖലാ യോഗങ്ങൾ. ഈ യോഗങ്ങളിൽ 260 കോളേജുകളിൽ നിന്നുള്ള അധ്യാപക പ്രതിനിധികൾ പങ്കെടുത്തു.

സ്കിൽ കോഴ്സുകൾ ജോലിയിലേക്ക് നയിക്കുമെന്ന് ഉറപ്പുണ്ടോ? ഇത് ഉറപ്പാക്കാൻ ഏതുതരം കോഴ്സുകളാണ് എടുക്കേണ്ടത്? ഇവ ഫലപ്രദമായി നടപ്പിലാക്കുന്നതിന് എന്ത് മുൻകരുതലുകൾ കോളെജിൽ നിന്നും വേണം? മെന്റർമാർക്ക് മാർഗനിർദ്ദേശം നൽകുന്നതിന് കോഴ്സ് ഏജൻസികൾക്ക് എന്ത് ചെയ്യാനാകും? എന്നു തുടങ്ങിയ ചോദ്യങ്ങളാണ് ഈ കൂടിച്ചേരലുകളിൽ ചർച്ച ചെയ്തത്. ഒപ്പം ഈ ഏജൻസികളുടെ നിലവിലുള്ള സ്കിൽ കോഴ്സുകളെ പരിചയപ്പെടലും.

കെകെഇഎം എക്സിക്യൂട്ടീവ് ഡയറക്ടർ റിയാസും സംഘവുമാണ് ഈ പ്രവർത്തനങ്ങൾക്ക് ചുക്കാൻപിടിക്കുന്നത്.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ കോട്ടയം ജില്ലകളിൽ ജോബ്സ്റ്റേഷനുകൾ നിലവിൽ വന്നു. വിജ്ഞാന കേരളം ജനകീയ ക്യാമ്പയിനിലെ തൊഴിൽ മേളകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന തൊഴിലന്വേഷകർക്കുള്ള സഹായകേന്ദ്രങ്ങളായാണ് ഇവ രൂപീകരിച്ചിരിക്കുന്നത്.

എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും ജോബ്സ്റ്റേഷൻ പ്രവർത്തിക്കുന്നത്.

താഴെപറയുന്ന ഉദ്യോഗസ്ഥരാണ് ജോബ്സ്റ്റേഷനുകളിൽ പൂർണ്ണസമയം പ്രവർത്തിക്കുന്നത്:

തീമാറ്റിക്ക് എക്സ്പേർട്ട് കില,

ആർ.ജി.എസ്.എ കോ-ഓർഡിനേറ്റർ കില,

ബ്ലോക്ക് കോ-ഓർഡിനേറ്റർ കില,

ബ്ലോക്ക് കോ-ഓർഡിനേറ്റർ DDUJKY കുടുംബശ്രീ

ഇവർക്ക് പുറമെ പഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥരും ഉണ്ടാകും.

മേൽപ്പറഞ്ഞവർക്കുപുറമെ കമ്മ്യൂണിറ്റി അംബാസിഡർമാർ, ജില്ലാ റിസോഴ്സ് പേഴ്സൺ, സാക്ഷരത പ്രേരക്മാർ എന്നിവരും ജോബ് സ്റ്റേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കും. അങ്ങനെ ഓരോ ജോബ്സ്റ്റേഷനുമായി ബന്ധപ്പെട്ട് 40 ഓളം പേർ ഉദ്യോഗസ്ഥരായും സന്നദ്ധപ്രവർത്തകരായും പ്രവർത്തിക്കും.

മേൽപ്പറഞ്ഞവരിൽ മുഴുവൻസമയവും പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കുള്ള പരിശീലനങ്ങൾ നടന്നുവരുകയാണ്.

ഒരു ദിവസത്തെയാണ് പരിശീലനം. പകുതി സമയം ഡിജിറ്റൽ വർക്ക് ഫോർസ് മാനേജ്മെന്റ് സിസ്റ്റം എന്ന പ്ലാറ്റ്ഫോമിനെക്കുറിച്ച് പഠിപ്പിക്കുന്നതിനാണ് ചിലവഴിക്കുന്നത്.

**"തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ കോട്ടയം ജില്ലകളിൽ ജോബ്സ്റ്റേഷനുകൾ നിലവിൽ വന്നു."**





> ബ്ലോക്കുകളിൽ കില കോ-ഓർഡിനേറ്ററുടെ ഓഫീസും നഗരങ്ങളിൽ കുടുംബശ്രീ സിറ്റി മാനേജരുടെ ഓഫീസുകളുമാണ് ജോബ് സ്റ്റേഷനുകളായി പ്രവർത്തിക്കുന്നത്.

ജോബ്സ്റ്റേഷനുകളിൽ ഉദ്യോഗാർത്ഥികൾക്ക് DWMS ൽ പേര് രജിസ്റ്റർ ചെയ്യാം. കേരളത്തിലെവിടെ നടക്കുന്ന തൊഴിൽമേളകളിലും ജോലിക്ക് അപേക്ഷിക്കാൻ സഹായം ലഭിക്കും. അഭിമുഖത്തിന് ഉദ്യോഗാർത്ഥികളെ തയ്യാറെടുപ്പിക്കുന്നതിനുള്ള ഓറിയന്റേഷനും, മറ്റ് കോഴ്സുകളും ജോബ്സ്റ്റേഷനിൽ ലഭ്യമാണ്. അഭിമുഖത്തിൽ പരാജയപ്പെട്ടാൽ അതിനുള്ള കാരണങ്ങൾ ഇന്റർവ്യൂ ബോർഡിൽ നിന്ന് മനസ്സിലാക്കി ഉദ്യോഗാർത്ഥികൾക്ക് പിന്തുണയും ജോബ്സ്റ്റേഷൻ നല്കും.

അങ്ങനെ വിജ്ഞാനകേരളം ജനകീയ ക്യാമ്പയിന്റെ ഏറ്റവും നിർണ്ണായകമായ സംഘടനാസംവിധാനമായ ജോബ്സ്റ്റേഷനുകൾ എല്ലായിടത്തും നിലവിൽ വരുന്നതോടെ ജനകീയ ക്യാമ്പയിൻ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കും.

ഫെബ്രുവരിയിൽ നടക്കുന്ന വിജ്ഞാന ആലപ്പുഴയുടെ ആദ്യത്തെ തൊഴിൽമേളയ്ക്ക് 4.5 ലക്ഷം തൊഴിൽ അവസരങ്ങൾ തൊഴിലന്വേഷകർക്കായി കാത്തിരിക്കുന്നു. ഇതിൽ പി.എച്ച്.ഡി. കാർക്കുള്ള 384 തൊഴിലവസരങ്ങൾ മുതൽ എസ്എസ്എൽസിക്കാർക്കുള്ള 32937 തൊഴിൽ അവസരങ്ങൾ വരെയുള്ളത് ഉൾപ്പെടും. ഐടിക്കാർക്ക് 42000, ഡിപ്ലോമക്കാർക്ക് 32000, ബിരുദധാരികൾക്ക് 1.5 ലക്ഷം, എഞ്ചിനീയറിംഗ് തുടങ്ങിയവർക്ക് 35000 എന്നിങ്ങനെ പോകുന്നു തൊഴിവസരങ്ങളുടെ ലിസ്റ്റ്.

പക്ഷേ, ആലപ്പുഴയിൽ യഥാർത്ഥത്തിൽ തൊഴിലിനായി രജിസ്റ്റർ ചെയ്തിട്ടുള്ളത് 30000 പേരെയുള്ളൂ. ഇതിന് പുറമേ ഇപ്പോൾ ജോലിക്കായി 300-400 പേർ ദിവസവും പുതിയതായി രജിസ്റ്റർ ചെയ്യുന്നുണ്ട്. പ്രശ്നം തൊഴിലില്ലാത്തതല്ല. തൊഴിലിന് വേണ്ടി അപേക്ഷിക്കാനും അഭിമുഖത്തിന് വരാനുമുള്ള വൈമുഖ്യമാണ്. ഈ തിരിച്ചറിവുമൂലമാണ് നോളജ് ഇക്കോണമി മിഷന്റെ പ്രവർത്തനങ്ങളെ ജനകീയ പ്രസ്ഥാനമായി സംഘടിപ്പിക്കാൻ സർക്കാർ തീരുമാനിച്ചത്.

തൊഴിലന്വേഷകരെ കണ്ടെത്തി ജോലിക്ക് അപേക്ഷിപ്പിക്കുക. ആത്മവിശ്വാസം നല്കി അഭിമുഖത്തിന് പങ്കെടുപ്പിക്കുക. ഒരഭിമുഖത്തിൽ പരാജയപ്പെട്ടാൽ ദൗർബല്യങ്ങൾ പരിഹരിച്ച് വീണ്ടും അഭിമുഖത്തിന് തയ്യാറെടുപ്പിക്കുക - ഇതൊക്കെയാണ് വിജ്ഞാന കേരളം ക്യാമ്പയിനിൽ ചെയ്യുന്നത്. ഓരോ ജില്ലയിലും വിജ്ഞാന കേരളം ക്യാമ്പയിൻ ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സംയുക്ത പ്രോജക്ടായിട്ടാണ് നടപ്പാക്കുന്നത്. അതുകൊണ്ടാണ് ആലപ്പുഴയുടെ ക്യാമ്പയിന് വിജ്ഞാന ആലപ്പുഴ എന്ന് വിളിക്കുന്നത്.

വിജ്ഞാന ആലപ്പുഴയുടെ ആദ്യത്തെ തൊഴിൽമേള ഫെബ്രുവരി യിൽ എസ്.ഡി. കോളേജിൽ നടക്കുകയാണ്. കേരളത്തിലെ ഏത് തൊഴിലന്വേഷകർക്കും ഈ മേളയിൽ പങ്കെടുക്കാം. നിങ്ങൾ ചെയ്യേണ്ടത് ഒന്നുമാത്രമാണ്. നോളജ് ഇക്കോണമി മിഷന്റെ DWMS പ്ലാറ്റ് ഫോമിൽ പേര് രജിസ്റ്റർ ചെയ്യണം. അവിടെ വിജ്ഞാന ആലപ്പുഴ തൊഴിൽമേളയുടെ കീഴിൽ തൊഴിലവസരങ്ങൾ ലിസ്റ്റ് ചെയ്തിട്ടുണ്ട്. അതിൽ നിങ്ങൾക്ക് അനുയോജ്യമായ ജോലി തെരഞ്ഞെടുത്ത് അപേക്ഷിക്കണം. നിങ്ങളുടെ അഭിമുഖത്തിന്റെ സമയവും ഹാളും നിങ്ങളെ അറിയിക്കും.

മേൽപ്പറഞ്ഞ രീതിയിൽ രജിസ്റ്റർ ചെയ്യുന്നതിന് നിങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടെങ്കിൽ ഏറ്റവും അടുത്ത ജോബ് സ്റ്റേഷനിൽ ചെല്ലുക. അവർ നിങ്ങളെ സഹായിക്കും.

എല്ലാ ബ്ലോക്കിലും മുനിസിപ്പാലിറ്റിയിലും ജോബ് സ്റ്റേഷനുണ്ട്. ബ്ലോക്കുകളിൽ കില കോ-ഓർഡിനേറ്ററുടെ ഓഫീസും നഗരങ്ങളിൽ കുടുംബശ്രീ സിറ്റി മാനേജരുടെ ഓഫീസുകളുമാണ് ജോബ് സ്റ്റേഷനുകളായി പ്രവർത്തിക്കുന്നത്.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ ജോബ്സ്റ്റേഷനുകൾ പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്. തുടർന്ന് എല്ലാ ജില്ലകളിലും ഈ സംവിധാനം നിലവിൽവരും. □

## തദ്ദേശ വാർത്തകൾ

# നവീകരിച്ച മാർക്കറ്റ് എറണാകുളം ജില്ലയുടെ വാണിജ്യ രംഗത്തിന് പുത്തൻ ചുവടുവയ്പ്പാകും: മുഖ്യമന്ത്രി




എറണാകുളം ജില്ലയുടെ വാണിജ്യ രംഗത്ത് പുത്തൻ ചുവടുവയ്പ്പാകും അത്യാധുനിക സൗകര്യങ്ങളോടു കൂടിയ മാർക്കറ്റ് സമുച്ചയമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. എറണാകുളം മാർക്കറ്റ് കോംപ്ലക്സ് ഉദ്ഘാടനവും മൾട്ടിലെവൽ കാർ പാർക്കിംഗ് സംവിധാനത്തിന്റെ നിർമ്മാണോദ്ഘാടനവും നിർവ്വഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

2022 ലാണ് വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിച്ചത്. വ്യാപാര സമൂഹത്തിന്റെയും പൊതുജനങ്ങളുടെയും താൽപര്യം മുൻനിർത്തി ഒരു ദിവസം പോലും മുടങ്ങാതെയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നത്. നാടിന്റെ വികസന കാര്യങ്ങളിൽ എല്ലാവരും കൈകോർത്ത് കെട്ടിടം പണിയുക എന്നത് അത്ര എളുപ്പമല്ല. കച്ചവടക്കാർ വിശ്വാസപൂർവം സഹകരിച്ചു. അതുകൊണ്ടുതന്നെ നിർമാണം സമയബന്ധിതമായി തീർക്കാൻ സാധിച്ചതും മാതൃകാപരമാണ്.

ഇവിടെ മാത്രമല്ല, എല്ലായിടത്തും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക എന്ന നയമാണ് സംസ്ഥാന സർക്കാരിനുള്ളത്.

ആകെ 4 നിലകളിലായി രണ്ട് ലക്ഷത്തോളം ചതുരശ്ര അടിയിലാണ് മാർക്കറ്റ് കോംപ്ലക്സ് ഒരുക്കിയിരിക്കുന്നത്. 73 കോടി രൂപയാണ് ഇതിനായി ചിലവഴിച്ചത്. മൂന്ന് നിലകളിലായി 275 ഷോപ്പുകളാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. അതോടൊപ്പം തന്നെ ഒരു നിലയിൽ ഫുഡ് കോർട്ടിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. പഴയ മാർക്കറ്റ് നിലനിന്നിരുന്ന 1.63 ഏക്കർ സ്ഥലത്താണ് പുതിയ കോംപ്ലക്സ് ഒരുക്കിയിരിക്കുന്നത്. ഇതിനോടനുബന്ധിച്ച് മൾട്ടിലെവൽ കാർ പാർക്കിംഗ് സൗകര്യവും ഒരുങ്ങുകയാണ്. 25 കോടി രൂപ ചിലവിൽ നിർമ്മിക്കുന്ന പാർക്കിംഗ് കേന്ദ്രത്തിൽ 120 കാറുകളും 100 ഇരുചക്രവാഹനങ്ങളും പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാകും. ഇത്തരം നിർമ്മാണങ്ങൾ സുസ്ഥിരവും പ്രകൃതിസൗഹൃദവും ആയിരിക്കണം എന്നതാണ് സർക്കാരിന്റെ നയം. അതുകൊണ്ട് തന്നെ ഈ സമുച്ചയത്തിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് 40 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പാനലുകൾ ഒരുക്കിയിട്ടുണ്ട്.

മാർക്കറ്റ് നിർമാണ ചിലവിന്റെ 50 ശതമാനം കേന്ദ്ര സർക്കാരും 50 ശതമാനം സംസ്ഥാന സർക്കാരുമാണ് വഹിച്ചത്. സഹകരണാത്മക ഫെഡറലിസത്തിന്റെ മികച്ച മാതൃകയായി മാറുകയാണ് വാണിജ്യ സമുച്ചയം.

കൊച്ചി നഗരത്തിന്റെ അടിസ്ഥാന സൗകര്യ വികസനം ദ്രുതഗതിയിലാക്കുക എന്ന ലക്ഷ്യത്തോടെ കൊച്ചി സ്മാർട്ട് സിറ്റി ലിമിറ്റഡിന്റെ നേതൃത്വത്തിൽ പദ്ധതികൾ നടപ്പാക്കുകയാണ്. 43 പദ്ധതികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. 44 പദ്ധതികൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. നഗരത്തിലെയും പശ്ചിമ കൊച്ചിയിലെയും റോഡുകൾ ഉന്നത നിലവാരമുള്ളവയാക്കി മാറ്റുകയാണ്. നടപ്പാതകൾ, സൈക്ലിംഗ് ലെയ്നുകൾ എന്നിവയെല്ലാം ഇതിന്റെ ഭാഗമായി ഉണ്ടാകും. ഇതിനോടകം പല റോഡുകളും നവീകരണം പൂർത്തിയാക്കി പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തിട്ടുണ്ട്. നഗരത്തിലെ സുരക്ഷ ഉറപ്പാക്കുന്നതിനായി 446 സിസി ടിവി ക്യാമറകളും, ട്രാഫിക് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായി 104 ക്യാമറകളും സ്ഥാപിച്ചു .

പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളെ നവീകരിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്ക്കരിച്ച് നടപ്പാക്കിവരികയാണ്. ഫോർട്ട് കൊച്ചി ബീച്ച്, വാസ്കോഡഗാമ സ്ക്വയർ, നെഹ്റു പാർക്ക്, ഡച്ച് പാലസ്, ജയിൽ മ്യൂസിയം, ജ്യൂ സ്ട്രീറ്റ് എന്നിവ നവീകരിച്ചിട്ടുണ്ട്. മറൈൻ ഡ്രൈവ് നടപ്പാതയുടെ നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്. മാലിന്യ



സംസ്കരണ രംഗത്തും കാര്യക്ഷമമായ ഇടപെടലുകൾ ഉണ്ടാവുകയാണ്.

കൊച്ചിയെ ഹരിത നഗരമാക്കി മാറ്റുന്നതിന് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുകയും റൂഫ് ടോപ്പ് സോളാർ പദ്ധതിക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്.

ആരോഗ്യ - വിദ്യാഭ്യാസ മേഖലകളിലും കാര്യക്ഷമമായ ഇടപെടലുകൾ നടക്കുകയാണ്.

മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ രണ്ടാം ഘട്ടത്തിലേക്ക് നമ്മൾ കടന്നിരിക്കുകയാണ്. നാടിന്റെ മുക്കും മൂലയും വൃത്തിയാക്കാൻ എല്ലാ വകുപ്പുകളും യോജിച്ചുള്ള പ്രവർത്തനം ഉണ്ടാകണം.

സംസ്ഥാനമാകെ മാലിന്യ മുക്തമാക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തിരിക്കുകയാണ് വെള്ളം ശുദ്ധമാക്കുന്നതിനു ഏറെ പ്രാധാന്യം നൽകുന്നുണ്ട്. ആദ്യ ഘട്ടം കൊണ്ടുതന്നെ മാലിന്യസംസ്കരണത്തിനായുള്ള അടിസ്ഥാന ഘടകങ്ങൾ ഒരുക്കുന്നതിൽ നല്ല രീതിയിൽ മുന്നേറാൻ നമുക്ക കഴിഞ്ഞിട്ടുണ്ട്. ഹരിത കർമ്മസേനയും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും എല്ലാം ഇന്ന് സജീവമാണ്

നഗരങ്ങളിൽ ജല ഉപയോഗം അനുദിനം വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ജലമുണ്ടായാൽ മാത്രം പോരാ, അവ ശുദ്ധമായിരിക്കുകയും വേണം. കൊച്ചിയെ സംബന്ധിച്ച് ജലസമൃദ്ധിക്ക് കുറവില്ല. പക്ഷേ, അത് എത്ര മാത്രം ഉപയോഗിക്കാൻ കഴിയുന്നുണ്ട് എന്നത് പരിശോധിക്കണം. ഈ നഗരത്തിൽ തന്നെ നിരവധി ജലാശയങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്നു എന്നതാണ് വസ്തുത. പ്രാദേശിക സമിതികളുടെ സഹകരണത്തോടെ ഇവയെ പുനരുജ്ജീവിപ്പിച്ചാൽ തന്നെ എത്രമാത്രം വെള്ളം നഗരത്തിന് ലഭ്യമാക്കാൻ കഴിയും. ഈ നിലയ്ക്കുള്ള മുൻകൈകൾ നടത്താനും ജലാശയങ്ങളെ പുനരുജ്ജീവിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും കഴിയണം.

അതിദരിദ്രരില്ലാത്ത കേരളം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ ഏറെ കാര്യക്ഷമമായാണ് നടക്കുന്നത്.സ്ഥലവും വീടും ഇല്ലാത്തവർക്ക് സ്ഥലം ലഭ്യമാക്കാൻ ഉദാരമതികളുടെ സേവനവും പ്രവാസികളുടെ സഹായവും പ്രയോജനപ്പെടുത്തും.

നവംബർ ഒന്നിന് മുമ്പ് ഇവയെല്ലാം പൂർത്തികരിക്കാനുള്ള ഒരു വലിയ പദ്ധതി എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഏറ്റെടുക്കുകയാണ്. നാടിന്റെ അകമഴിഞ്ഞ സഹകരണംഇതിനായി ഉണ്ടാകണം.

അശരണരായ രോഗികൾക്ക് പാലിയേറ്റീവ് കെയർ സഹായം ലഭിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പും സാമൂഹിക നീതി വകുപ്പും സഹകരിച്ച് ഊർജിതമായി പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. സന്നദ്ധ സംഘടനകളും ഇതുമായി സഹകരിക്കുന്നുണ്ട് .നമ്മുടെ നാട്ടിൽ രോഗിയായ ഒരാൾക്കും ശ്രദ്ധ കിട്ടാത്ത അവസ്ഥ ഉണ്ടാകരുത് അതിന് എല്ലാവരുടെയും കൂട്ടായ പരിശ്രമം ആവശ്യമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

ചടങ്ങിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് അധ്യക്ഷനായി. വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് മുഖ്യാതിഥിയായി. എറണാകുളം എം പി ഹൈബി ഈഡൻ, എംഎൽഎമാരായ ടി ജെ വിനോദ്, ഉമാ തോമസ്, കൊച്ചി മേയർ എം അനിൽ കുമാർ, ഡെപ്യൂട്ടി മേയർ കെ എ ആൻസിയ, സിഎസ്എംഎൽ സിഇഒ ഷാജി വി നായർ ,സിറ്റി പോലീസ് കമ്മീഷണർ പുട്ട വിമലാദിത്യ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. ☐



# വയനാട് പുനരധിവാസം വേഗത്തിൽ നടപ്പാക്കും; മൈക്രോ പ്ലാൻ പ്രധാന മുന്നേറ്റം: മന്ത്രി എം.ബി. രാജേഷ്



മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്ത പുനരധിവാസം വേഗത്തിൽ നടപ്പാക്കുമെന്നും ആശങ്ക വേണ്ടെന്നും തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി എം. ബി. രാജേഷ് പറഞ്ഞു. വയനാട് ജില്ല ഭരണകൂടത്തിന്റെ നേതൃത്വത്തിൽ കുടുബശ്രീ മിഷൻ തയ്യാറാക്കിയ മൈക്രോ പ്ലാനിന്റെ പ്രവർത്തനം മേപ്പാടി എം.എസ്.എ ഹാളിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ദുരന്തബാധിതരുടെ ഉപജീവനത്തിനായുള്ള ആവശ്യങ്ങൾ ഉൾക്കൊള്ളിച്ച് സമഗ്രമായി തയ്യാറാക്കിയ മൈക്രോ പ്ളാൻ അതിജീവനത്തിന്റെ സുപ്രധാന മുന്നേറ്റമാണ്. ദുരന്തബാധിതരെ സാധാരണ ജീവിതത്തിലേക്ക് കൈപിടിക്കാൻ കൂട്ടായ പരിശ്രമമാണ് നാടെല്ലാം ഏറ്റെടുക്കുന്നത്. അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി കർമ്മ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്ന കുടുംബശ്രീക്ക് സമയബന്ധിതമായി ഉരുൾപൊട്ടൽ ദുരന്ത പുനരധിവാസത്തിനായുള്ള മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിലും നേട്ടം കൈവരിക്കാനായി. ആറ് മേഖലകൾ കേന്ദ്രീകരിച്ചുള്ള അതിജീവന പദ്ധതികൾ സൂക്ഷ്മതലത്തിലുള്ള പുനരധിവാസം സാധ്യമാക്കും. ജനകീയ ഇടപെടലുകളുടെ മുഖമുദ്രയായ തദ്ദേശ സ്ഥാപനങ്ങളും കുടുംബശ്രീയും ജനകീയ പ്രസ്ഥാനങ്ങളും സർക്കാർ സംവിധാനങ്ങളും അണിനിരന്നാണ് മൈക്രോ പ്ലാനുകൾ ഏകോപിപ്പിച്ചത്. ഇവയുടെ പൂർത്തീകരണവും മാതൃകാപരമായിരിക്കും. ഒരുഘട്ടം മാത്രമാണ് മൈക്രോപ്ലാനിലൂടെ സാധ്യമാകുന്നത്. ദുരന്തബാധിതരുടെ സ്ഥിര പുനരധിവാസം കുറ്റമറ്റ രീതിയിൽ സാധ്യമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ അടക്കമുള്ള നടപടികൾ എല്ലാ ആശങ്കകളും ദൂരീകരിച്ച് നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു. വ്യവസായ വകുപ്പ് എം.എം.ജി, പി.എം.ഇ.ജി.പി. ധനസഹായവിതരണവും മന്ത്രി നിർവഹിച്ചു.

പട്ടികജാതി പട്ടികവർഗ പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി ഒ. ആർ. കേളു ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. സമാനതകളില്ലാത്ത ദുരന്തം വയനാടിന്റെ ഏക്കാലത്തെയും വേദനയാണ്. ദുരന്തത്തിനിരയായവരെ പുനരധിവസിപ്പിക്കുകയെന്നതും അവർക്കെല്ലാം സുരക്ഷിത ജീവിതമൊരുക്കുകയെന്നതും നമ്മുടെയെല്ലാം ഉത്തരവാദിത്തമാണ്. സാമ്പത്തികമായും മാനസികമായും സാമൂഹികപരമായും പിന്തുണ നൽകി ദുരന്തബാധിതരെ പുനരധിവസിപ്പിക്കാനുള്ള സർക്കാരിന്റെ നടപടികളെല്ലാം മുന്നേറുകയാണ്. മൈക്രോ പ്ലാൻ പ്രവർത്തനങ്ങൾ ഇതിനെല്ലാം വേഗത കൂട്ടുമെന്നും മന്ത്രി ഒ.ആർ. കേളു പറഞ്ഞു. കുടുംബശ്രീ പ്രത്യാശ ആർ.എഫ് ധനസഹായ വിതരണം അഡ്വ. ടി. സിദ്ദിഖ് എം.എൽ.എ നിർവ്വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ സാമൂഹ്യ നീതി വകുപ്പ് സ്വാശ്രയധനസഹായം വിതരണം ചെയ്തു. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി. വി. അനുപമ റിപ്പോർട്ട് അവതരിപ്പിച്ചു. തദ്ദേശ സ്വയംഭരണ കർമ്മ പദ്ധതി പ്രിൻസിപ്പൽ ഡയറക്ടർ എസ്. സീറാം സാംബശിവറാവുവും കുടുംബശ്രീ ആക്ഷൻ പ്ലാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച്. ദിനേശനും അവതരിപ്പിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഏകോപനം മേപ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. ബാബു നിർവഹിച്ചു. ജില്ലാ കളക്ടർ ഡി. ആർ. മേഘശ്രീ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എസ്. ബിന്ദു, മേപ്പാടി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് രാധാ രാമസ്വാമി, വികസനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ ബി.നാസർ, ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ രാജുഹെജമാഡി, ബ്ലോക്ക് പഞ്ചായത്തംഗം സി. രാഘവൻ, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ പി. കെ. ബാലസുബ്രഹ്മണ്യൻ തുടങ്ങിയവർ സംസാരിച്ചു. ☐

# മാലിന്യമുക്ത കേരളം സാധ്യമാക്കാൻ തദ്ദേശ സ്ഥാപനങ്ങൾ ഊർജിതമായി രംഗത്തിറങ്ങണം: മന്ത്രി എം.ബി. രാജേഷ്



2025 മാർച്ച് 30 ഓടെ മാലിന്യമുക്തമായ കേരളം സാധ്യമാക്കാൻ തദ്ദേശ സ്ഥാപനങ്ങൾ ഊർജിതമായി രംഗത്തിറങ്ങണമെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് നിർദേശിച്ചു. എറണാകുളം മരടിൽ ചേർന്ന ആലപ്പുഴ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

ശുചിത്വ പ്രവർത്തനങ്ങളുടെ പുരോഗതി ആഴ്ചയിലൊരിക്കൽ പഞ്ചായത്ത് പ്രസിഡന്റുമാരുടെ നേതൃത്വത്തിൽ വിലയിരുത്തണം. മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ ശക്തമായ ഇടപെടൽ ഉറപ്പാക്കാൻ പഞ്ചായത്ത്തലത്തിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം ഉറപ്പാക്കണമെന്നും മന്ത്രി നിർദേശിച്ചു. മാലിന്യം അലക്ഷ്യമായി വലിച്ചെറിയുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കൃത്യമായി പിഴ ഈടാക്കണം. ഇക്കാര്യത്തിൽ മുഖം നോക്കാതെ നടപടി സ്വീകരിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിയണം. അതിദരിദ്രരില്ലാത്ത കേരളം സൃഷ്ടിക്കാനുള്ള പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി ഏറ്റെടുക്കണം. തദ്ദേശ സ്ഥാപനങ്ങൾ അതിദരിദ്രമുക്തമായാൽ പ്രഖ്യാപനം നടത്താം. അതിദരിദ്രർക്ക് വീട് ഉറപ്പാക്കാനുള്ള നടപടികളിൽ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്നും മന്ത്രി നിർദേശിച്ചു. ഗ്രാമ-നഗര വ്യത്യാസമില്ലാതെ പാലിയേറ്റീവ് പരിചരണം ആവശ്യമായ മുഴുവൻ ആളുകളെയും കുടുംബങ്ങളെയും കണ്ണിചേർത്തുകൊണ്ട് എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ മികച്ച പരിചരണം ഉറപ്പാക്കാൻ തദ്ദേശ സ്ഥാപനങ്ങൾ ശ്രദ്ധചെലുത്തണം. സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലായി 1000 കോടിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയുടെ പ്രവർത്തനം ഉടൻ ആരംഭിച്ച് 2025 ഏപ്രിലോടെ പൂർത്തീകരിക്കും.



മന്ത്രിയുടെ അധ്യക്ഷതയിൽ നടത്തിയ ജില്ലാതല അദാലത്തിലെ പരാതി പരിഹാരവും യോഗത്തിൽ അവലോകനം ചെയ്തു. എസ്ടിപി, എഫ് എസ് ടി പി നിർമ്മാണ പുരോഗതിയും യോഗം വിലയിരുത്തി. അണ്ടർ ഗ്രൗണ്ട് എസ്ടിപി പോലെയുള്ള സാധ്യതകൾ തേടാനും മന്ത്രി നിർദേശിച്ചു. മാലിന്യമുക്ത നവകേരളം, അതിദാരിദ്ര്യനിർമ്മാർജനം, ലൈഫ് ഭവന നിർമ്മാണം, പാലിയേറ്റീവ് കെയർ, ഡിജികേരളം തുടങ്ങിയ പ്രവർത്തനങ്ങൾ വിലയിരുത്താനായിരുന്നു യോഗം. തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി വി അനുപമ, പ്രിൻസിപ്പൽ ഡയറക്ടർ സീറാം സാംബശിവ റാവു, ജില്ലാ കളക്ടർ അലക്സ് വർഗീസ്, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു. വി. ജോസ്, തദ്ദേശ സ്വയം ഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീകുമാർ, തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷൻമാർ, സെക്രട്ടറിമാർ, തദ്ദേശ സ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. ☐

# ഡിജിറ്റൽ സാക്ഷരത കൈവരിച്ച സംസ്ഥാനമായി കേരളത്തെ മാറ്റുക ലക്ഷ്യം. മന്ത്രി എം.ബി. രാജേഷ്



ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സാക്ഷരത കൈവരിച്ച സംസ്ഥാനമാക്കി കേരളത്തെ മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു.

തിരുവാണിയൂർ ഗ്രാമപഞ്ചായത്ത് മിനി സിവിൽ സ്റ്റേഷന്റെ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു മന്ത്രി. 350 ലക്ഷം രൂപ ചെലവിട്ടാണ് കെട്ടിടം പൂർത്തീകരിക്കുന്നത്. ജനങ്ങൾ ദൈനംദിനം ആശ്രയിക്കേണ്ടി വരുന്ന എല്ലാ സർക്കാർ ഓഫീസുകളും ഒരു കുടക്കീഴിൽ വരുന്നത് പൊതുജനങ്ങൾക്ക് ഏറെ ആശ്വാസകരമാകും. സേവനം ഔദാര്യമല്ല മറിച്ച് അവകാശമാണ്. ജനങ്ങൾക്ക് സർക്കാർ ഓഫീസുകളിൽ എത്താതെ തന്നെ അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന രീതിയിലുള്ള മികച്ച സംവിധാനങ്ങൾ ഒരുക്കാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ തലത്തിൽ നടക്കുന്നത് .തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള മുഴുവൻ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്ന കെ-സ്മാർട്ട് പദ്ധതി പ്രാവർത്തികമായി കഴിഞ്ഞു. നിലവിൽ മുനിസിപ്പാലിറ്റികളിൽ കെ-സ്മാർട്ട് വഴിയുള്ള സേവനം ലഭ്യമാകുന്നുണ്ട്. ഏപ്രിൽ ഒന്ന് മുതൽ കെ-സ്മാർട്ടിന്റെ സേവന ഫലങ്ങൾ ഗ്രാമപഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഇതോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങൾ സമയബന്ധിതമായി ഓഫീസുകളിൽ പോകാതെ തന്നെ പൊതുജനങ്ങൾക്ക് ലഭ്യമാവും. കെ- സ്മാർട്ട് ആപ്ലിക്കേഷനിലൂടെ സേവനങ്ങൾക്കായുള്ള അപേക്ഷകളും പരാതികളും ഓൺലൈനായി സമർപ്പിക്കാനും അവയുടെ സ്റ്റാറ്റസ് ഓൺലൈനായി തന്നെ അറിയാനും സാധിക്കും. കെ-സ്മാർട്ട് മൊബൈൽ ആപ്പ് ഉപയോഗിക്കുന്നതിന് സർവ്വേ നടത്തി ഡിജിറ്റൽ സാക്ഷരരല്ലാത്തവർക്ക് തദ്ദേശ സ്ഥാപനങ്ങൾ വഴി പരിശീലനം നൽകി വരുന്നുണ്ട്.

മാലിന്യമുക്ത കേരളം സാധ്യമാക്കാൻ ഊർജിതമായ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ ശക്തമായ ഇടപെടൽ ഉണ്ടാകും. അലക്ഷ്യമായി മാലിന്യം വലിച്ചെറിയുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾ വഴി കൃത്യമായി പിഴ ഈടാക്കും. അതിദരിദ്രരില്ലാത്ത കേരളം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ ഏറെ കാര്യക്ഷമമായാണ് നടക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

ശ്രീനിജിൻ എം.എൽ.എ. അധ്യക്ഷനായ ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് സി.ആർ. പ്രകാശ്, ജില്ലാ പഞ്ചായത്ത് അംഗം ലിസി അലക്സ്, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷീജ വിശ്വനാഥൻ, ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് കെ.ജെ ജോയ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ. വി സനീഷ്, എൽ എസ് ജി ഡി ജോയിന്റ് ഡയറക്ടർ കെ.കെ. ജോയ്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ സിന്ധു കൃഷ്ണകുമാർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. ☐



# ഇ- ഗവേണൻസിൽ വിപ്ലവകരമായ കുതിപ്പ്; കരകുളം ഗ്രാമപഞ്ചായത്തിൽ കെ-സ്മാർട്ടിന് തുടക്കം



ഇ-ഗവേണൻസിൽ സമാനതകളില്ലാത്ത മുന്നേറ്റത്തിന് തുടക്കമിട്ട് തദ്ദേശസ്വയംഭരണ വകുപ്പ്, ത്രിതല പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന കെ-സ്മാർട്ട് സോഫ്റ്റ് വെയർ ആപ്ലിക്കേഷന്റെ ഉദ്ഘാടനം കരകുളം പഞ്ചായത്തിൽ നടന്നു. കരകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് യു.ലേഖ റാണി പഞ്ചായത്തിലെ കെ-സ്മാർട്ട് പ്രവർത്തനങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചു.

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, കരകുളം പഞ്ചായത്ത്, എന്നിവിടങ്ങളിലാണ് കെ-സ്മാർട്ടിന്റെ പൈലറ്റ് റൺ നടപ്പിലാക്കുന്നത്. ഏപ്രിൽ മുതൽ കെ-സ്മാർട്ട് മറ്റ് ത്രിതല പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കും. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ പൂർണമായും ഡിജിറ്റൽവൽക്കരിക്കുന്നതിന്റെ ഭാഗമായി ഇൻഫർമേഷൻ കേരള മിഷനുമായി സഹകരിച്ചാണ് കെ-സ്മാർട്ട് സോഫ്റ്റ് വെയർ വികസിപ്പിച്ചത്. നഗരസഭകളിൽ കഴിഞ്ഞ വർഷം മുതൽ കെ-സ്മാർട്ട് നടപ്പിലാക്കിയത് വിജയമായിരുന്നു,

സിവിൽ രജിസ്ട്രേഷൻ, പ്രോപ്പർട്ടി ടാക്സ്, പബ്ലിക് ഗ്രീവൻസ്, മീറ്റിംഗ് മാനേജ്മെന്റ്, ബിസിനസ് ഫെസിലിറ്റേഷൻ, വാടക/പാട്ടം, പ്രൊഫഷണൽ ടാക്സ്, പാരാമെഡിക്കൽ ട്യൂട്ടോറിയൽ രജിസ്ട്രേഷൻ, പെറ്റ് ലൈസൻസ്, പ്ലാൻ ഡെവലപ്മെന്റ്, സേവന പെൻഷൻ, ഡിജിറ്റൽ ഫയൽ മാനേജ്മെന്റ്, കോൺഫിഗറേഷൻ മൊഡ്യൂൾ, നോ യുവർ ലാൻഡ്, മൊബൈൽ ആപ്പ് എന്നീ സേവനങ്ങളോടെയാണ് കെ-സ്മാർട്ട് ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്നത്.

ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ ഐഎൽജിഎംഎസ് സംവിധാനമുള്ളതിനാൽ കെ-സ്മാർട്ടിലേക്കുള്ള മാറ്റം എളുപ്പമാകും. പൊതുജനങ്ങൾക്ക് എളുപ്പത്തിൽ സേവനം നൽകുക എന്നതിനൊപ്പം, ജീവനക്കാരുടെ ജോലിഭാരം വൻതോതിൽ കുറയ്ക്കാനും കെ-സ്മാർട്ടിന് കഴിയും.

ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സുനിൽ കുമാർ ടി.എ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. സെക്രട്ടറി സജികുമാർ ബി, ഇൻഫർമേഷൻ കേരള മിഷൻ ഡയറക്ടർ ഡോ.സന്തോഷ് ബാബു, ജോയിന്റ് ഡയറക്ടർ ടിമ്പിൾ മാഗി, ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) ഡോ.നൗഫൽ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു. □

# പ്രധാന ഉത്തരവുകൾ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദരിദ്ര കുടുംബത്തിന്റെ ലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ വിദ്യാർത്ഥികൾക്ക് പഠനമുറിക്ക് ധനസഹായം നൽകാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2564/2024/LSGD തീയതി,തിരുവനന്തപുരം, 30-12-2024

---

പരാമർശം:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. സ.ഉ.(സാധാ)നം.738/2023/തസ്വഭവ; തീയതി 28.03.2023
3. സ.ഉ.(സാധാ)നം.1877/2023/തസ്വഭവ; തീയതി 21.09.2023
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ 05.12.2024 ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം. 3.7

**<u>ഉത്തരവ്</u>**

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറിക്ക് ധനസഹായം നൽകാൻ പരാമർശം 1 മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച പരാമർശം 1 ഉത്തരവിന്റെ ഖണ്ഡിക 7.2.13, പരാമർശം 2, 3 ഉത്തരവുകൾ പ്രകാരം പരിഷ്കരിച്ചിട്ടുമുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കൊപ്പം, അർഹരായ വിദ്യാർത്ഥികൾ ഉള്ള അതിദരിദ്ര കുടുംബത്തിന്റെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കും പഠനമുറിക്ക് ധനസഹായം നൽകാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. പരാമർശം 1 മാർഗ്ഗരേഖയിലെയും, പരാമർശം 2, 3 ഉത്തരവുകളിലെയും മറ്റു മാനദണ്ഡങ്ങളും വ്യവസ്ഥകളും പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - സ്ത്രീകൾ മാത്രമുള്ള സ്വയംതൊഴിൽ ഗ്രൂപ്പിന് നൽകുന്ന നിരക്കിൽ ട്രാൻസ്ജെൻഡർ ഗ്രൂപ്പ് സംരംഭത്തിനും സബ്സിഡി നൽകാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2563/2024/LSGD തീയതി,തിരുവനന്തപുരം, 30-12-2024

---

പരാമർശം:- 1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024-ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം. 3.4

**<u>ഉത്തരവ്</u>**

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച പരാമർശിത മാർഗ്ഗരേഖ ഖണ്ഡിക 6.5.2 (എ)(4) പ്രകാരം സ്ത്രീകൾ മാത്രമുള്ള സ്വയംതൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾക്ക് സബ്സിഡി/ ധനസഹായം നൽകാൻ അനുമതി നൽകിയിട്ടുണ്ട്. യൂണിറ്റ് ചെലവിന്റെ 75 ശതമാനമാണ് (പരമാവധി 3.75 ലക്ഷം രൂപ) സഹായമായി നൽകാവുന്നത്.

2. ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവരുടെ മാത്രം സ്വയംതൊഴിൽ ഗ്രൂപ്പുകൾക്കും മേൽ ഖണ്ഡികയിൽ പ്രതിപാദിച്ച നിരക്കിൽ സബ്സിഡി നൽകാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. പരാമർശിത മാർഗ്ഗരേഖയിലെ മറ്റ് മാനദണ്ഡങ്ങൾ ബാധകമായിരിക്കുന്നതാണ്. ഇപ്രകാരം പരാമർശിത മാർഗ്ഗരേഖയിൽ കൂട്ടിച്ചേർക്കൽ വരുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വർഷങ്ങളായി കൈവശം വച്ച് താമസിച്ചുവരുന്നതും എന്നാൽ പട്ടയം ലഭിച്ചിട്ടില്ലാത്തതുമായ ഭൂമിയിൽ താമസിക്കുന്നവർക്ക് കൃഷി മേഖലയിലും അനുബന്ധമേഖലയിലും ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2560/2024/LSGD തീയതി,തിരുവനന്തപുരം, 30-12-2024

---

പരാമർശം:-

1. കൊറ്റനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.01.2021ലെ A4-379/2021 നമ്പർ കത്ത്.
2. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
3. ബഹു. മന്ത്രി 10.09.2024-ന് പത്തനംതിട്ടയിൽ നടത്തിയ ജില്ലാതല തദ്ദേശ അദാലത്തിൽ ശ്രീ. രാജേഷ് ഡി. നായർ നൽകിയ കത്ത്.
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024-നു നടന്ന യോഗത്തിന്റെ തീരുമാനം 3.11

**ഉത്തരവ്**

വർഷങ്ങളായി കൈവശം വച്ച് താമസിച്ചുവരുന്നതും എന്നാൽ ഇതുവരെ പട്ടയം ലഭിച്ചിട്ടില്ലാത്തതുമായ ഭൂമിയിൽ താമസിക്കുന്നവർക്ക്, കൃഷി മേഖലയിലും അനുബന്ധമേഖലയായ മൃഗസംരക്ഷണമടക്കമുള്ള മേഖലകളിലും താൽക്കാലിക സ്വഭാവമുള്ളതും എടുത്തു മാറ്റാവുന്നതുമായ നിർമ്മാണങ്ങൾ, കാലിത്തൊഴുത്ത്, പൗൾട്രി ഫാം തുടങ്ങിയവയ്ക്ക് ധനസഹായം നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു. ഇതിനുള്ള യൂണിറ്റ് നിരക്ക് ജില്ലാതലത്തിൽ നിശ്ചയിക്കണം. പൊതു വിഭാഗത്തിന് 50 ശതമാനവും പട്ടികജാതി വിഭാഗത്തിന് 75 ശതമാനവും പട്ടികവർഗ്ഗ വിഭാഗത്തിന് 100 ശതമാനവും സബ്സിഡി നൽകാവുന്നതാണ്. കാലിത്തൊഴുത്തും ഷെഡും നിർമ്മിക്കുന്നതിന് MGNREGS വിഹിതം പരമാവധി ഉപയോഗിക്കണം. MGNREGS വിഹിതം ഉപയോഗിക്കാൻ കഴിയില്ലെങ്കിൽ മാത്രമേ മറ്റു വിഹിതം ഉപയോഗിക്കാവൂ.

2. ഒപ്പം, നിലവിലെ വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് നിർദ്ദേശിച്ചിരിക്കുന്ന മറ്റു രേഖകളുടെ അടിസ്ഥാനത്തിൽ വീട് നിർമ്മിക്കുന്നതടക്കമുള്ളവയ്ക്ക് ധനസഹായം നൽകുന്നത് തുടരാവുന്നതാണെന്നും വ്യക്തത വരുത്തുന്നു.

3. മുകളിൽപറഞ്ഞവയ്ക്കുള്ള വ്യക്തിഗത പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിനും നഗരസഭകൾക്കുമാണ് ഏറ്റെടുക്കാവുന്നത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - രാത്രികാലങ്ങളിൽ തെരുവുകളിൽ ഉറങ്ങുന്നവർക്കായി ഷെൽറ്റർ നിർമ്മിക്കുന്നതിന് പ്രോജക്ട് ഏറ്റെടുക്കാൻ മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.11/2025/LSGD തീയതി,തിരുവനന്തപുരം, 01-01-2025

പരാമർശം:- 1. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024-ന്റെ നടന്ന യോഗത്തിന്റെ തീരുമാനം 3.1

**<u>ഉത്തരവ്</u>**

രാത്രികാലങ്ങളിൽ തെരുവുകളിൽ പാതയോരത്തും കടയുടെ വരാന്തകളിലും മറ്റും ഉറങ്ങുന്നവർക്കായി ഓരോ കോർപ്പറേഷൻ പ്രദേശത്തും ഷെൽറ്റർ നിർമ്മിക്കാൻ പ്രോജക്ട് ഏറ്റെടുക്കുന്നതിന്, പരാമർശം 2 ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. ഒപ്പം നഗരപ്രദേശങ്ങളിലും കോർപ്പറേഷൻ പ്രദേശങ്ങളിലും അലഞ്ഞു തിരിയുന്നവരുടെ കണക്കെടുക്കാൻ ബന്ധപ്പെട്ട നഗരസഭകൾ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

മാലിന്യം നിക്ഷേപിക്കുന്ന
ഫോട്ടോ എടുത്താൽ പൈസ കിട്ടും

ശുചിത്വ മിഷൻ

# ഫോട്ടോ എടുക്കാൻ ഞങ്ങൾ പഠിപ്പിക്കാം

കേരളം
രാജ്യത്തെ
ആദ്യ സമ്പൂർണ ഡിജിറ്റൽ
സാക്ഷരതാ സംസ്ഥാന
പദവിയിലേക്ക്....

## ഡിജി കേരളം




കേരള സർക്കാർ

LSGD

തദ്ദേശ സ്വയംഭരണ വകുപ്പ്,
കേരള സർക്കാർ

ഡിജി കേരളം പദ്ധതിയിൽ ഡിജി വോളണ്ടിയർ ആവാൻ സന്നദ്ധതയുള്ള ഏതൊരു വ്യക്തിക്കും

https://digikeralam.lsgkerala.gov.in/

എന്ന ലിങ്ക് വഴിയോ അല്ലെങ്കിൽ
QR കോഡ് വഴിയോ രജിസ്റ്റർ ചെയ്യാവുന്നതാണ്

**THADDESAKAM** (Monthly) February 2025
₹ **30** Annual Subscription ₹ 360, Published on February 2025

RNI. No: KERML/2023/89208
Press Registrar General of India Dated 16/10/2024




തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള സർക്കാർ

Printed & published and Owned by Seeram Sambasiva Rao I A S, Principal Director, Directorate of Local Self Government Department of Kerala, Printed at Gramalekshmi Mudralayam, Kalliyoor, Thiruvananthapuram
Published from Principal Directorate, Swaraj Bhavan, Nandancode, Kowdiar P.O., Thiruvananthapuram, Kerala 695 003, Editor: Deepa K.